
ജൂലൈ 2017

# ഐക്യദീപം

Since 1976 വില ₹ 10



## മാർ ഈവാനിയോസിന്റെ പ്രേഷിത ദർശനം



### പ്രേഷിതവയലിൽ

മോൺ. ചെറിയാൻ താഴമൺ



### ഇനിയെത്രനാൾ

രാജീവ് ആലുങ്കൽ



### കുടുംബത്തിൽ പിറന്ന പെണ്ണാകാൻ..?

അരുൺ എഴുത്തച്ഛൻ


“പാവപ്പെട്ടവർക്ക് താങ്ങാവുന്ന വിലയ്ക്കുള്ള മരുന്നുകൾ ലഭ്യമാകണം. മരുന്നുകൾ കിട്ടാതെ പാവപ്പെട്ടവരുടെ ജീവൻ നഷ്ടമാകാൻ ഇടയാകരുത്…. അതിനുവേണ്ടിയാണ് രാജ്യത്തുടനീളം ജൻഔഷധി കേന്ദ്രങ്ങൾ പദ്ധതിയിട്ടിരിക്കുന്നത്.”
प्रधानमंत्री भारतीय जन औषधि परियोजना
ജൻ ഔഷധി ഗുണമേന്മയുടെ മുഖമുദ്ര
പ്രധാന മന്ത്രി
ഭാരതീയ ജൻ ഔഷധി കേന്ദ്രം
ബോധനയിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.
QUALITY ASSURED
NABL TESTED
WHO GMP · PSU · CGMP
SOCIAL TRANSFORMATION THROUGH PARTICIPATION & EMPOWERMENT
തിരുവല്ല സോഷ്യൽ സർവ്വീസ് സൊസൈറ്റി
ബോധന
പുഷ്പഗിരി റോഡ്, തുകലശ്ശേരി, തിരുവല്ല – 1
Ph: 0469 2730561, 2606063,
e-mail : bodhanatiruvalla@gmail.com,
web: www.bodhanatiruvalla.org
എല്ലാവർക്കും താങ്ങാവുന്ന മിതമായ വില
വില 50% അഥവാ അതിൽ കുറവിൽ
ഉത്തമ മരുന്ന് കുറഞ്ഞ വില
ആരോഗ്യ ഭാരതത്തിന്റെ തിരിച്ചറിവ്

# ഐക്യദീപം

ജൂലൈ 2017

പുസ്തകം 48 ലക്കം 7

രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. തോമസ് മാർ
കൂറിലോസ് മെത്രാപ്പോലീത്താ

സഹ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. ഫീലിപ്പോസ്
മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ

ചീഫ് എഡിറ്റർ
റവ. ഡോ. ഏബ്രഹാം ഇരുമ്പിനിക്കൽ

പ്രസാധകൻ
തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്ക്കോപ്പാ

മാർക്കറ്റിംഗ് മാനേജർ
രഞ്ജു ഇരവിപേരൂർ

മാർക്കറ്റിംഗ് & സർക്കുലേഷൻ കോ-ഓർഡിനേറ്റർ
ജോയിസാം കോട്ടൂർ

ഓഫീസ് സെക്രട്ടറി
ബ്രദർ ജോൺ പുറത്തൂട്ട്

ഓഫീസ് സ്റ്റാഫ്
ചിന്നു എൽസ ഐസക്


## ഉള്ളടക്കം



07
**പ്രേഷിതവയലിൽ**
മോൺ. ചെറിയാൻ താഴമൺ



**ദൈവസേവനത്തേക്കാൾ അത്യുത്തമം ദൈവസമ്പാദനം** 09
റവ. ഫാ. ജോൺ ബർക്കുമെൻസ് OIC



**ഇനിയെത്രനാൾ** 08
രാജീവ് ആലുങ്കൽ



**അലസരായിരിക്കുവാൻ നിങ്ങൾക്ക് എന്താണ് അവകാശം** 19
ബിനു ഏബ്രഹാം



22
**അർത്ഥവത്തായ മാതൃത്വം**
ഡോ. ജിനു എജി പാറപ്പാട്ട്



**കുടുംബത്തിൽ പിറന്ന പെണ്ണാകാൻ** 43
അരുൺ എഴുത്തച്ഛൻ



**ആത്മീയ വിദ്യാഭ്യാസം** 24
ജോയി കല്ലുങ്കൽ

**Annual Subscription ₹ 120.00**
**Single Copy ₹ 10.00**
**Overseas: $40.00 or ₹ 2750**

**Bank Details :**
**Chief Editor, Aikyadeepam**
**Andhra Bank, Tiruvalla 689 101**
**A/c No. 110110100023901**
**IFSC. ANDB0001101**
**SWIFT CODE: ANDBINBB**

**Printing at:**
**Viani Press, Ernakulam**

**Designed by :**
**Prasad P. S.**
**Greeshma Designs, Kottayam**
**Ph: 9447304348**
**gdesignktm@gmail.com**

All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly, Theological and Catechetical Centre, Sameeksha, Kulakkad, Tiruvalla-1. Phone: 0469-2600626
E-mail: aikyadeepamtvla@gmail.com

എഡിറ്റോറിയൽ



editorial

# മാർ ഈവാനിയോസ് പ്രേഷിതപ്രവർത്തനത്തിന്റെ ദേശീയമുഖം


"എല്ലാ ജനതകളോടും സുവിശേഷം പ്രഘോഷിക്കുക, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമ്മോദീസ നല്കുക, നിങ്ങളോട് കല്പിച്ചവ പാലിക്കാൻ പഠിപ്പിക്കുക" (വി. മത്തായി 28 : 19–20). യേശുക്രിസ്തുവിന്റെ വാക്കുകൾ തന്നെയാണ് പ്രേഷിതപ്രവർത്തനത്തിന്റെ അടിസ്ഥാനം. വചനം മാംസമായ യേശുക്രിസ്തുവിലൂടെയാണ് ലോകരക്ഷ സാധ്യമാകുന്നത്. അതിനാൽ തന്നെ സഭയുടെ പ്രധാന ചുമതല ക്രിസ്തുവിനെ എല്ലായിടത്തും പ്രഘോഷിക്കുക എന്നതുതന്നെ. ക്രിസ്തുവിനെ അനുഗമിക്കുന്ന ഓരോ വ്യക്തിയും ഈ സന്ദേശം സ്വന്തജീവിതത്തിൽ പാലിക്കണം. ഉപവി പ്രവർത്തനങ്ങൾ അതിനുള്ള ഏറ്റവും വ്യക്തമായ മാർഗ്ഗമാണ്. പ്രേഷിതപ്രവർത്തനത്തിന്റെ വ്യക്തമായ ലക്ഷ്യം സുവിശേഷവൽക്കരണമാണ് (Ad Gentes, no.6). മനുഷ്യവിമോചനം സാധ്യമാകുന്നത് മനുഷ്യന്റെ യഥാർത്ഥ അർത്ഥം മനസ്സിലാക്കുമ്പോഴാണ്. ക്രിസ്തുവിലാണ് ഇത് പൂർണ്ണമായി മനസ്സിലാക്കാൻ കഴിയുന്നത്. ത്രിത്വത്തിന്റെ പ്രേഷിതദൗത്യമാണ് സഭയുടെ പ്രവർത്തനത്തിനാധാരം. പിതാവിനാൽ അയക്കപ്പെടുന്ന പുത്രന്റെ ദൃശ്യമായ ദൗത്യം, പിതാവിനാലും പുത്രനാലും അയക്കപ്പെടുന്ന പരിശുദ്ധാത്മാവിന്റെ അദൃശ്യമായ ദൗത്യം, പിന്നീട് എല്ലാ ജനതകളിലേക്കും ശിഷ്യന്മാരെ അയക്കുന്ന യേശുക്രിസ്തു നല്കുന്ന നിർദ്ദേശങ്ങൾ. അപ്പസ്തോലന്മാരുടെ പിൻതുടർച്ചക്കാരിലൂടെ തുടരുന്ന ഈ പ്രേഷിതപ്രവർത്തനത്തിൽ ഇന്നു നാം കാണുന്നതും ഇതേ ദൗത്യം തന്നെ. ക്രിസ്തുവിനാൽ വിളിക്കപ്പെടുന്നവർ, അയക്കപ്പെടുന്ന (missio (latin) - a sending) വ്യത്യസ്തമായ പ്രേഷിതദൗത്യം സഭയ്ക്കുണ്ട്.

1. അജപാലനപരമായ പ്രേഷിതദൗത്യം – സഭയുടെ അംഗങ്ങളെ പരിപാലിക്കുന്നു.
2. ലോകത്തിന്റെ അതിർത്തികളോളം – ഇരുളടഞ്ഞ ഇടങ്ങളിൽ, ലോകങ്ങളിൽ സുവിശേഷ ദീപ്തി പരത്തുക.
3. ലോക പരിവർത്തനത്തിന്റെ ദൗത്യം – സജീവമായ ഇടപെടലുകളിലൂടെ ക്രിയാത്മകമായി ലോകത്തിൽ പ്രവർത്തിക്കുക.
4. സുവിശേഷവൽക്കരണം – സഭയുടെ സജീവത നഷ്ടമായ ഇടങ്ങൾ കണ്ടെത്തി, അവിടെ ക്രിസ്തുവിനെ പുനഃപ്രതിഷ്ഠിക്കുക.

മാർ ഈവാനിയോസ് എന്ന കർമ്മയോഗിയുടെ മാതൃക ഈ അവസരത്തിൽ പ്രസക്തമാണ്. സത്യസഭയിലേക്കുള്ള മടങ്ങിവരവ്, സാർവ്വത്രിക സഭയുടെ ചൈതന്യം ഇവിടുത്തെ പരമ്പരാഗത സഭാസമൂഹത്തിനു മടക്കി നല്കാൻ കാണിച്ച ധൈര്യം, കത്തോലിക്കാ സഭയുടെ അംഗമെന്ന നിലയിൽ പ്രേഷിതപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ഇന്നും നാം തുടരുന്ന പ്രേഷിതപ്രവർത്തനങ്ങളുടെ എല്ലാം ആധാരശില ദൈവദാസൻ മാർ ഈവാനിയോസ് ആണെന്ന് ചിന്തിക്കാൻ, അദ്ദേഹത്തെ പ്രത്യേകമായി സ്മരിക്കുന്ന ജൂലൈ മാസം ഐക്യദീപം വായനക്കാരെ സഹായിക്കുന്നു. വി.ലൂക്കോസിന്റെ സുവിശേഷം 4:18–19 വാക്യങ്ങൾ ഏറെ ചിന്തനീയമാണ്. മാർ ഈവാനിയോസിന്റെ പ്രേഷിതപ്രവർത്തനങ്ങളെ ഓർമ്മിക്കുമ്പോൾ ചില ആചാരാനുഷ്ഠാനങ്ങളിലേക്ക് മാത്രമായി പരിമിതപ്പെട്ട് ക്രിസ്തുവിനെ നഷ്ടമാക്കുന്ന സംവിധാനപരതയുടെ സംഘടിത രൂപമായി സഭയെ കാണാൻ ആഗ്രഹിക്കാതെ, ക്രിസ്തുവിനെ എല്ലാവരുടെയും ജീവിതത്തിലേക്ക് പടർത്താൻ മാർ ഈവാനിയോസ് എന്ന പ്രവാചകൻ ആഗ്രഹിച്ചു. ഇതു തന്നെയാണ് പ്രേഷിതപ്രവർത്തനത്തിനുള്ള ഏറ്റം ശക്തമായ ഉദാഹരണം.

**ഫാ. ഏബ്രഹാം ഇരിമ്പിനിക്കൽ**
ചീഫ് എഡിറ്റർ

# കാലത്തിന്റെ സൂചനയും വികസനത്തിന്റെ ജാഗ്രതയും



ഇടയശബ്ദം

മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്

ഒരു സഹോദര വൈദികൻ പങ്കുവച്ച കാര്യം പറഞ്ഞു കൊണ്ട് തുടങ്ങട്ടെ:

"ഇന്നെന്തൊക്കെയാണാവോ കാണാനും കേൾക്കാനും പോവുക എന്ന ചിന്തയോടെയാണ് ഓരോ പ്രഭാതത്തിലും എഴുന്നേൽക്കുക. ഏറെ ഭീതിയോടെയാണ് ഓരോ ദിവസവും കടന്നു വരിക". പൊതുവെയുള്ള ഒരു വികാരമാണിതെങ്കിൽ, ജനാധിപത്യവും നിയമവ്യവസ്ഥിതിയും ഏറെ പരിതാപകരമായ അവസ്ഥയിലാണെന്നല്ലേ മനസിലാക്കേണ്ടത് ?. ഈ അടുത്തനാളുകളിലായി പൊതുജനം പൊതുവേ അരക്ഷിതാവസ്ഥയിലാണ്. നോട്ടു പിൻവലിച്ചതു തുടങ്ങി ജി.എസ്.റ്റി സംവിധാനം വരെയുള്ള കാര്യങ്ങൾ; ഡെങ്കിപനിയും, എച്ച്1 എൻ1 പനികളും മറ്റും സംസ്ഥാനത്ത് ഭീതിജനകമാംവിധം പടരുന്നു. കൊലപാതകങ്ങളുടെ കണക്കുകൾ, സ്ത്രീപീഡനക്കേസുകൾ, കർഷകസമരങ്ങളും ആത്മഹത്യകളും, ഇടവപാതിയിൽ– ജൂൺ അവസാനമാകുമ്പോൾ പോലും കിണറുകൾ വറ്റിവരണ്ടിരിക്കുന്ന കാലാവസ്ഥാവ്യതിയാനം, യേശുക്രിസ്തുവിനെതിരെയും ക്രൈസ്തവരെ ലക്ഷ്യമാക്കിയും നടക്കുന്ന പീഡനങ്ങൾ, രാജ്യത്തിന്റെ തലസ്ഥാന നഗരിയിലും ജനാധിവാസ കേന്ദ്രങ്ങളിലും നടക്കുന്ന ചാവേർ ആക്രമണങ്ങൾ...... ഇവയുടെ നടുവിൽ മേലുദ്ധരിച്ച ഭയം പൊതുസമൂഹത്തെ പിടിച്ചുകുലുക്കുന്നു എന്ന് അറിയുമ്പോൾ, അധികാരകേന്ദ്രങ്ങളും ജനപ്രതിനിധികളും, മതനേതാക്കളും, പൊതുസമൂഹം മുഴുവനും അതിന്റെ കടമ നിർവ്വഹിക്കുവാൻ പ്രതിജ്ഞാബദ്ധരാക്കേണ്ടതുണ്ട്.

ഭൂരിപക്ഷം പറയുന്നതാണ് ശരി എന്ന് വരികയും, നിയമം കൈയ്യിലെടുക്കുവാൻ തുടങ്ങുകയും ചെയ്യുമ്പോൾ സംഘർഷങ്ങളും അസമത്വങ്ങളും അസമാധാനവും സമൂഹത്തെ ഭരിക്കും. ഭരണാധികാരികൾ പൊതുസമൂഹത്തിനു നൽകേണ്ട സന്ദേശങ്ങളുണ്ട്. ജനാധിപത്യ വ്യവസ്ഥിതിയിൽ വോട്ടിന്റെ എണ്ണമാണ് പ്രധാനം എന്നത് ശരിതന്നെ. എന്നാൽ അത് മതത്തിന്റെയോ ജാതിയുടെയോ വർണ്ണത്തിന്റെയോ പേരിലായിമാറിയാൽ ഭാരതത്തിന്റെ സവിശേഷമായ ചരിത്രത്തിനും ആദ്ധ്യാത്മിക പൗരാണികതയ്ക്കും വലിയ അപമാനവും പരാജയവുമായിരിക്കും ഫലം.

ക്രൈസ്തവസമൂഹം അതിന്റെ ആരംഭം മുതൽ ഈ മണ്ണിനെ സ്നേഹിക്കുകയും, നാടിന്റെ വളർച്ചയ്ക്ക് സർവ്വവിധമായ നേതൃത്വം നൽകിയിട്ടുള്ളതുമാണ്. വിദ്യാഭ്യാസമെന്ന വലിയ ശുശ്രൂഷയിലൂടെ അക്ഷരവെളിച്ചം പകരുവാനും അതുവഴി സമത്വചിന്ത ശക്തമാക്കുവാനും ക്രൈസ്തവ



സഭയ്ക്ക് കഴിഞ്ഞു. പാവപ്പെട്ടവർക്കും അവശത അനുഭവിക്കുന്ന വിഭാഗത്തിലുള്ളവർക്കും സമത്വപാതയിലുള്ള സഞ്ചാരം സാധ്യമാക്കി. നമ്മുടെ സായാഹ്ന ചാനൽ ചർച്ചകളിൽ പങ്കെടുക്കുന്നവരിൽ ബഹുഭൂരിപക്ഷവും ക്രൈസ്തവസഭകളും മിഷണറിമാരും ചെയ്ത ഈടുറ്റ സംഭാവനകളെ തമസ്കരിച്ചു കാണിക്കുകയാണെന്ന് സങ്കടത്തോടെ പറയേണ്ടിവരുന്നു. മറ്റൊരു സമൂഹത്തിനും അവകാശപ്പെടാൻ കഴിയാത്തത്ര സംഭാവനകൾ ക്രൈസ്തവസഭകൾ നിർവ്വഹിച്ചത് പുതുതലമുറ അറിയുന്നില്ല. അറിഞ്ഞാലും അതു സവിശേഷമായി കാണുന്നില്ല. ഭൂതകാലം പാടേ മറന്ന്, ചരിത്രനിരാസം നടത്തി വർത്തമാനകാലമാണെല്ലാം എന്ന് തെറ്റിദ്ധരിപ്പിക്കുന്നു.



ഇത്തരുണത്തിൽ പുണ്യശ്ലോകനായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ ഓർക്കുന്നു. ജൂലൈ 15 ന് മാർ ഇവാനിയോസ് ദിനം ഒരിക്കൽക്കൂടി കടന്നുവരുന്നു. ഭാരതന്യുമാൻ എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന മലങ്കരയിലെ ഈ സൂര്യതേജസ് ആ കാലഘട്ടത്തിൽ മുമ്പോട്ടു വച്ചിട്ടുള്ള ആശയങ്ങളും ദർശനങ്ങളും തന്റെ ജീവിതചര്യകളും എന്നും അത്ഭുതത്തോടെ മാത്രമേ നമുക്കു കാണാൻ കഴിയൂ.

ഒരു സന്യാസി ശ്രേഷ്ഠനെന്ന നിലയിൽ ദളിത് കുടുംബങ്ങളിലെ തന്റെ സന്ദർശനവും, മൺചട്ടിയിലെ ആഹാരശീലങ്ങളും പ്രേഷിത ശുശ്രൂഷയിൽ രചിച്ച നൂതന സമീപനങ്ങളും സഭൈക്യദർശനങ്ങളുമൊക്കെ യുഗപ്രഭാവനായി വന്ദ്യപിതാവിനെ ദർശിക്കുവാൻ അന്നും ഇന്നും ഉള്ളവർക്ക് പ്രചോദനമേകുന്നു.

സഭയുടെ വിവിധ സ്ഥലങ്ങളിലെ പ്രേഷിത പ്രവർത്തനങ്ങൾ ദൈവാരൂപിയിൽ നിറഞ്ഞതാവാൻ നമുക്ക് ശ്രമം തുടരേണ്ടതുണ്ട്.

ആരോഗ്യ പരിപാലനമേഖല ഇന്ന് സജീവശ്രദ്ധ ആകർഷിക്കുന്ന ഒന്നാണ്. പരിസരങ്ങളിലുള്ള മാലിന്യവും ശ്രദ്ധയില്ലാതെ വലിച്ചെറിയപ്പെടുന്ന പാഴ്‌വസ്തുക്കളും മറ്റും ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ വർണ്ണനാതീതമാണ്. ഒട്ടുമിക്കകിണറുകളിൽ ഉള്ളതും തോടുകളിലൂടെ ഒഴുകുന്നതും മലിനജലമാണ്. വികസനത്തിന്റെപേരിൽ നികത്തപ്പെട്ട പലയിടങ്ങളിലും ജലം ഒഴുകിപ്പോകാതെ അവിടെ മാലിന്യം കുമിഞ്ഞു കൂടുന്നു. ഉത്തരവാദിത്വത്തോടെ നാം പെരുമാറുന്നില്ലെങ്കിൽ വരും കാലങ്ങളിൽ ഇന്നത്തേക്കാൾ രൂക്ഷമായ ആരോഗ്യപ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വരും. ആ മേഖലയുടെ തകർച്ച സകല വികസനത്തിനും തുരങ്കം വയ്ക്കും. ആരോഗ്യമേഖല പാടേ തകരും. മാലിന്യസംസ്കരണം - ഉറവിടങ്ങളിൽ തന്നെയുള്ള മാലിന്യസംസ്കരണം, ജലമലിനീകരണത്തിനെതിരായ പ്രവർത്തനങ്ങൾ, ജലസാക്ഷരതാ പ്രവർത്തനങ്ങൾ, നിലവിലുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണം തുടങ്ങിയവ അടിയന്തരസ്വഭാവം ഉള്ള കാര്യങ്ങൾ തന്നെ.

അമിത ലാഭേച്ഛയോടെ മനുഷ്യൻ; കർഷകനും കച്ചവടക്കാരനും പാചകക്കാരനും ഭക്ഷ്യവസ്തുക്കളുടെ മേൽ നടത്തുന്ന കീടനാശിനി പ്രയോഗം അധികൃതർ അതീവ ഗൗരവത്തോടെ ഏറ്റെടുക്കേണ്ടതുണ്ട്. സാമൂഹിക മാദ്ധ്യമങ്ങൾ ഈ മേഖലയിൽ നടത്തുന്ന ഇടപെടലുകൾ ഏറെ ശ്ലാഘനീയമാണ്. അത് മാത്രം പോരാ. തദ്ദേശ ഭരണകേന്ദ്രങ്ങൾ അടിയന്തരമായും അനിവാര്യമായും ശ്രദ്ധിക്കേണ്ട ഒരു കാര്യമാണിത്.

"പ്രകൃതിയെ സംരക്ഷിക്കു, പ്രകൃതി നിന്നെ സംരക്ഷിക്കും".

"Nature bears long with chose who wrong her. She is patient under abuse.

But when abuse has gone too for, when the time of reckoning finally comes, she is equally slow to be appeased and to turn away her wrath". (Nathaniel. H. Egleston 1882)



# പ്രേഷിതവയലിൽ



മോൺ. ചെറിയാൻ താഴമൺ

യേശുതമ്പുരാന്റെ ഐഹിക ജീവിതം ത്രിത്വകൂട്ടായ്മയുടെ സ്നേഹജീവിതത്തിലേക്ക് – പൂർണ്ണതയിലേക്ക് സർവ്വജനത്തെയും വിളിക്കുവാനായിരുന്നു. ഒപ്പം വന്നവരെയെല്ലാം ഈ ദൈവസ്നേഹത്തിന്റെ സാക്ഷ്യത്തിനായി അയയ്ക്കുകയായിരുന്നു അവന്റെ ലക്ഷ്യം. മർക്കോസ് 3:13–15 ശ്രദ്ധിച്ചാൽ കാണുവാൻ സാധിക്കും പന്ത്രണ്ടു പേരുടെ തെരഞ്ഞെടുപ്പ് "അയയ്ക്കാൻ" വേണ്ടിയായിരുന്നു. താൻ എന്തിനായി ഭൂമിയിൽ അവതരിച്ചോ അതേകാര്യം തുടരുവാ



നായി അയയ്ക്കപ്പെടുവാനായിരുന്നു. വിശുദ്ധ മത്തായി ശ്ലീഹാ രേഖപ്പെടുത്തുന്നു; (10:5) പന്ത്രണ്ടുപേരെയും യേശുനാഥൻ ഒരു പ്രത്യേക ചുമതല നല്കി അയച്ചു എന്ന്. ഉത്ഥാനശേഷം യേശുനാഥൻ ശിഷ്യഗണത്തെ സമീപിച്ച് പ്രത്യേക ദൗത്യം നല്കി. "നിങ്ങൾ പോകുവിൻ" എന്നു കല്പിച്ച് അവരെ അയയ്ക്കുന്നതായി മത്തായി 28:18–19 ൽ വ്യക്തമായി നാം വായിക്കുന്നുണ്ട്. ഇതു തന്നെ മർക്കോസ് 16:15 ൽ നാം കാണുന്നു. "അവൻ അവരോടു പറഞ്ഞു: നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ". ക്രൈസ്തവരുടെ വിളി ദൈവത്തിന്റെ പ്രത്യേക ദാനമാണ്.

"തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്കു വിളിച്ചു" എന്നാണ് അപ്പസ്തോലന്മാരുടെ വിളിയെക്കുറിച്ച് വി. മർക്കോസ് സുവിശേഷകൻ രേഖപ്പെടുത്തുന്നത് (3:13). യേശുനാഥന്റെ "ഇഷ്ട"മാണ് ക്രൈസ്തവന്റെ വിളിയുടെ അടിസ്ഥാനം. സുവിശേഷത്തിന് സാക്ഷ്യം നൽകാൻ – അയയ്ക്കപ്പെടുവാനാണ് ക്രിസ്തുനാഥൻ ഒരോ ക്രൈസ്തവനെയും വിളിക്കപ്പെട്ടിരിക്കുന്നത്. ഇതാണ് ആ വിളിയുടെ ഉദ്ദേശ്യം. ദൈവത്താൽ പ്രത്യേകം വിളിച്ച് കൂട്ടപ്പെട്ടവരുടെ കൂട്ടായ്മയായ സഭയുടെ

(ശേഷം പേജ് 13)

കവിത

# ഇനിയെത്രനാൾ



**രാജീവ് ആലുങ്കൽ**
ചെയർമാൻ
കുമാരനാശാൻ സ്മാരകസമിതി
കേരള സർക്കാർ

ഇനിയുമെത്രനാൾ നമ്മൾ ഈ ഭൂവിലൊന്നിച്ചു
കഴിയുമെന്നറിയില്ല കൂട്ടുകാരി
ഇടനെഞ്ചിലൂറുമീ സ്നേഹവും പരിഭവ-
ക്കരടും, പിണക്കവും എത്രനേരം
ഒന്നുപിണങ്ങിയാൽ പിന്നെയിണങ്ങുവാൻ
നേരമുണ്ടാകുമോ കൂട്ടുകാരി....

മിണ്ടാതെനമ്മൾ കഴിച്ചുകൂട്ടി, പല-
വല്ലായ്മയുള്ളിൽ പൊതിഞ്ഞുകെട്ടി
മുനയുള്ളവാക്കിനാൽ മുറിവേകിനാംതമ്മിൽ
അകലുന്നു സൂര്യൻ സാക്ഷിയായി....

ഉള്ളിലപ്പോഴും നനുത്തമഴച്ചാറ്റ-
ലെന്നപോൽ സ്നേഹം പൊടിഞ്ഞിരുന്നു....
ഇല്ലെന്നുതാനേ വിളിച്ചുചൊല്ലുമ്പോഴും
വല്ലാത്തൊ, രനുഭൂതിയായിരുന്നു....
നിന്നിലേയ്ക്കെത്തുമ്പോ, ളേതോപുരാതന
സൗഹൃദംതാനേ തളിർത്തിരുന്നു
എങ്കിലും ആശ്ലേഷണത്തിൻ മധുരമായ്
പെയ്യാതെ നമ്മൾ പറന്നുപോയി....!

എന്നും അഹംഭാവ മത്സരച്ചൂളയിൽ
നാം തമ്മിലങ്കം കുറിച്ചതല്ലേ
പോർവിളിച്ചെത്തിയ പോരായ്മയാകെയും
കാലം നരപ്പിച്ചിരുത്തിയില്ലേ
ഓർമ്മച്ചതുപ്പിൽ നാം തീതുപ്പിനിന്നൊരാ
പ്രായം ചികഞ്ഞെടുക്കുന്നു
ഓരോന്നുരച്ചു കൊഴുത്തൊരീ ജീവിതം
ഓടിത്തളർന്നു വീഴുന്നു....

തനുവും, തരളാവബോധങ്ങളും തളർ-
ന്നവിടെ നീ തനിയെയാകുമ്പോൾ
അരുകിലേയ്ക്കെത്തുവാ, നാവാതെ ഞാനിങ്ങു
കേവലത തന്നിലുറയുന്നു....

ഇനിയെത്രനാൾ നമ്മൾ ഈ ഭൂവിലൊന്നിച്ചു
കഴിയുമെന്നറിയില്ല കൂട്ടുകാരീ
കലഹമൊരു കലയല്ല....! സ്നേഹമൊരു കവിതയായ്
എഴുതാൻ മറന്നുനാം കൂട്ടുകാരീ...








യിലും, പുനരൈക്യ ത്തിനുശേഷം ജാഗരൂകനായ അജപാലകൻ ആയിരുന്ന പ്പോഴും ശുശ്രൂഷാനിരതനായി രുന്നു. ദൈവസേവനം ആരംഭ മാണ്. അത് ദൈവസമ്പാ ദനത്തിലേക്ക് നയിക്കണം. സേവനം പ്രവൃത്തി (action)കളാണ്. പ്രവൃത്തി

# ദൈവസേവനത്തേക്കാൾ അത്യുത്തമം ദൈവസമ്പാദനം



റവ. ഫാ. ജോൺ ബർക്കുമെൻസ് OIC

ദൈവദാസൻ മാർ ഈവാനിയോസിന്റെ ആത്മീയ ചിന്തകളിൽ ഏതാണ്ട് വിശ്വപ്രശസ്തി നേടിക്കൊണ്ടിരിക്കുന്ന ദിവ്യോക്തിയാണ് '*ദൈവസേവനത്തേക്കാൾ അത്യുത്തമം ദൈവസമ്പാദനം*' എന്നത്. അദ്ദേഹം ഇതു പറയുമ്പോൾ ദൈവസേവനത്തിന്റെ വിലകുറയ്ക്കുകയല്ല, ദൈവസമ്പാദത്തിലേക്കാണ് എല്ലാ സേവനങ്ങളും നയിക്കേണ്ടത് എന്ന പരമസത്യം ഊന്നിപ്പറയുകയാണ്. ഈ രണ്ടു ദൈവാഭിമുഖ്യങ്ങളും തമ്മിലുള്ള ബന്ധത്തിന്റെ ആഴത്തിലേയ്ക്ക് ഒന്ന് എത്തിനോക്കാൻ ശ്രമിക്കുകമാത്രമാണ് ഇവിടെ.

മാർ ഈവാനിയോസ് തിരുമേനി MD Seminary യിലും, Serampore ലും, മുണ്ടൻമല

യുടെ ലക്ഷ്യം പലതാകാം. സമ്പാദനം ഒരു വസ്തുവിന്റെ ഉടമയായി തീരുകയാണ് (Status). ദൈവമാണ് എന്നെ സൃഷ്ടിച്ചത്. അവിടുത്തെ രൂപവും ഛായയും (Image and likeness) എന്നിൽ നിക്ഷേപിച്ച് ദൈവികഅംശം എന്നിൽ കലർത്തി ആണ് എന്നെ സൃഷ്ടിച്ചത് എന്ന അവബോധം എന്നെ നയിക്കുകയും നിയന്ത്രിക്കുയും ചെയ്യുന്ന സത്യമായി മാറുന്ന താണ് ദൈവസമ്പാദനത്തിന്റെ ആരംഭം.

ദൈവസമ്പാദനത്തെ ആദ്ധ്യാത്മിക പിതാക്കന്മാർ 'ദൈവത്തോട് ചേർന്നിരിക്കുക' (to be in communication with God) എന്നാണ് വിളിക്കുക. ദൈവം മാത്രം ഒരു വിശ്വാ

സിയുടെ സമ്പാദ്യമായി മാറുക. ഒരു വിശ്വാസിയെ ദൈവം സ്വന്തമാക്കുകയാണ് ദൈവസമ്പാദനം. വേദപുസ്തത്തിൽ ദൈവത്തെ സ്വന്തമാക്കിയ അനേകരെ നാം കണ്ടുമുട്ടുന്നുണ്ട്. അബ്രഹാം, മോശ, പുതിയ നിയമത്തിൽ പരി.അമ്മ, സഭാചരിത്രത്തിൽ അനേകവിശുദ്ധർ, മലങ്കരസഭാചരിത്രത്തിൽ മാർ ഈവാനിയോസ് പിതാവ് ഇങ്ങനെ അനേകരെ, താൻ സ്വന്തമാക്കിയവരെ തന്റെ പ്രവാചകരായി ദൈവം മാറ്റുന്നു. നീ പോകുക എന്നു പറഞ്ഞ് അവരെയെല്ലാം ഓരോ ദൈവിക പദ്ധതിയുടെ നിർവ്വഹണത്തിന് നിയോഗിക്കുന്നു. ദൈവത്തെ സമ്പാദിച്ചവർ - ദൈവം സ്വന്തമാക്കിയവർ



തങ്ങൾക്കു ലഭിച്ച സ്നേഹനിയോഗങ്ങളിൽ നിന്ന് ഒരിക്കലും പിൻമാറുന്നില്ല.

അന്നത്തെ മത ഭരണകേന്ദ്രമായിരുന്ന ജറുസലേമിൽ നിന്ന് അല്പം അകലെ ബഥനി എന്നൊരു ഗ്രാമീണ വസതി. അവിടെ ചുറുചുറുക്കുള്ള രണ്ടു സഹോദരിമാർ. മൂത്തവൾ എന്നു തോന്നിക്കുന്ന മാർത്ത യേശുവിനെ സൽക്കരിക്കുന്നതിൽ ജാഗരൂകയാണ്. ദൈവസേവനത്തിന്റെ ഒരു ഉജ്ജ്വല താരമാണ് മാർത്ത. പക്ഷേ ഒരു കുറവുണ്ട്; സഹോദരി മറിയത്തെപ്പോലെ യേശുവിന്റെ പാദത്തിങ്കൽ ഇരുന്ന് തിരുവചനങ്ങൾ ശ്രവിക്കുന്നതിന് സമയം കണ്ടെത്താനാകുന്നില്ല അവൾക്ക്. മറിയം യേശുവിന്റെ തൃപ്പാദസേവയിലാണ്. അവൾ ഗുരുവിന്റെ വചനം ശ്രവിക്കുകമാത്രമാണ് ചെയ്യുക. ഉപയോഗിച്ചിരിക്കുന്ന akuein എന്ന ഗ്രീക്ക്പദത്തിന് അനുഷ്ഠിക്കുന്നതിനുവേണ്ടി ശ്രദ്ധിച്ചു കേൾക്കുക എന്നർത്ഥ വ്യാപ്തി ഉണ്ട്. ഈ പെണ്ണിന് പോയി ചേട്ടത്തിയെ ഒന്നു സഹായിച്ചുകൂടെ, അല്ലെങ്കിൽ അയൽപക്കത്തുള്ള കുഷ്ഠരോഗിയായ ശെമയോനെ (Mc 14/3) ഒന്നു ശുശ്രൂഷിക്കരുതോ എന്നൊക്കെ യൂദാസിനെപ്പോലുള്ള വിമർശകർക്ക് സാധ്യം. പക്ഷേ തിരുവചന ശ്രവണത്തോട് താരതമ്യപ്പെടുത്താവുന്ന, അതിന് പകരം വയ്ക്കാവുന്ന ഒരു ശുശ്രൂഷയും ഇല്ലെന്നുള്ളത് യാഥാർത്ഥ്യവും. തിരുവചനം ശ്രവിക്കുമ്പോൾ ദൈവമാണ് നമ്മോട് സംസാരിക്കുന്നത്. അത് ജീവൻ നല്കുന്ന വചനമായ നമ്മുടെ കർത്താവ് ഈശോ മിശിഹായുടെ വി. ഏവൻഗേലിയോൻ ആണ്. യേശുവിനെ തന്റെ മകനായി സമ്പാദിച്ച പരി.അമ്മ, ആ സമ്പാദ്യത്തെ എങ്ങനെയാണ് കാത്തു സൂക്ഷിക്കേണ്ടത് എന്ന് ഹൃദയത്തിൽ ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്ന തിരുവചനശ്രവണം തന്നെയാണ് ബഥനിയിലെ മറിയവും നടത്തുന്നത്. ആ ശ്രവണം ദൈവസമ്പാദനമാണ്. ഒരാത്മാവിന്റെ ഗാഢമായ തിരുവചനശ്രവണം ദൈവത്തെ സമ്പാദിക്കുകയാണ്. മാർത്തയുടേത് യേശുവിനുള്ള സ്നേഹശുശ്രൂഷയായിത്തന്നെ ആരംഭിച്ചതാകണം. പക്ഷേ യേശുവിനെ വിട്ടിട്ട് തന്നിലേക്കു തന്നെ മാർത്ത തിരിഞ്ഞിരിക്കയാണെന്ന് 'കർത്താവേ ശുശ്രൂഷക്കായി എന്റെ സഹോദരി എന്നെ തനിയെ വിട്ടിരിക്കുന്നത് നീ ശ്രദ്ധിക്കുന്നില്ലേ' എന്ന മാർത്തയുടെ ചോദ്യത്തിൽ വ്യക്തമാണല്ലോ. സേവനത്തിന്റെ പേരിൽ തന്നിലേക്കു തന്നെ ഒതുങ്ങിക്കൂടുന്നത്. യേശുവിനെ വിസ്മരിക്കുന്നതിനുള്ള സാദ്ധ്യതയും പ്രവണതയും ശക്തമാണ്. മറിയം യേശുവിന്റെ വചനം ശ്രവിച്ച് അവനിൽ നിർലീനയാകുന്നു. ഈ നിർലീനതയാണ് മറിയത്തിന്റെ വലിപ്പം.

സുവിശേഷത്തിൽ യേശുവിനെയും അവനോടൊപ്പം 12 പേരെയും ശുശ്രൂഷിച്ചിരുന്ന സ്ത്രീകളെപ്പറ്റി പറയുന്നുണ്ട്. (Lc 8/13). അവരുടെ ശുശ്രൂഷാഭാവം വളർച്ച നേടുന്നതും നാം സുവിശേഷത്തിൽ കണ്ടെത്തുന്നുണ്ട്. ക്രൂശിതനായ യേശുവിന്റെ പാദങ്ങൾ ചുംബിക്കാനാവാതെ യോഹന്നാൻ ഒഴികെ മറ്റുശിഷ്യന്മാരെല്ലാം ഒളിവിലായിരുന്നപ്പോഴും ക്രൂശിതനെ സ്വന്തമാക്കികൊണ്ട് കണ്ണ് മായ്ക്കാതെ നോക്കി നില്ക്കുകയാണ് അവർ. യേശു അവരുടെ സർവ്വസമ്പാദ്യമായി മാറിയിരിക്കുന്നതു കൊണ്ടുള്ള ഒരു നോക്കിനില്പായിരുന്നു അത്. സുവിശേഷ പ്രഘോഷണപര്യടനത്തിലും ക്രൂശിതനെ നോക്കിനിൽക്കുന്നവരിലും എടുത്തുകാട്ടാവുന്ന മഗ്ദലിനാ മറിയം, ഞായറാഴ്ച പുലർച്ച തന്നെ ഉത്ഥിതനായ യേശുവുമായി ഒരു മറിയം - റബ്ബോനി (Rabboni) ബന്ധം സംസ്ഥാപിക്കുന്നു.

ആ ബന്ധം അനുഭവതലത്തിലേയ്ക്ക് ഉയർന്നത് സ്വാഭാവികതലത്തിലുള്ള ഒരു ആശ്ലേഷണം കൊണ്ടല്ല, മറിച്ച് അവൻ ഉയർത്തെഴുന്നേറ്റിരിക്കുന്നു എന്ന സത്യം മറ്റുള്ളവരുമായി പങ്കുവെച്ചപ്പോഴാണ്. ഉയിർത്തെഴുന്നേറ്റ കർത്താവിനെ റബ്ബോനി ആയി സ്വന്തമാക്കിയ മറിയം, അപ്പസ്തോലന്മാർക്ക് അപ്പസ്തോലിക (Apostola Apostolorum) ആകുകയാണ്. 'നീ പോയി അവരോട് പറയുക' എന്ന ദൗത്യവുമായി അവരുടെ പക്കലേക്ക് ഓടുമ്പോൾ യേശുവിന്റെ ശുശ്രൂഷകയായിരുന്ന മറിയം, ഉത്ഥിതനായ യേശുവിനെ സ്വന്തമാക്കി അവിടുത്തെ പ്രേഷിതയായി മാറുന്നു.

സമാന്തരസുവിശേഷങ്ങളിൽ മനുഷ്യരെപിടിക്കുന്നവരാകാനാണ് യേശു ആദ്യശിഷ്യന്മാരെ വിളിക്കുന്നത്. നന്മകൾ ചെയ്തുകൊണ്ട് ചുറ്റി സഞ്ചരിച്ചിരുന്ന യേശുവിന്റെ എല്ലാ ശുശ്രൂഷകളിലും അവർ പങ്കുചേർന്നിരുന്നു. ഗ്രാമങ്ങളിലും പട്ടണങ്ങളിലും അവർ ചുറ്റി സഞ്ചരിച്ച് ദൈവരാജ്യം പ്രസംഗിച്ചിരുന്നു. രോഗികളെ സുഖപ്പെടുത്തിയിരുന്നു. പരിശീലന കാലം കഴിഞ്ഞ് ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുന്നതിനുള്ള ദൗത്യം ഏൽപിക്കും മുമ്പ് ശിഷ്യന്മാരുടെ വക്താവായിരുന്ന പത്രോസിനോട് യേശു ചോദിക്കുന്നു; 'പത്രോസേ നീ എന്നെ സ്നേഹിക്കുന്നുവോ'...എന്ന്. മനുഷ്യർ എന്നെ പറ്റി അനേകം കാര്യങ്ങൾ ചിന്തിച്ചുവെന്നു വരാം. എന്നെപ്പറ്റിയുള്ള നിന്റെ ചിന്ത എന്താണ് എന്ന് കുറെ ദിവസങ്ങൾക്കു മുമ്പ് ചോദിച്ചതിലെ വ്യക്തിപരത (Personal Touch) നിലനിർത്തിക്കൊണ്ട് യേശു പത്രോസിനോട് ചോദിക്കുന്നു; 'നീ എന്നെ സ്നേഹിക്കുന്നുവോ'...എന്ന്. വലിയ ദൗത്യങ്ങൾ, ശുശ്രൂഷകൾ, സേവനങ്ങൾ ഞാൻ നിന്നെ ഏല്പിക്കുകയാണ്. അതിനെല്ലാം ഓജസ്സ് പകരേണ്ട സ്നേഹം നിനക്കുണ്ടോയെന്നതായിരിക്കണം ചോദ്യത്തിന്റെ പൊരുൾ. അതേ ചിന്ത വി. പൗലോസ് വ്യക്തമാക്കുന്നുണ്ട്. എത്ര വലിയ ശുശ്രൂഷ ചെയ്താലും സേവനങ്ങൾ അനുഷ്ഠിച്ചാലും സ്നേഹം കൊണ്ട് ജ്വലിക്കുന്നതല്ലെങ്കിൽ ഒന്നുമല്ല. നീ മാത്രം മതി എന്ന് ഉരുവിടുന്നവന്റെ ജീവശ്വാസമാണ് സ്നേഹം.

മാർ ഈവാനിയോസ് പിതാവിന്റെ കാലഘട്ടത്തിൽ പിതാവിനെപ്പോലെ പൊതുജീവിത രംഗത്ത് സഭയിൽ അത്രവലിയ സേവന പരമ്പര കാഴ്ച വച്ച



മറ്റൊരു വ്യക്തിത്വം ഇല്ലായിരുന്നു എന്നു തന്നെ പറയാം. എന്നാൽ അതിലും ഉത്തമമായ ഒരു ജീവിത ശൈലി ദൈവദാസനിലുണ്ട്; തങ്ങൾക്കു വേണ്ടി ഒന്നും നീക്കിവയ്ക്കാത്ത സർവ്വസംഘപരിത്യാഗത്തിന്റെ ജീവിതശൈലി. ജീവന്റെ പ്രതീകമാകുന്ന രക്തം ദൈവത്തിനും, പ്രവർത്തനത്തിന്റെ പ്രതീകമായ മേദസ്സ് സംഘടനയ്ക്കും സമർപ്പിച്ചുതീർക്കുന്ന യാഗപശുവിന്റ ശൈലി. അതിൽ നിന്നും പ്രസരിക്കുന്ന പ്രകാശവും തേജസ്സും ആണ് സഭയ്ക്ക് രണപരമായ കെട്ടുറപ്പിനേക്കാളും ഭൗതിക ഐശ്വര്യത്തേക്കാളും ആവശ്യം (മാർ ഈവാനിയോസ് Fr. Inchakalody മലയാളം P197). സേവന മേഖലയിൽ നിന്ന് പിന്മാറി ദൈവസമ്പാദന മേഖലയിലേക്ക് മാർ ഈവാനിയോസ് പിതാവ് ചുവടുമാറ്റി ചവിട്ടി. ദിവസം രണ്ടു പ്രാവശ്യം കുപ്പായം മാറിയിരുന്ന എം.ഡി. സെമിനാരി പ്രിൻസിപ്പാൾ കാഷായവേഷം അണിഞ്ഞു. വർഷം പതിനായിരത്തോളം രൂപ (ഇന്നത്തെ ?) പാരിതോഷികമായി ലഭിച്ചിരുന്ന സെറാമ്പൂർ കോളേജ് പ്രൊഫസർ ആബോ ഗീവറുഗീസായി ഭിക്ഷാടനത്തിനിറങ്ങി. ദൈവസമ്പാദനം ഒരു മാനസികനിലപാട് മാത്രമാണ് എന്ന് തോന്നിയേക്കാം. അനുദിന കർമ്മ പരിപാടിയിലോ, ഭക്ഷണത്തിലോ, വസ്ത്രധാരണത്തിലോ, പ്രാർത്ഥന ക്രമത്തിലോ, അനുഷ്ഠാനങ്ങളിലോ വ്യത്യസ്തമായ ഒരു ജീവിതക്രമത്തിലൂടെ ദൈവസമ്പാദനം സാധിച്ച ആരെയും കാണുകപ്രയാസം. എന്നാൽ ആ ബോധിവറുഗീസിൽ ഇതെല്ലാം ഒത്തിണങ്ങി.

ദൈവസമ്പാദനത്തിനു വേണ്ടിയുള്ള ചുവടുമാറ്റം ഒരു നിഷ്കൃയത്വത്തിലേക്കല്ല മാർ ഈവാനിയോസ് പിതാവിനെ നയിച്ചത്. MD Seminary യിലും Serampore college ലും ദിവസത്തിന്റെ സിംഹഭാഗവും അദ്ധ്യാപനത്തിലും യുവതലമുറയുടെ സ്വഭാവരൂപീകരണത്തിലും ചിലവഴിച്ചിരുന്ന Fr. P.T. Gheevarghese അത്രയുമോ അതിലേറെയോ

സമയം വി. കുർബ്ബാന അർപ്പിച്ചും ദിവസത്തിൽ നാലു നേരമെങ്കിലും ദൈവസ്തുതികൾ ആലപിച്ചും ജനത്തിലും ശോധനാധ്യാനത്തിലും മുഴുകി ദൈവത്തോട് – ദൈവികകാര്യങ്ങളോട് – യേശുവിനോട് – യേശുവിന്റെ ശരീരമായ സഭയോടുള്ള ഇടമുറിയാത്ത ബന്ധത്തിൽ ദിവസം മുഴുവൻ ആയിരുന്നുകൊണ്ട് ദൈവത്തെ സ്വന്തമാക്കിയ പ്രേക്ഷിതനായി മാറി. ഒപ്പം ദൈവസമ്പാദന മാർഗ്ഗത്തിൽ ചരിക്കുന്നതിന് ശിഷ്യരെ അഭ്യസിപ്പിച്ചു. സാധാരണ വിശ്വാസികളെപ്പോലും അവരുടെ സ്വന്തജീവിതകടമകൾ നിർവ്വഹിച്ചു കൊണ്ടുതന്നെ എങ്ങനെ ദൈവസമ്പാദനമാർഗ്ഗത്തിൽ മുന്നേറാം എന്ന് അഭ്യസിപ്പിച്ചു, അതിനുവേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തി. ദൈവസമ്പാദനം കുറെ ആഗ്രഹങ്ങളല്ല, അത് പ്രബോധനം ആവശ്യപ്പെടുന്നു. ഒരു പ്രസ്സ് സ്ഥാപിച്ച് ചെറുതും വലുതുമായ 42 പുസ്തകങ്ങളോ ലഘുലേഖകളോ പ്രസിദ്ധപ്പെടുത്തുകയോ പ്രസിദ്ധീകരിക്കാൻ കളമൊരുക്കുകയോ ചെയ്തുകൊണ്ട് ബൗദ്ധീക പിൻബലം നൽകി (intellectual support).

ദൈവസമ്പാദനത്തെപ്പറ്റിയുള്ള മാർ ഈവാനിയോസ് പിതാവിന്റെ ചിന്തയ്ക്ക് കുറെക്കൂടി വിശാലഭാവം നല്കുന്നുണ്ട് സ്നേഹത്തേപ്പറ്റിയുള്ള അദ്ദേഹത്തിന്റെ ഭാഷ്യം. ദൈവസമ്പാദനത്തിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗമായി സന്യാസത്തെയാണ് അദ്ദേഹം സ്വീകരിച്ചത്. മോക്ഷം നേടുന്നതിന് ഹിന്ദുധർമ്മം കണ്ടെത്തിയ ജ്ഞാന, കർമ്മ, ഭക്തി മാർഗ്ഗങ്ങളെ സ്നേഹമെന്ന ഒരേമാർഗ്ഗത്തിൽ അദ്ദേഹം സംഗ്രഹിച്ചു. സന്യാസത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ ദർശനം അവതരിപ്പിക്കുന്നതുതന്നെ ദൈവം സ്നേഹമാകുന്നു (1Jn 4/8,16) എന്ന സ്നേഹത്തിന്റെ സുവിശേഷകനായ വി. യോഹന്നാനെ ഉദ്ധരിച്ചുകൊണ്ടാണ് (സന്യാസജീവിതസഹായി p9). തുടർന്നുള്ള അദ്ധ്യായങ്ങളിൽ വ്രതാനുഷ്ഠാനങ്ങളും ജീവിതവും എല്ലാം സ്നേഹജീവിതം ആണ് എന്നദ്ദേഹം സമർത്ഥിക്കുന്നു. ദൈവത്തെ സ്വാഭാവിക ശക്തികൾ കൊണ്ട് മനുഷ്യന് കൈവശപ്പെടുത്താനാകില്ലല്ലോ. എന്നാൽ ദൈവത്തിന്റെ ദൗത്യങ്ങൾ ഏറ്റെടുക്കുമ്പോൾ അവിടുത്തെ നിശ്ചയങ്ങളോട് – നിർദ്ദേശങ്ങളോട് – താദാത്മ്യപ്പെടുന്ന വിശ്വാസി ദൈവത്തെ സമ്പാദിക്കുക തന്നെയാണ് ചെയ്യുക. അയാൾ ദൈവത്തിന്റേതായി മാറുന്നു.

ദൈവസേവനവും, ദൈവസമ്പാദനവും തമ്മിൽ ഉള്ള വ്യത്യാസം വി. സുവിശേഷങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. യേശു അരുളിചെയ്യുന്നു; 'ഞാൻ ഇനി നിങ്ങളെ ദാസന്മാർ എന്നു വിളിക്കുകുകയില്ല. സ്നേഹിതന്മാർ എന്നു വിളിച്ചിരിക്കുന്നു' (Jn 15/15). തന്നോട് കല്പിക്കപ്പെട്ട ശുശ്രൂഷകൾ – സേവനങ്ങൾ യജമാനനു ചെയ്തു കൊടുത്ത് അതിനുള്ള പ്രതിഫലം പറ്റുന്നവനാണ് ദാസൻ. യജമാനനും ദാസനും ഇടയിൽ ഒരു സ്നേഹബന്ധം ഉണ്ടായിരിക്കണമെന്ന് നിർബന്ധമില്ല. യജമാനൻ ഒരു നിശ്ചിതസമയത്ത് എവിടെയാണ്, എന്താണ് ചെയ്യുക, അയാളുടെ മനസ്സെന്താണ് എന്ന് ദാസൻ അറിയണമെന്നില്ല. യജമാനൻ ചെയ്യുന്നതെന്തെന്ന് ദാസൻ അറിയുന്നില്ല (Jn15/15). പകരം യേശുവിന്റെ ശിഷ്യന്മാർ അവിടുത്തെ സ്നേഹിതന്മാർ ആണ് (V15). പരസ്പരം അറിയുന്നവരാണ് സ്നേഹിതർ. സ്നേഹിതന്റെ വ്യക്തിത്വത്തിന്റെ രഹസ്യത്തിലേക്ക് പ്രവേശിക്കുവാൻ അവസരം ലഭിച്ചവരാണ് അവന്റെ സ്നേഹിതൻ. യേശുവും ശിഷ്യന്മാരും തമ്മിലുള്ള ബന്ധം സ്നേഹബന്ധമാണ്. എന്തെന്നാൽ എന്റെ പിതാവിൽ നിന്ന് കേട്ടതെല്ലാം നിങ്ങളെ ഞാൻ അറിയിച്ചു (V15). മുടിയനായ പുത്രന്റെ ഉപമയിൽ ദൈവസേവനവും ദൈവസമ്പാദനവും തമ്മിലുള്ള വ്യത്യാസം വ്യക്തമാകുന്നുണ്ട്. വീട്ടിൽ തിരികെ ചെന്ന് 'ഒരു ദാസനായി എന്നെ സ്വീകരിക്കണമേ' എന്നു പറയുവാനാണ് അവൻ എഴുന്നേറ്റു പോയത്. അപ്പൻ മകനെ സ്വീകരിക്കുന്നത് ദാസനായിട്ടല്ല, മകനായിട്ടാണ്. തന്റെ മകനെപ്പറ്റിയാണ് അപ്പൻ വേലക്കാരോട് സംസാരിക്കുന്നത് (V24). പുത്രസ്ഥാനം വീണ്ടും നേടിയെടുത്ത (സമ്പാദിച്ച) മകൻ, യേശുവും ശിഷ്യന്മാരും തമ്മിലുള്ള ബന്ധം ദാസൻ യജമാനബന്ധമല്ല, മകനും പിതാവും തമ്മിലുള്ള ബന്ധമാണ് എന്ന് വ്യക്തമാക്കുന്നു. ആ ബന്ധത്തിലൂടെ പിതാവു മകനെ തിരികെ സമ്പാദിക്കുന്നു. മകൻ അപ്പന്റെ സ്നേഹം വീണ്ടും സമ്പാദിക്കുന്നു.

മാർ ഈവാനിയോസ് പിതാവ് ദൈവസമ്പാദനത്തിന് കണ്ടെത്തിയ മാർഗ്ഗം സ്നേഹമാർഗ്ഗമായിരുന്നു. സമർപ്പിതരായ സന്യാസിമാരെപ്പോലെ സകലമനുഷ്യരും ദൈവസമ്പാദനത്തിന് ക്ഷണിക്കപ്പെട്ടവരാണ്. സ്വർഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ (Mt5/48) എന്ന ആഹ്വാനം ആ പിതാവിന്റെ എല്ലാമക്കൾക്കും ഉള്ളതാണ്. പ്രത്യേകിച്ച് ഒരു വിളിക്കു വേണ്ടി കാതോർക്കാതെ നമ്മുടെ ജീവിതക്രമത്തിലൂടെ മാർ ഈവാനിയോസ് പിതാവ് കാട്ടിത്തന്ന ദൈവസമ്പാദനത്തിന്റെ കാലടികൾ പിന്തുടർന്ന് ദൈവസ്നേഹത്തിന്റെ പ്രേക്ഷിതരായി ദൈവസമ്പാദനത്തിന്റെ പരിപൂർണ്ണതയിലേയ്ക്ക് ഉയരുവാൻ പരിശ്രമിക്കാം. ദൈവം എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ■

# പ്രേഷിതവയലിൽ

7 -ാം പേജ് തുടർച്ച

ദൗത്യം സുവിശേഷസാക്ഷ്യമാണ്. ചുരുക്കത്തിൽ പറഞ്ഞാൽ സഭ സ്വഭാവത്താലെ മിഷനറിയാണ്, പ്രേഷിതയാണ്.

മാർത്തോമ്മാശ്ലീഹായുടെ പ്രേഷിതശുശ്രൂഷയിലൂടെ സുവിശേഷമാർഗ്ഗത്തിലെത്തിയ മലങ്കര സഭയുടെ വിളിയും സുവിശേഷ സാക്ഷ്യത്തിനായി അയയ്ക്കപ്പെടുക - പ്രേഷിതയായിരിക്കുക എന്നതായിരുന്നു. എന്നാൽ, ഒരുപക്ഷേ, സാമൂഹികവും രാഷ്ട്രീയവും ചരിത്രപരവുമായ കാരണങ്ങളാലാകാം മാർത്തോമ്മായുടെ മക്കളുടെ സാക്ഷ്യം മലങ്കരയുടെ മതിലുകൾക്കുള്ളിൽ തളയ്ക്കപ്പെട്ടുത്. മലങ്കരയ്ക്ക് പുറത്തേയ്ക്ക് സുവിശേഷദൂതുമായി പോകാൻ മാർത്തോമ്മായുടെ മക്കൾക്ക് സാധിച്ചില്ല. അയയ്ക്കപ്പെടാനായി വിളിയ്ക്കപ്പെട്ടവർ വിളിയുടെ ലക്ഷ്യം മറന്ന അവസ്ഥ. ശുദ്ധമായ ജലമെങ്കിലും ഒഴുക്കില്ലാത്ത ജലം കെട്ടിക്കിടന്ന് മലിനമാക്കുന്നതു പോലെ പ്രേഷിത ദൗത്യം മറന്ന മലങ്കര സഭ മലങ്കരയുടെ മതിലുകൾക്കുള്ളിൽ കെട്ടിക്കിടന്ന് മലിനമായതിന് ചരിത്രം സാക്ഷി. പ്രേഷിത വയലുകളിലേക്ക് കടന്നുചെന്ന് സുവിശേഷത്തെ സാക്ഷീകരിക്കേണ്ട മലങ്കരസഭ; ഭിന്നതകളിലും പിളർപ്പുകളിലും കക്ഷിവഴക്കുകളിലും മാത്സര്യത്തിലും വ്യവഹാരത്തിലും ഉൾപ്പെട്ട് എതിർ സാക്ഷ്യമായി. ദുഃഖകരമായ ഈ ചരിത്രപശ്ചാത്തലത്തിലാണ് പണിക്കരുവീട്ടിൽ വന്ദ്യ പി.റ്റി. ഗീവർഗീസ് അച്ചൻ മലങ്കരസഭയുടെ നവീകരണത്തിനും തുടർന്ന് ഭാരതത്തിന്റെ സുവിശേഷവല്ക്കരണത്തിനും പുനരൈക്യ ശ്രമങ്ങൾക്കുമായി ദൈവാത്മാവിനാൽ പ്രചോദിതനായി മുന്നിട്ടിറങ്ങിയത്. അങ്ങനെ 1919 ൽ ബഥനി സന്യാസസമൂഹവും 1925 ൽ ബഥനിസന്യാസിനി സമൂഹവും 1930 ൽ മലങ്കര പുനരൈക്യവും 1932 ൽ മലങ്കര സുറിയാനി കത്താലിക്കാ ഹയരാർക്കിയും സാർത്ഥകമായി. ദൈവാത്മാവിന്റെ പ്രവർത്തനത്താൽ തന്നോടൊപ്പം ചേർന്ന വരിലേക്ക് മലങ്കരസഭയുടെ നവീകരണത്തോടൊപ്പം "പോകുവിൻ നിങ്ങളെ ഞാൻ അയയ്ക്കുന്നു" എന്നുള്ള കർതൃകല്പനയുടെ ഉള്ളർത്ഥം പങ്കുവച്ച് പ്രേഷിത ചൈതന്യം പകരുവാനും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന് സാധിച്ചു. പുനരൈക്യത്തോടൊപ്പം സുവിശേഷവല്ക്കരണവും അദ്ദേഹത്തിന്റെ ലക്ഷ്യമായിരുന്നു. പുനരൈക്യത്തിന്റെ ആരംഭനാളുകളിൽ തന്നെ അദ്ദേഹം ആരംഭിച്ച "വിജാതിയമിഷൻ" മലങ്കരയുടെ മതിലുകൾക്കുള്ളിൽ തന്നെയുള്ള പ്രേഷിത പ്രവർത്തനങ്ങൾക്കുള്ള ക്രമീകരണമായിരുന്നു. ഇതുവഴി അവഗണിക്കപ്പെട്ടിരുന്ന അനേകായിരം അക്രൈസ്തവരെ സുവിശേഷത്തിന്റെ സന്തോഷത്തിലേക്ക് - സത്യസഭയിലേക്ക് - കൂട്ടിക്കൊണ്ടു വരുവാൻ മലങ്കരസുറിയാനി കത്തോലിക്കാ സഭയ്ക്ക് സാധിച്ചു.

പുനരൈക്യ പ്രവർത്തനങ്ങളുടെ ആരംഭകാലപരിമിതികളുടെ നടുവിലും മലങ്കരയുടെ അതിരുകൾക്ക് അപ്പുറത്തേക്ക് പ്രേഷിതരെ അയയ്ക്കുവാൻ മലങ്കരസുറിയാനി കത്തോലിക്കാ സഭ ശ്രമിച്ചിരുന്നു. അതിന്റെ തുടർ ച്ചയെന്നോണം ഇന്ന് ഈ പ്രേഷിത ശുശ്രൂഷ കൂടുതൽ തീഷ്ണതയോടെ ഭാരതമാസകലം തുടരുവാൻ സഭയ്ക്ക് സാധിക്കുന്നു. "**ഭാരതത്തിന്റെ സുവിശേഷ വല്ക്കരണം മലങ്കരസഭയുടെ ദൗത്യം**" എന്നുള്ള ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഹൃദയാഭിലാഷത്തോട് മലങ്കര സുറിയാനി കത്തോലിക്കാ സഭ കൂടുതൽ ഉൾച്ചേർന്നിരിക്കുന്നു. മാർത്താണ്ഡം, പുത്തൂർ, ഡൽഹി ഗുഡ്ഗാവ് എന്നീ രൂപതകളും മഹാരാഷ്ട്രയിലെ പൂനാ ഘട്കി എക്സാർക്കേറ്റും ഇതിന്റെ പ്രത്യക്ഷമായ



സാക്ഷ്യങ്ങളാണ്. വടക്കേ അമേരിക്കയിലും, ഇംഗ്ലണ്ടിലും, യൂറോപ്പിലും, ആസ്ട്രേലിയായിലും, അറേബ്യൻ നാടുകളിലും, ആഫ്രിക്കയിലും മലങ്കര സുറിയാനികത്തോലിക്കാ സഭയുടെ മിഷനറിമാർ പ്രവർത്തനനിരതരായിരിക്കുന്നു എന്നത് സഭയുടെ പ്രേഷിത സ്വഭാവത്തെ കൂടുതൽ വ്യക്തമായി വെളിവാക്കുന്നു. മലങ്കര സഭയുടെ ഊർജ്ജം മലങ്കരയുടെ മതിലുകൾക്കുള്ളിൽ കെട്ടിക്കിടന്ന് ചീഞ്ഞ് പോകാതെ ഭാരതത്തിന്റെ വിശാലവയലുകളിലേക്ക് ഒഴുകിയെത്തി ഭാരതത്തെ സുവിശേഷീകരിക്കണമെന്ന ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീ

ത്തായുടെ ഹൃദയാഭിലാഷം അതിവേഗം നിറവേറിക്കൊണ്ടിരിക്കുന്നു. ഡുഡ്ഗാവ് രൂപതയുടെയും ഘട്ഖി എക്സാർക്കേറ്റിന്റെയും നേതൃത്വത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ കാനോനിക അതിർത്തിക്ക് പുറത്തുള്ള ഭാരതസംസ്ഥാനങ്ങളിൽ പുനരൈക്യ സുവിശേഷവല്ക്കരണ ശുശ്രൂഷകളും നടന്നുക്കൊണ്ടിരിക്കുന്നു. വടക്കേഇന്ത്യൻ സംസ്ഥാനങ്ങളിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും ബഹു. വൈദികരുടെയും സമർപ്പിതസന്യസ്തരുടെയും അല്മായപ്രേഷിതരുടെയും സേവനങ്ങൾ ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു. മലങ്കരയിലെ എല്ലാരൂപതകളിൽ നിന്നുമുള്ള രൂപതാ വൈദികർക്കുപുറമേ ബഥനിസന്യാസ വൈദികരും, ബഥനി - മേരിമക്കൾ - ഹോളി സ്പിരിറ്റ് സന്യാസിനികളും പ്രേഷിതമേഖലകളിലെ സജീവശുശ്രൂഷകളിൽ വ്യാപൃതരായിരിക്കുന്നു. ബഥനിസന്യാസിനികളിൽ എഴുപത്തിയഞ്ച് സഹോദരിമാർ കേരളത്തിന് പുറത്തുള്ള സംസ്ഥാനങ്ങളിൽ പ്രേഷിതശുശ്രൂഷകളിൽ വ്യാപൃതരായിരിക്കുന്നു. മേരിമക്കൾ സന്യാസസമൂഹത്തിലെ നൂറിലധികം സഹോദരിമാർ തമിഴ്നാടിനും കേരളത്തിനും പുറത്തുള്ള ഭാരതസംസ്ഥാനങ്ങളിൽ സജീവപ്രേഷിത പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു.

ഭാരതത്തിനു വെളിയിൽ അമേരിക്കയിലെയും, യൂറോപ്പിലെയും രാജ്യങ്ങളിലെ പ്രവർത്തനങ്ങൾക്ക് പുറമേ ആഫ്രിക്കയിലെ സൗത്ത് ആഫ്രിക്ക, എത്യോപ്യാ തുടങ്ങിയ രാജ്യങ്ങളിലെ പട്ടിണിപാവങ്ങളുടെ ഇടയിലും പ്രേഷിതശുശ്രൂഷയിലായിരിക്കുന്നു. സൗത്ത് ആഫ്രിക്കയിൽ ആറും എത്യോപ്യായിൽ ഒൻപതും ബഥനിസന്യാസിനികൾ ശുശ്രൂഷ നിർവഹിക്കുന്നു. ഈ സ്ഥലങ്ങളിലെല്ലാം ബഥനി സന്യാസവൈദികരും പ്രേഷിത ശുശ്രൂഷാ മേഖലയിൽ സജീവ സാന്നിദ്ധ്യമാണ്.

## തിരുവല്ല അതിരൂപതയും പ്രേഷിതപ്രവർത്തനങ്ങളും;

തുടക്കം മുതൽ തിരുവല്ല അതിരൂപത പുനരൈക്യശുശ്രൂഷകളോടൊപ്പം പ്രേഷിതപ്രവർത്തനങ്ങളിലും ശ്രദ്ധിച്ചിരുന്നു. അതിന്റെ ഫലമായി അനേകം കുടുംബങ്ങൾ വിശ്വാസം സ്വീകരിച്ച് സഭയിലേയ്ക്ക് കടന്നുവരികയും അനേക ഇടവകകൾ രൂപപ്പെടുകയും ചെയ്തു. തിരുവല്ല അതിരൂപതയുടെ പ്രേഷിതശുശ്രൂഷയുടെ സത്ഫലങ്ങളാണ് ബത്തേരി, മൂവാറ്റുപുഴ, പുത്തൂർ രൂപതകൾ. തിരുവല്ലാ അതിരുപതയിലെ ബഹു. വൈദികരുടെ രണ്ടരപതിറ്റാണ്ടുകാലത്തെ പ്രേഷിതപ്രവർത്തനങ്ങളാണ് ഡൽഹി ഡുഡ്ഗാവ് രൂപതയുടെ രൂപീകരണത്തിന് മുഖാന്തിരമായത് എന്നത് തിരുവല്ല അതിരൂപതയ്ക്ക് അഭിമാനമാണ്. തിരുവല്ല അതിരൂപതയെ നയിച്ച അഭിവന്ദ്യ പിതാക്കന്മാർ പ്രേഷിതശുശ്രൂഷയ്ക്ക് പ്രത്യേക പരിഗണന നല്കിയവരാണ്. പ്രഥമാദ്ധ്യക്ഷൻ അഭി. യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത അക്രൈസ്തവരുടെ ഇടയിലെ മാനസാന്തര പ്രവർത്തനങ്ങൾക്ക് നല്കിയിരുന്ന പ്രോത്സാഹനം ചരിത്രത്തിന്റെ ഭാഗമാണ്. അഭി. ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ പ്രേഷിതതീഷ്ണതയുടെ ഫലമാണ് ഇന്നത്തെ മൂവാറ്റുപുഴ രൂപതയിലെ ഏറെ ഇടവകകളും സ്ഥാപനങ്ങളും. ത്രിതീയാദ്ധ്യക്ഷൻ സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തായുടെ പ്രേഷിതതീഷ്ണതയുടെ ഫലമാണ് ഭാരതപ്പുഴയ്ക്ക് വടക്കോട്ടുള്ള എല്ലാ ഇടവകകളും. അഭി. ഐസക്ക് മാർ യൂഹാനോൻ മെത്രാപ്പോലീത്തായുടെ പ്രേഷിതാഭിമുഖ്യമാണ് ഇന്ന് ഗുഡ്ഗാവ് രൂപതയായി വളർന്ന ഡൽഹി മിഷന് ആരംഭം കുറിച്ചത്. അഭി. ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവിന്റെയും അഭി. ഐസക്ക് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്തായുടെയും പ്രേഷിതതാല്പര്യങ്ങളാണ് ഡൽഹിമിഷനെ ഒരു രൂപതയായി വളരുവാൻ തക്കവിധത്തിൽ ബലപ്പെടുത്തിയത്. അഭി. തോമസ് മാർ കൂറിലോസ് പിതാവും അഭി. ഫിലിപ്പോസ് മാർ സ്തേഫാനോസ് പിതാവും ഡൽഹിമിഷനെ രൂപപ്പെടുത്തുവാനും ശക്തിപ്പെടുത്തുവാനും വൈദികരെന്ന നിലയിൽ ചെയ്ത ശുശ്രൂഷകൾ പകൽപോലെ ജനഹൃദയങ്ങളിൽ തെളിമയാർന്നു നില്ക്കുന്നു. ഗുഡ്ഗാവ് രൂപതയുടെയും ഘട്ഖി എക്സാർക്കേറ്റിന്റെയും പ്രേഷിതവയലുകളിലേക്ക് തീഷ്ണമതികളായ യുവവൈദികരുടെ സേവനം ലഭ്യമാക്കാൻ തിരുവല്ലാ അതിരൂപത ഇപ്പോഴും ശ്രദ്ധാലുവാണ്.

'ഭാരതത്തിന്റെ മാനസാന്തരം' എന്ന ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ദർശന സാക്ഷാല്ക്കാരത്തിന് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ, പ്രത്യേകിച്ച് തിരുവല്ല അതിരൂപതയുടെ എളിയ ശ്രമങ്ങൾ എടുത്തു പറയാൻ തക്കവയെങ്കിലും പ്രേഷിതവയലിന്റെ വിസ്ത്രിതിയുമായി താരതമ്യം ചെയ്യുമ്പോൾ അവ എത്രയോ നിസ്സാരങ്ങൾ എന്ന് വ്യക്തമാണ്. "ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നതുവരെ ഞാൻ നിങ്ങൾക്കുവേണ്ടി ഈറ്റുനോവ് അനുഭവിക്കുന്നു" (ഗലാ. 4:19) എന്നുള്ള വി. പൗലോസ് അപ്പസ്തോലന്റെ വേദന നമുക്കും വ്യക്തികളായും ഇടവകകളായും അതിരൂപതയായും സഭയായും ഭാരതത്തിലെ നമ്മുടെ അക്രൈസ്തവ സഹോദരങ്ങളെക്കുറിച്ച് ഉണ്ടാകേണ്ടിയിരിക്കുന്നു.



# മിഷൻ അനുഭവങ്ങൾ

## ഒറീസ

**ഫാ. ദേവസ്യാ കുതിരക്കല്ലിൽ**

അഭി. ജേക്കബ് ബർണബാസ് തിരുമേനിയുടെ ആത്മീയ നേതൃത്വത്തിൽ ഡൽഹി എക്സാർക്കേറ്റ് സുസജ്ജമായിരുന്ന കാലത്ത് ഒറീസായിൽ നിന്നുള്ള പ്രൊട്ടസ്റ്റന്റ് പാസ്റ്റർ ആയിരുന്ന റിക്കി റാം ബെമൽ അഭി. ബർണബാസ് തിരുമേനിയെ സന്ദർശിക്കുകയും തങ്ങളുടെ പ്രദേശത്ത് കർത്താവിന്റെ സുവിശേഷം ഏറെ ഫലം ചെയ്യുവാൻ സാധ്യതയുണ്ടെന്നുമുള്ള സംഭാഷണത്തിന്റെ പരിണിത



ഫലമാണ് ഇന്നത്തെ ഒറീസാമിഷൻ. 2013-ഫെബ്രുവരിമാസം ഡൽഹിയിൽ വച്ച് നടന്ന സഭാതല സുവിശേഷ സംഘത്തിനു ശേഷം അന്ന് ഡീക്കനായിരുന്ന എനിക്കൊപ്പം സോഷ്യൽ സർവ്വീസിലെ സിജോയേയും കൂട്ടിയാണ് ഈ മിഷൻ പ്രവർത്തനത്തിന് ആദ്യമായി അയക്കുന്നത്. തുടർന്ന് 2013 – ഏപ്രിൽ 13-ാം തീയതി ഡൽഹി സെന്റ് മേരീസ് മല



ങ്കര കത്തീഡ്രലിൽ വെച്ച് അഭി. കർദിനാൾ ബസേലിയോസ് ക്ലീമ്മീസ് ബാവായിലൂടെ പാസ്റ്റർ റിക്കി റാം ബെമലും, പ്രൊട്ടസ്റ്റന്റ് വിഭാഗത്തിലെ തന്നെ മറ്റ് നാലുപേരും കൂടി കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെടുകയും അവർ മാമോദീസാ, മൂറോൻ കൂദാശകൾ സ്വീകരിക്കുകയും ചെയ്തു കൊണ്ട് ഔദ്യോഗികമായി ഒറീസാ മിഷന് തുടക്കം കുറിച്ചു.

2013 ഏപ്രിൽ 24 ന് ഞാൻ വൈദികജീവിതത്തിലേയ്ക്ക് പ്രവേശിക്കുകയും, തുടർന്ന് ഒറീസാ മിഷനിലേയ്ക്ക് നിയോഗിക്കപ്പെടുകയും ചെയ്തു. ഇൻഡ്യയിലെ തന്നെ ഏറ്റവും പിന്നോക്ക ജില്ലയെന്ന് വിശേഷിപ്പിക്കാവുന്ന ഒറീസായിലെ കളഹാണ്ടി (Kalahandi) ജില്ലയിലും തുടർന്ന് നബരംഗപുർ ജില്ലയിലുമായി മിഷൻ പ്രവർത്തനങ്ങൾക്ക് ഞങ്ങൾ തുടക്കം കുറിച്ചു.

പരിശുദ്ധ ദൈവമാതാവിനേയും, കത്തോലിക്കാസഭയേയും പൂർണ്ണമായി തള്ളിപ്പറയുന്ന പ്രൊട്ടസ്റ്റന്റ് വിഭാഗത്തിന്റെ ഇടയിലേയ്ക്കാണ് ഞങ്ങൾ സുവിശേഷ ദൗത്യവുമായി എത്തുന്നത്. കിലോമീറ്ററുകൾ നടന്നുള്ള ഞങ്ങളുടെ ശുശ്രൂഷകളിൽ നിരവധിയായ പ്രതിസന്ധികളെ അഭിമുഖീകരിക്കേണ്ടതായി വന്നിട്ടുണ്ട്. കത്തോലിക്കരെന്ന് പറഞ്ഞാൽ മുഖത്ത് കാർക്കിച്ച് തുപ്പുന്നവർ, ദാഹജലത്തിനായി കുഴൽ കിണറുകളിൽ നിന്ന് സ്വല്പം വെള്ളമെടുത്താൽ അവജ്ഞയോടെ വീക്ഷിക്കുന്നവർ, പ്രദേശമാകെ ശുദ്ധിക



ലശം ചെയ്യുന്നവർ, റേഷൻകടകൾ മുതലായ പൊതു സംവിധാനങ്ങളിൽ നിന്നും വിലക്കപ്പെടുന്ന അവസ്ഥ, തുടങ്ങി കർത്താവിന്റെ സുവിശേഷ പ്രഘോഷണത്തിന്റെ അനുഭവ പശ്ചാത്തലം തന്നെയായിരുന്നു (ഇന്നും) ഈ മിഷൻ പ്രവർത്തനങ്ങളിലുടനീളം ഞങ്ങൾക്ക് അനുഭവപ്പെട്ടിരുന്നത്. ഇത്തരം അനുഭവങ്ങൾക്കിടയിലും യേശുവിന്റെ രക്ഷയുടെ ദൗത്യത്തിലേക്ക് അനേകർ കടന്നുവരികയും ഞങ്ങളുടെ ശുശ്രൂഷകൾ അവിസ്മരണീയമാം വിധം നിർവ്വഹിക്കപ്പെടുകയും ചെയ്യുന്നു. മലയാളിക്കപ്പുറത്തേയ്ക്ക് കർത്താവിന്റെ സുവിശേഷം പ്രഘോഷിക്കപ്പെടുക എന്ന ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ദൈവീക ദർശനത്തിൽ പങ്കാളിയാകുവാൻ ഞാനും നിയോഗിക്കപ്പെട്ടതിൽ ഏറെ ചാരിതാർത്ഥ്യമുണ്ട്.

ഇന്ന് ഇരുജില്ലകളിലുമായി മൂന്ന് വൈദികരും, എട്ട് സിസ്റ്റേഴ്സും, പതിനാലോളം അൽമായസുവിശേഷ പ്രഘോഷകരും പ്രവർത്തിക്കുന്നു. ഇവിടെ മൂന്ന് ചെറിയ പള്ളികളും, വില്ലേജുകളിൽ വീടുകൾ കേന്ദ്രീകരിച്ചുള്ള പ്രാർത്ഥനകളും നടക്കുന്നു. ചുരുങ്ങിയ നാളുകൾകൊണ്ട് മലങ്കര കത്തോലിക്കാ സഭയിലെ ആരാധനാക്രമവും, നമ്മുടെ പരിശുദ്ധ കുർബ്ബാനയും, സാധാരണ സന്ധ്യാപ്രാർത്ഥനയും, പ്രഭാതപ്രാർത്ഥനയും, മൂന്നാം മണി പ്രാർത്ഥനയുമെല്ലാം ഒറിയഭാഷയിൽ നമ്മുടെ വിശ്വാസികൾ ചൊല്ലുന്നു എന്നത് എടുത്തു പറയേണ്ടതാണ്.

യുവാക്കളുടെ ഉപരിപഠനങ്ങൾക്കും, സാമൂഹികജീവിത സാഹചര്യങ്ങൾക്കും വിഘ്നം സൃഷ്ടിക്കുന്ന സദാചാര അയിത്തമാണ് ഈ മേഖലയിലെ ജനങ്ങൾ അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നം. പക്ഷേ ഇത്തരം പ്രതിസന്ധികളിലും തങ്ങളുടെ വിശ്വാസത്തെ തള്ളിപ്പറഞ്ഞുള്ള ഒരു നേട്ടവും തങ്ങൾക്ക് വേണ്ടാ എന്നുള്ള വിശ്വാസതീഷ്ണതയുള്ള ദൈവജനമാണ് ഇവിടെയുള്ളത്.

ആശുപത്രികളും സ്കൂളുകളും ഇനിയും അന്യമായി നിൽക്കുന്ന ഇവിടുത്തെ വില്ലേജുകളിൽ നമ്മുടെ കർത്താവിന്റെ ശുശ്രൂഷ ഇനിയും അധികമായി എത്തേണ്ടതുണ്ട്. അതിനായുള്ള ഞങ്ങളുടെ ശുശ്രൂഷയ്ക്ക് ആത്മീയവും ഭൗതീകവുമായ കരുത്ത് നേടുവാൻ മലങ്കര വിശ്വാസസമൂഹത്തിന്റെ ഒന്നാകെയുള്ള പ്രാർത്ഥനാസഹായങ്ങൾ പ്രത്യേകം അഭ്യർത്ഥിക്കുന്നു.


## എത്യോപ്യാ

### ഫാ. എബി ഏബ്രഹാം ഒ.ഐ.സി.

2008 ൽ എത്യോപ്യയിലെ എംഡിബിർ രൂപതാദ്ധ്യക്ഷൻ ആബൂന മൂസേ ഗബ്റേഗിയോർഗിസ് തന്റെ പ്രഥമ കേരള സന്ദർശനവേളയിൽ അവിചാരിതമായിട്ടാണ് അന്നത്തെ ബഥനി സുപ്പീരിയർ ജനറാൾ ജോർജ്ജ് തോമസച്ചനെ കണ്ടുമുട്ടിയത്. എത്യോപ്യൻ ജനതയുടെ പകുതിയിലേറെ പതിനഞ്ചിനും നാല്പതിനും വയസ്സിനിടയിലുള്ളവരാണ്. വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഇല്ലാത്തതും, പുതിയ തൊഴിൽ സാധ്യതകൾ പരിചയപ്പെടുത്തിക്കൊടുക്കുവാൻ പൊതുസമൂഹത്തിന്റെ ഭാഗത്തുനിന്നോ, സർക്കാരിന്റെ ഭാഗത്തുനിന്നോ സഹായകരമായ സാഹചര്യങ്ങൾ ഇല്ലാത്തതുമൂലം ഇത്ര വിപുലമായ മാനവശേഷി ഇവിടെ വേണ്ടരീതിയിൽ ഉപയോഗിക്കപ്പെട്ടിട്ടില്ലെന്നുള്ളതാണ് പരമാർത്ഥം. കാലം തെറ്റി പെയ്യുന്ന മഴയും വന്യമൃ



ഗങ്ങളുടെ ശല്യവും കാരണം തരിശുഭൂമിയായി മാറിക്കൊണ്ടിരിക്കുന്ന കൃഷിയിടങ്ങൾ. തൽഫലമായുള്ള ഭക്ഷണപ്രതിസന്ധിയും, പ്രാകൃതമായ ഭക്ഷണ രീതികളും, അതോടൊപ്പം 'ചാറ്റ്' എന്ന ചെടിയുടെ ഇലപിഴിഞ്ഞ് കിട്ടുന്ന ഒരുതരം ലഹരി ദ്രാവകം കുടിച്ച് വിശപ്പ് ശമിപ്പിക്കുന്ന യുവജനങ്ങൾ; അങ്ങനെ താറുമാറായിക്കിടക്കുന്ന എത്യോപ്യൻ സമ്പദ്ഘടനയും മാനവവിഭവശേഷിയും സഭാസ്ഥാപനങ്ങളുടെ കൂടി ഉത്തരവാദിത്വമായി മാറിയ സാഹചര്യത്തിലാണ് മിഷണറി പ്രവർത്തനത്തിലൂടെ ജനജീവിതം സുഗമമാക്കാനുള്ള പരിശ്രമങ്ങൾ എംഡിബിർ രൂപതാദ്ധ്യക്ഷന്റെ ചിന്തയിലൂടെ കടന്നുവന്നത്. ഇരുവരുടെയും കൂടിക്കാഴ്ചയിൽ എത്യോപ്യയിൽ പ്രവർത്തിക്കുവാൻ ഒരു മിഷണറി സംഘത്തെ അയയ്ക്കണമെന്ന അഭി.



ആബുന മൂസേയുടെ ആവശ്യം ബഥനി സമൂഹത്തിന്റെ 18-ാം ജനറൽ സിനാക്സിസ് ഗൗരവപൂർവ്വം ചർച്ചചെയ്യുകയും അതിന്റെ ആരംഭനടപടികൾക്കായി ഭരണസമിതിയെ ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് പുതിയ സുപ്പീരിയർ ജനറാൾ ആയി ചുമതലയേറ്റ ജോസ് മരിയദാസ് (ഒ.ഐ.സി.) അച്ചനും, ജയിംസ് പുതുപ്പറമ്പിൽ (ഒ.ഐ.സി.) അച്ചനും എത്യോപ്യ സന്ദർശിച്ച് നടത്തിയ പഠനങ്ങളുടെയും ബിഷപ്പ് ആബുനെ മൂസേയുമായി നടത്തിയ കൂടിക്കാഴ്ചകളുടെയും ഫലമായി എംഡിബിർ രൂപതയിൽ ഒരു ആശ്രമം സ്ഥാപിക്കുന്നതിനും, സാങ്കേതിക വിദ്യാലയത്തിന്റെ ചുമതലയും, രൂപതാഭരണത്തിന്റെ നടത്തിപ്പിനുള്ള സഹായസഹകരണവും ബഥനി ആശ്രമം വാഗ്ദാനം ചെയ്തു. അങ്ങനെ 2009 സെപ്റ്റംബർ 20 ന് എത്യോപ്യൻ ബഥനി മിഷൻ യാഥാർത്ഥ്യമായി. ആദ്യ മിഷണറിമാരായി എന്നെയും, ഫാ. ജോസഫ് അഞ്ചേരി (ഒ.ഐ.സി.), ഫാ. ഡാനിയേൽ മണ്ണിൽ (ഒ.ഐ.സി.) തുടങ്ങിയവരെയും അവിടേയ്ക്ക് അയയ്ക്കപ്പെട്ടു.

മിഷണറിപ്രവർത്തനം എന്നാൽ വിജാതീയരെ സ്ഥാനമാനങ്ങളും പണവും നൽകി മാമോദീസാ മുക്കി സഭയിലെ അംഗങ്ങളാക്കുക എന്നതിൽ നിന്നും വ്യത്യസ്തമായി ബൗദ്ധികപരമായും സാങ്കേതിക വിചിന്തനത്തിലൂടെയും പ്രതികൂലാവസ്ഥകളെ തരണം ചെയ്ത് മനുഷ്യത്വപരമായി ജീവിക്കുവാൻ വ്യക്തികളെയും കുടുംബങ്ങളെയും പ്രാപ്തരാക്കുക എന്നുള്ള ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ കാഴ്ചപ്പാടിലൂന്നിയായിരുന്നു ഞങ്ങളുടെ മിഷണറി പ്രവർത്തനം.

ഭക്ഷണപ്രതിസന്ധിക്ക് ഒരു പരിഹാരം കാണുകയെന്നതായിരുന്നു ഞങ്ങളുടെ പ്രഥമദൗത്യം. അതിനായി പുതിയ കൃഷിരീതികളും ധാന്യവിളകളും പരീക്ഷിക്കുന്നതിന് ഞങ്ങൽ തയ്യാറായി. സ്ഥലവാസികളുടെ അജ്ഞതയും നിസ്സഹകരണവും മറികടന്ന് താമസിയാതെ വിയർപ്പിന് ഫലം കണ്ടുതുടങ്ങി. വിളകൾ ഞങ്ങൾ തന്നെ ഭക്ഷിച്ച് ഭക്ഷണയോഗ്യമെന്ന് ഉറപ്പുവരുത്തി. പതുക്കെ ജനങ്ങളിൽ മാറ്റം വന്നുതുടങ്ങി. അവരും കൃഷിയിടത്തിലേയ്ക്ക് ഇറങ്ങി. ശാസ്ത്രീയ രീതികളും, ആധുനിക ഉപകരങ്ങൾ ഉപയോഗിച്ചും, ജലസംഭരണികൾ നിർമ്മിച്ചും ഞങ്ങൾ അവരെ സഹായിക്കുവാൻ തുടങ്ങി.

വിദ്യാഭ്യാസത്തിന്റെ ആവശ്യകതയും, പ്രായോഗിക ജീവിതത്തിൽ അതിന്റെ സ്വാധീനവും ബോധ്യപ്പെടുത്തി വീടുകളിൽ ഒതുങ്ങിക്കൂടുന്ന കുട്ടികളെ വിദ്യാലയങ്ങളിൽ എത്തിക്കുകയെന്നതായിരുന്നു അടുത്തഘട്ടം. അങ്ങനെ ബഥനി ബോയ്സ് ഹോം ഞങ്ങൾ ആരംഭിച്ചു. ആദ്യബാച്ചിലെ അഞ്ച് കുട്ടികളിൽ രണ്ടുപേർ എത്യോപ്യൻ നാഷണൽ എൻജിനീയറിംഗ് എൻട്രൻസ് പരീക്ഷയിൽ ഉന്നതവിജയം നേടുകയും, ബാക്കി മൂന്നുപേർ യൂണിവേഴ്സിറ്റി പഠനത്തിന് അർഹരാകുകയുമുണ്ടായി. ഇപ്പോൾ വിവിധ ഗ്രാമങ്ങളിൽ നിന്നുമായി പത്തുകുട്ടികൾ ഇവിടെ താമസിച്ചു പഠിക്കുന്നു. ഇരുപത്തിയഞ്ച് കുട്ടികൾ ഉൾക്കൊള്ളുന്ന ഒരു സംവിധാനം ഒരുങ്ങിക്കൊണ്ടുമിരിക്കുന്നു. ഇതോടൊപ്പം തയ്യൽ പരിശീലനവും, കാർഷിക പരിശീലനവും ആരംഭിച്ചു. 2013 ൽ ടെക്നിക്കൽ കോളേജിന് അംഗീകാരം ലഭിച്ചതോടെ മെറ്റൽ മാനുഫാക്ചറിംഗ്, ടെക്സ്റ്റൈൽ - ഗാർമെന്റ്സ്, സ്ട്രക്ചറൽ കൺസ്ട്രക്ഷൻ-ഇൻഫർമേഷൻ-കമ്യൂണിക്കേ

ഷൻ ടെക്നോളജി തുടങ്ങിയ കോഴ്സുകളും ആരംഭിച്ചു.

കത്തോലിക്കാ, എത്യോപ്യൻ ഓർത്തഡോക്സ്, പ്രൊട്ടസ്റ്റന്റ് വിശ്വാസികൾക്കിടയിലെ അനൈക്യം മനസ്സിലാക്കി ക്രൈസ്തവരിൽ ഒരു ഐക്യബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തി എക്യുമെനിക്കൽ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. തദ്ദേശിയരായ പ്രസംഗകരുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ബഥനി ബൈബിൾ കൺവൻഷൻ വലിയൊരു വിജയമായതിന്റെ തീഷ്ണതയിൽ ഇന്നും വിവിധയിടങ്ങളിലായി ഇത് തുടരുന്നു. ഇത് വിഘടിച്ചു നിന്ന ക്രൈസ്തവരുടെ ഇടയിൽ വിശാലമായ ഒരു ഐക്യം രൂപപ്പെടുവാനും ദൈവാഭിമുഖ്യമുള്ള കുടുംബങ്ങൾ വളർന്നു വരുവാനും സഭാവ്യത്യസ്തതയുടെ അതിർവരമ്പുകൾ ഭേദിച്ച് ഒറ്റക്കെട്ടായി ക്രിസ്തുവിനുവേണ്ടി നിലകൊള്ളുവാനും ഇടയാക്കി.

എംഡിബിറിലെ ഞങ്ങളുടെ മിഷൻ പ്രവർത്തനത്തെ തുടർന്ന് 2014 ഫെബ്രുവരി 9 ന് ഗോറു എന്ന സ്ഥലത്ത് പുതിയ ബഥനി ആശ്രമം കൂദാശചെയ്യപ്പെട്ടു. ജൂലൈ 8 ന് നെക്കംതേ രൂപതയിൽ ബഥനിയുടെ മൂന്നാമത്തെ ആശ്രമം കൂദാശ ചെയ്യപ്പെടുകയാണ്. ഇവിടെ ഇടവകയും, രണ്ട് മിഷൻ സ്റ്റേഷനുകളും ഒരു സ്കൂളും ബഥനിയുടെ ശുശ്രൂഷയ്ക്കായി രൂപത വിട്ടുതന്നിരിക്കുന്നു. ഇപ്പോൾ ജിമ്മാ, അഡിഗാത്ത് തുടങ്ങിയ രൂപതകളിലും ബഥനിയുടെ ശുശ്രൂഷ വ്യാപിപ്പിച്ചിരിക്കുന്നു.

ബഥനിയുടെ എത്യോപ്യൻ മിഷൻ പ്രവർത്തനം ബഥനി സന്യാസി സമൂഹത്തിന് മാത്രമല്ല, മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കു തന്നെ അഭിമാനത്തിന് വക നൽകുന്നതാണ്. ഒരു നൂറ്റാണ്ട് മുമ്പ് പി.റ്റി. ഗീവർഗീസച്ചനിൽ പരിശുദ്ധാത്മാവ് കൊടുത്ത പ്രചോദനം ഇന്നും സാക്ഷാൽക്കരിച്ചു കൊണ്ടിരിക്കുന്നു. മലങ്കര കത്തോലിക്കാ സഭയിലെ ആശ്രമസ്ഥർക്കും, എത്യോപ്യയിലെ വിശ്വാസികൾക്കും ഈ ശുശ്രൂഷ ദൈവീകമായി നടത്തുന്നതിന് ഏവരുടെയും പ്രാർത്ഥനകൾ നമ്മെ ബലപ്പെടുത്തട്ടെ.

# പഞ്ചാബ്

## ബ്രദർ ഹഗ്ഗായി

2014 നവംബർ 14 ന് പഞ്ചാബിലെ ജലന്തർ കേന്ദ്രീകരിച്ച് ഒരു വാടക കെട്ടിടത്തിലാണ് ഇവിടെ മിഷൻ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. പ്രധാനമായും സ്വദേശികളായ വിഘടിച്ചു നിൽക്കുന്ന മറ്റ് ക്രൈസ്തവ വിശ്വാസികളിലും, ക്രിസ്തു മാർഗ്ഗത്തിൽ തൽപ്പരരായിട്ടുള്ളവരിലുമാണ് ശുശ്രൂഷ നിർവ്വഹിക്കപ്പെടുന്നത്. പഞ്ചാബിന്റെ മണ്ണിൽ ക്രിസ്തുവിന്റെ ശുശ്രൂഷ നിർവ്വഹിക്കപ്പെടുന്നതിന് സഹായകമായി 'മോഹ' എന്ന സ്ഥലത്ത് ബഥനി സന്യാസിനി സമൂഹത്തിന്റെ ഒരു കോൺവെന്റ് പ്രവർത്തിക്കുന്നു. ഇപ്പോൾ ജലന്തറിൽ ഒരു മിഷൻ ഹൗസ് സ്വന്തമായുണ്ട്. വിവിധ ഇടങ്ങളിലായി പതിമൂന്ന് മിഷൻ സ്റ്റേഷനുകൾ പ്രവർത്തിക്കുന്നു. മാസത്തിൽ രണ്ട് ഞായറാഴ്ചകളിലായി അഞ്ചുസ്ഥലങ്ങളിൽ കുർബ്ബാനയും, ബാക്കി സ്ഥലങ്ങളിൽ പ്രയർ മീറ്റിംഗുകളും നടക്കുന്നു. ഗുഡ്ഗാവ് രൂപതയിൽ നിന്നും ഫാ. ജിന്റോ ജോൺ, ഫാ. മാത്യു കുറ്റിയിൽ തുടങ്ങിയ വൈദികർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു. വിവിധ ഇടവകകളിലായി നൂറ്റിയെഴുപത് പേർ അംഗങ്ങളായും, ഏകദേശം രണ്ടായിരത്തഞ്ഞൂറ് പേരിലായി ശുശ്രൂഷകൾ നിർവ്വഹിക്കപ്പെട്ടുംവരുന്നു. സാമ്പത്തികമായും ബൗദ്ധികമായും മുന്നോക്കാവസ്ഥയിലാണെങ്കിലും ഇന്നും ആത്മീയമായും ഭൗതീകമായും പിന്നോക്കാവസ്ഥയിലുള്ള വ്യക്തികളും കുടുംബങ്ങളും ഇവിടെ ഏറെയാണ്.



"വിളവ് അധികം; വേലക്കാരോ ചുരുക്കം" (മത്തായി 9:37). ലാഭേച്ഛ കൂടാതെ കർത്താവിന്റെ ശുശ്രൂഷ തുടരാൻ വേലക്കാരുടെ അഭാവം പ്രത്യക്ഷത്തിൽ പഞ്ചാബിലെ മിഷൻ പ്രവർത്തനങ്ങളിൽ പ്രകടമാണ്. അശരണരിലും ആലംബഹീനരിലും ഇനിയും ഏറെ കർത്താവിന്റെ ശുശ്രൂഷ കടന്നുചെല്ലേണ്ടതുണ്ട്. വിളവ് കൊയ്യാൻ വേലക്കാർക്കു വേണ്ടി നമ്മുടെ കർത്താവിനോട് ഒരുമയോടെ നമുക്ക് അപേക്ഷിക്കാം. ■



# അലസരായിരിക്കുവാൻ നിങ്ങൾക്ക് എന്താണ് അവകാശം?

സമൂഹത്തിൽ വ്യത്യസ്ത സ്വഭാവമുള്ള വ്യക്തികളെ നമുക്ക് കാണുവാൻ കഴിയും. ചില വ്യക്തികളുമായി ഇടപെടുമ്പോൾ വലിയ പ്രചോദനവും പ്രോത്സാഹനവും നമുക്ക് ലഭിക്കുന്നു. ക്രിയാത്മകമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർക്കാണ് മറ്റുള്ളവരിലേയ്ക്ക് ഊർജ്ജം പകരുവാൻ കഴിയുന്നത്. അതിലൂടെ വ്യക്തികളെ പ്രവർത്തന നിരതരാക്കുവാനും കഴിയുന്നു.

ഇന്നത്തെ സമൂഹത്തിന് ആവശ്യം ഊർജ്ജസ്വലതയുള്ള വ്യക്തികളെയാണ്. എന്നാൽ അലസത ബാധിച്ച മനുഷ്യരെയാണ് നമുക്ക് കാണുവാൻ സാധിക്കുന്നത്. സമൂഹത്തിൽ സ്വാർത്ഥത വളരുന്നതിനും അധാർമ്മികത വർദ്ധിക്കുന്നതിനുമുള്ള കാരണങ്ങളിൽ പ്രധാനമായത് അലസതയാണ്.



ബിനു എബ്രഹാം

മികച്ച വിദ്യാഭ്യാസം നേടികഴിഞ്ഞാലുള്ള അടുത്ത ശ്രമം നല്ല ജോലി നേടുകയെന്നതാണ്. നിശ്ചിത വരുമാനമുള്ള ഒരു ജോലി നേടിക്കഴിഞ്ഞാൽ പിന്നെ അലസരായിമാറുന്നവരാണ് കേരളത്തിലെ ഭൂരിപക്ഷവും. സ്വകാര്യസ്ഥാപനത്തിലും ഗവൺമെന്റ് സ്ഥാപനങ്ങളിലും സ്ഥിരമായി ജോലി ലഭിച്ചുകഴിഞ്ഞാൽ പിന്നെ ജോലിയോടുള്ള ആത്മാർത്ഥതയേക്കാൾ ഉപരി 'എങ്ങനെ അവധിയെടുക്കാം' എന്ന ചിന്തയിലാണ് ബഹുഭൂരിപക്ഷം വരുന്ന നമ്മുടെ ചെറുപ്പക്കാർ. തൽഫലമായി ഉന്നത ബിരുദങ്ങൾ നേടിയ പലരും അർഹമായ ജോലിയിൽ എത്തിപ്പെടുവാൻ കഴിയാതെവരുന്നു. തങ്ങൾക്ക് മുൻപിലുള്ള അനന്തസാദ്ധ്യതകളെ കാണാത്തവർ വ്യക്തിപരമായ വികാസത്തിന്റെ തലങ്ങൾ അവഗണിക്കുന്നു. മുപ്പത് വയസ്സിൽ ജോലിയിൽ പ്രവേശിച്ച് പരിമിതമായ സ്ഥാനക്കയറ്റം നേടി 56-ാം വയസ്സിൽ വിരമിക്കുന്നതോടുകൂടി ജീവിതം ഭദ്രമായി എന്ന് ചിന്തിക്കുന്നു.

ആദ്യ ജോലിയിൽ നിന്നും മെച്ചപ്പെട്ട ജോലി ലഭിക്കണമെന്ന ചിന്ത മനസ്സിൽ കാത്തുസൂക്ഷിക്കുന്നവർക്ക് പരിശ്രമം ഒരു ജലധാരപോലെയാണ്. അടുത്ത 5 വർഷത്തിനുള്ളിൽ എന്റെ പ്രൊഫഷനിൽ ഏത് സ്ഥാനത്താണ് എനിക്ക് എത്തിപ്പെടുവാൻ കഴിയുന്നത്? 10 വർഷത്തിനുള്ളിൽ എന്റെ സമൂഹത്തിലെ സ്ഥാനം എന്താണ്? എന്റെ ജോലിയുമായി ബന്ധപ്പെട്ട മേഖലയിൽ മികവാർന്ന പ്രവർത്തനങ്ങൾ നടത്തുവാൻ ഞാൻ എന്ത് പരിശ്രമമാണ് നടത്തേണ്ടത്? ഇത്തരത്തിലുള്ള ചിന്തകൾ തീവ്രമായ ആഗ്രഹം (Burning Desire) ഒരു വ്യക്തിയിൽ സൃഷ്ടിക്കുന്നു. ഇത് ജോലിയിൽ മികവ് പുലർത്തുവാനും ഉന്നതമായ ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുവാനും നമുക്ക് സാധിക്കും.

ലോക പ്രശസ്തരായ വ്യക്തികളുടെയെല്ലാം മനസ്സിലൂടെ കടന്നുപോയ ഇത്തരം ചിന്തകളാണ് അവരെ മഹത്വ്യക്തികളാക്കി മാറ്റിയത്. ലോകത്തെ മാറ്റിമറിക്കുവാൻ അവർക്ക് കഴിഞ്ഞത് ആലസ്യത്തിൽ നിന്നും ഉണർന്നതുകൊണ്ടാണ്.

മത്സരപരീക്ഷകളിൽ ഉന്നത വിജയം നേടുന്നവരോടും മികച്ച ജോലി ലഭിക്കുന്നവരോടും പലപ്പോഴും നമുക്ക് ആരാധന തോന്നാറുണ്ട്. എന്നാൽ അവർക്കിത് സാധിക്കാമെങ്കിൽ എനിക്ക് എന്തുകൊണ്ട് ആയിക്കൂടാ എന്ന ചിന്ത വളർത്തിയെടുക്കുവാൻ നമ്മൾ പരിശ്രമിച്ചാൽ അത്ഭുതങ്ങൾ നമ്മുടെ ജീവിതത്തിൽ സൃഷ്ടിക്കുവാൻ കഴിയും.

ദൃശ്യമാധ്യമങ്ങളുടെ മുമ്പിൽ കൂടുതൽ സമയം ചിലവഴിക്കുക, നിഷേധാത്മക ചിന്തകൾ മനസ്സിൽ സൂക്ഷിക്കുക, പ്രാർത്ഥനയിൽ താൽപര്യം പ്രകടിപ്പിക്കാതിരിക്കുക, സ്വയം വളരുന്നതിനുള്ള അവസരങ്ങൾ വിനിയോഗിക്കാതിരിക്കുക എന്നിവയെല്ലാം അലസതയുടെ ഗണത്തിൽപെടുന്നവയാണ്.

ജോലിയിൽ മികവ് നേടുന്നതോടുകൂടി ഉണ്ടാകുന്ന അഹങ്കാരം വ്യക്തികളുടെ നാശത്തിന് കാരണമാകുന്നു. ഞാൻ ഇല്ലെങ്കിൽ സ്ഥാപനമില്ലെന്ന മട്ടിലുള്ള പ്രവർത്തനങ്ങൾ നമ്മുടെ വ്യക്തിത്വത്തിന് മങ്ങലേൽപ്പിക്കുന്നവയാണ്. അറിവു നേടി മികവ് വർദ്ധിപ്പിക്കുന്നതിനുപകരം സഹപ്രവർത്തകനെ താറടിച്ച് മികവ് പ്രകടിപ്പിക്കുന്ന ശൈലിയാണ് പല സ്ഥാപനങ്ങളിലും കാണപ്പെടുന്നത്. ജോലി ചെയ്യുക എന്നതിലുപരി, എങ്ങനെ ജോലി ചെയ്യാതിരിക്കുക എന്നതിൽ ശ്രദ്ധിക്കുമ്പോഴാണ് അലസതാമനോഭാവം കൂടുതൽ ശക്തി പ്രാപിക്കുന്നത്.

യേശുക്രിസ്തുവിന്റെ ജീവിതത്തിലൂടെ നാം കടന്നുപോകുമ്പോൾ ഊർജ്ജസ്വലതയുള്ള ഒരു വ്യക്തിയെയാണ് നമുക്ക് കാണുവാൻ കഴിയുന്നത്. തനിക്കുചുറ്റുമുള്ളവരിൽ ഊർജ്ജം പകരുന്ന യേശുനാഥൻ ക്രിയാത്മക ചിന്തകളാണ് ലോകത്തിന് നൽകിയത്. അലസതയെന്ന മുഖ്യശത്രുവിനെ ജീവിതമാകുന്ന പടിക്ക് പുറത്തു നിർത്തുവാൻ വ്യക്തികൾ ശ്രദ്ധിച്ചേ മതിയാവൂ. അല്ലെങ്കിൽ ജീവിതത്തെ തകർത്തെറിയുവാൻ അലസതയ്ക്ക് അധിക കാലം വേണമെന്നില്ല.

വിജയത്തിന് കുറുക്കുവഴികളില്ല എന്ന ആപ്തവാക്യം നമുക്ക് സ്വീകരിക്കാം. ജീവിതത്തിൽ ഉന്നതമായ ലക്ഷ്യങ്ങളിൽ എത്തിച്ചേരണമെങ്കിൽ അലസസ്വഭാവം വലിച്ചെറിയണം. നിരന്തരമായ പരിശ്രമവും അർപ്പണബോധവും മനുഷ്യന്റെ വളർച്ചയ്ക്ക് സഹായമാണ്.

ഓരോ മേഖലയിലും പ്രവർത്തിക്കുന്ന വ്യക്തികൾ ആ മേഖലയിൽ ശ്രേഷ്ഠരായി മാറണം. അദ്ധ്യാപകനാകുന്ന വ്യക്തി മികച്ച അദ്ധ്യാപകനായി മാറണം. അതിന് ആവശ്യമായ അറിവും ശേഷിയും ആർജ്ജിക്കണം. അഭിഭാഷകനും ബിസിനസുകാരനും ഡ്രൈവറും, സെയിൽസ്മാനും മികച്ചവരായി മാറണം. മികവുള്ളവരുടെ ലോകമാണ് ഇന്നുള്ളത്. ആയതിനാൽ നിരന്തരം നമ്മുടെ അറിവിന്റെ നിലവാരം ഉയർത്തണം. ഈ കാര്യത്തിലുണ്ടാകുന്ന അലസത നമ്മുടെ പ്രൊഫഷനെ ബാധിക്കുമെന്നതിൽ സംശയമില്ല.



വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള നിരവധി അവസരങ്ങൾ ഇന്നുണ്ട്. വിദൂരവിദ്യാഭ്യാസത്തിലൂടെ നിരവധി ബിരുദങ്ങൾ നേടുവാനുള്ള സംവിധാനങ്ങൾ ഇന്ന് നമുക്ക് മുൻപിലുണ്ട്. ലോകത്തിന്റെ ഏത് ഭാഗത്തുമുള്ള യൂണിവേഴ്സിറ്റികളിൽ നിന്നും ഓൺലൈനായി പഠിക്കുന്നതിനും ഡിഗ്രികൾ നേടുന്നതിനും അവസരങ്ങളുണ്ട്. വിദ്യാലയങ്ങളിൽ പോയി പഠിക്കുവാൻ കഴിയാത്തവർക്ക് സാക്ഷരതാമിഷന്റെ നേതൃത്തതിൽ തുല്യതാകോ

ഴ്സുകളിൽ ചേർന്ന് പഠിക്കുന്നതിന് ഇന്നു കഴിയും. ഓപ്പൺ യൂണിവേഴ്സിറ്റികളുടെ സാദ്ധ്യതകൾ ഇന്ന് അനന്തമാണ്.

നമുക്ക് മുൻപിലുള്ള അനന്തസാദ്ധ്യതകളെ ഉപയോഗിക്കാത്തത് അലസതയാണ്. അലസത ഒരു പാപം തന്നെയാണ്. അധ്വാനിക്കാതെ ഭക്ഷിക്കുന്നതിന് അധാർമ്മികതയുണ്ട്. ആയതിനാൽ അലസരായിരിക്കുവാൻ ആർക്കും അവകാശമില്ല. ജോലി ചെയ്യാതിരിക്കുന്നത് അവകാശമല്ല. അത് കർത്തവ്യലംഘനമാണ്. വളരുവാനുള്ള എല്ലാ സാധ്യതകളും ഉപയോഗിക്കുവാനും അത് മറ്റുള്ളവർക്ക് പകർന്നുകൊടുക്കുവാനും നമുക്ക് കഴിയുമ്പോഴാണ് ഭൂമിയിലെ ജീവിതം ധന്യമാകുന്നത്.

നമുക്ക് ചുറ്റുമുള്ളവരുടെ ജീവിതത്തിന് അന്തസ്സുണ്ടാകുന്നതിന് നമുക്ക് കഴിയണം. ജീവിക്കുന്നതിൽ സന്തോഷം തോന്നണം. സന്തോഷം മറ്റുള്ളവരിലേയ്ക്ക് പകരണം. സന്തോഷം പ്രത്യാശയും പ്രത്യാശ ക്രിയാത്മകതയും നൽകുന്നു. ക്രിയാത്മകമായ മനസ്സിൽ അലസതയ്ക്ക് സ്ഥാനമുണ്ടാകില്ല.


ഒരു വ്യക്തിയെ ഉയർത്തുന്നതും താഴ്ത്തുന്നതും സമൂഹമോ കുടുംബ സാഹചര്യങ്ങളോ അല്ല. അയാളുടെ ഭാവിക്ക് അയാൾ തന്നെയാണ് ഉത്തരവാദി. ജീവിതത്തിലെ പരാജയങ്ങൾക്ക് ആരെയും പഴിച്ചിട്ട് കാര്യമില്ല. നല്ല ഭാവി ഉണ്ടാകണമെങ്കിൽ അതിനായി ആഗ്രഹിക്കണം. എല്ലാറ്റിന്റെയും തുടക്കമായി ആഗ്രഹം മാറും. ആഗ്രഹങ്ങളെ തീവ്രമാക്കിയില്ലെങ്കിൽ അലസത നമ്മെ ഭരിക്കുവാൻ തുടങ്ങും. പ്രാർത്ഥനയിൽ ആയിരിക്കുന്നതും മനസ്സ് ശാന്തമായിരിക്കുന്നതും അലസതയിൽ നിന്നും അകലം പാലിക്കുവാൻ നമ്മെ സഹായിക്കും.

ഒന്നിനും സമയമില്ല എന്ന് പറയുന്നവർ യഥാർത്ഥത്തിൽ അലസരാണ്. എട്ട് മണിക്കൂറിൽ കൂടുതൽ ആർക്കും ജോലി ചെയ്യേണ്ട സാഹചര്യം ഇല്ല. എട്ട് മണിക്കൂർ ഉറങ്ങുന്നതിന് മാറ്റി വെയ്ക്കുന്നവരും ഉണ്ടാകാം. ഭക്ഷണം കഴിക്കുന്നതിനും മറ്റ് കാര്യങ്ങൾ ക്കുമായി ഒരുമണിക്കൂർ ചിലവഴിക്കാം. പ്രാർത്ഥനയ്ക്കായി ഒരു മണിക്കൂർ ക്രമീകരിക്കാം. ഒരു മണിക്കൂർ വിനോദങ്ങളിൽ ഏർപ്പെടുന്നുവെന്ന് ചിന്തിക്കുക. ഒരു മണിക്കൂർ യാത്ര ചെയ്യുന്നതിനായി ചിലവഴിച്ചാലും ബാക്കി വരുന്ന സമയം എങ്ങനെ ചിലവഴിക്കുന്നുവെന്നത് പ്രധാന കാര്യം തന്നെയാണ്. (8 + 8 + 1 + 1 + 1 +1 = 20) (24 X 20 = 480 മണിക്കൂർ). ഈ മണിക്കൂർ സമയം അലസതയോടുകൂടി ചിലഴിക്കുന്നവർ 'Time is money' എന്ന പ്രമാണം മറക്കാതിരിക്കുന്നത് നല്ലതായിരിക്കും. ●




ST. BERNARD





ST. BENEDICT

# കുരിശുമല ആശ്രമത്തിലേക്ക് സ്വാഗതം!!

"തിരുസഭയ്ക്കും മനുഷ്യസമുദായത്തിനും നൂറ്റാണ്ടുകളായി അതുല്യനേട്ടങ്ങൾ പ്രദാനം ചെയ്തിട്ടുള്ള ആദരണീയവും ആശ്രമാധിഷ്ഠിതവുമായ സന്യാസ ജീവിതരീതി പാശ്ചാത്യവും പൗരസ്ത്യവുമായ സഭകൾ അതിന്റെ ആദിമ ചൈതന്യത്തോടുകൂടി സംരക്ഷിക്കട്ടെ. അത് അധികമധികം ശോഭിക്കുകയും ചെയ്യട്ടെ. ആശ്രമപരിധിയിൽ ഒതുങ്ങിനിന്നുകൊണ്ട് വിനീതവും അതേസമയം വിശിഷ്ടവുമായ ശുശ്രൂഷ ദൈവസന്നിധിയിൽ സമർപ്പിക്കുകയാണ് ആശ്രമസ്ഥരുടെ പ്രഥമവും പ്രധാനവുമായ ധർമ്മം."
(Vatican II, Religious Life, 9)

ആർഷഭാരത പാരമ്പര്യത്തിനും ജീവിതരീതിക്കും മലങ്കര ആരാധനാക്രമത്തിനും അനുരൂപമായി വി. ബെനഡിക്റ്റിന്റെയും വി. ബർണാർഡിന്റെയും ആധ്യാത്മികത പിന്തുടരുന്ന ഇന്ത്യയിലെ ഏക ട്രാപ്പിസ്റ്റ് സന്യാസാശ്രമത്തിൽ അംഗമായി ക്രിസ്തുവിനും തിരുസഭയ്ക്കുംവേണ്ടി ലളിതവും ധ്യാനാത്മകവുമായ (Contemplative) സന്യാസജീവിതം നയിക്കുവാൻ താല്പര്യമുള്ള 20-നും 35-നും മദ്ധ്യേ പ്രായമുള്ളവരും എസ്എസ്എൽസി എങ്കിലും വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ യുവാക്കൾക്ക് വരാൻ കുരിശുമല ആശ്രമത്തിലേക്ക് സ്വാഗതം!. കൂടുതൽ വിവരങ്ങൾക്ക് താഴെക്കാണുന്ന വിലാസത്തിൽ ബന്ധപ്പെടുകയോ നേരിൽ കാണുകയോ ചെയ്യുക.

**Postal Address: Acharya, Kurisumala Ashram, Vagamon 685 503, Kottayam, Kerala.**
**Telephone: 9961729917, 9744191029, 8281903158**
**E-Mail: kurisumala1958@gmail.com, website: www.kurisumalaashram.in**

## അമ്മ മനസ്സ്



ഡോ. ജിനു എജി പാറപ്പാട്ട്

# അർത്ഥവത്തായ മാതൃത്വം

മാതൃത്വം വാക്കുകൾകൊണ്ട് വർണ്ണിക്കുവാൻ കഴിയുന്നതിനപ്പുറം ആഴവും പരപ്പും അത് ഉൾക്കൊള്ളുന്നു. ഒരു സ്ത്രീയുടെ ഉദരത്തിൽ ഒരു നേർത്ത തുടിപ്പായി ജീവൻ ഉടലെടുക്കുന്ന നിമിഷം മുതൽ മാതൃത്വം എന്ന സവിഷേഷാവസ്ഥയിലേക്ക് അവൾ കടന്നുവരുന്നു. ചൂടും തണുപ്പുമൊന്നുമറിയാതെ അമ്മയുടെ ഉദരത്തിലായിരിക്കുന്ന പുതുജീവൻ അമ്മയിൽ നിന്ന് പ്രാണവായുവും ആഹാരവും എന്നു വേണ്ട, ജീവന്റെ നിലനിൽപ്പിനാവശ്യമായതെല്ലാം സ്വീകരിക്കുന്നു. അതുപോലെ അമ്മയുടെ ചുറ്റുപാടും നടക്കുന്നകാര്യങ്ങളും അതിലുപരി അമ്മയുടെ വിചാര വിചാരങ്ങളും ഒപ്പിയെടുക്കുവാൻ ആ കുഞ്ഞു ജീവന് കഴിയുമത്രേ.

മാർ ഈവാനിയോസ് പിതാവിനെയും മാർ തെയോഫിലോസ് പിതാവിനെയും അനുസ്മരിക്കുന്ന ഈ കാലഘട്ടത്തിൽ പുണ്യമുഖരിതമായ ജീവിതത്തിന് ഉടമകളായിരുന്ന വന്ദ്യപിതാക്കന്മാരുടെ അമ്മമാരേക്കുറിച്ച് ചിന്തിച്ചുപോകുന്നു. വിജ്ഞാനവും സാഹചര്യങ്ങളും അത്രയൊന്നും വളർന്നിട്ടില്ലാത്ത ആ കാലഘട്ടത്തിൽ തങ്ങളുടെ മക്കളെ ഉദരത്തിൽ വഹിക്കവേ, ആ അമ്മമാരുടെ ഹൃദയത്തിലെ വികാരവിചാരങ്ങൾ എത്ര നിർമ്മലവും പരിപക്വവും ആയിരുന്നിരിക്കണം. ധൈര്യസമേതം ജീവിത സാഹചര്യങ്ങളെ അതിജീവിക്കുവാനും തീരുമാനമെടുക്കേണ്ട സമയത്ത് ഉചിതമായ തീരുമാനങ്ങൾ എടുക്കുവാനും അനാവശ്യമായവയോട് വേണ്ട എന്നു പറയുന്നതിനുള്ള പക്വത കാണിക്കുന്നതിനും ഉതകുന്ന ആത്മബലം മക്കളിലേക്ക് പകർന്നുകൊടുത്ത അമ്മമാരെ മനസ്സാ നമിക്കുന്നു. ചെറുപ്പകാലങ്ങളിൽ ലഭിച്ച പരിശീലനമാണ് നാനാഭാഗത്തുനിന്നും ഉയർന്നു വന്ന എതിർപ്പുകളെ സധൈര്യം നേരിട്ട് സത്യസഭയെ പുൽകുന്നതിന് സഭാപിതാക്കന്മാരെ പ്രാപ്തരാക്കിയത്.

പത്രമാധ്യമങ്ങളിൽ വർദ്ധിച്ചുവരുന്ന കൗമാരക്കാരുടെയും യുവജനങ്ങളുടെയും ആത്മഹത്യകളെക്കുറിച്ചുള്ള വാർത്തകൾ വായിക്കാനിടയാകുമ്പോൾ, പലതിനെപ്പറ്റിയും വ്യാകുലരാകുന്ന നമ്മൾ മക്കൾക്ക് അവശ്യമായ ഗുണങ്ങൾ പകർന്നുകൊടുക്കുന്നതിൽ വീഴ്ച വരുത്തുന്നുണ്ടോ എന്നു തിരിഞ്ഞുനോക്കുന്നത് നന്നായിരിക്കും. കുഞ്ഞിന്റെ ജനനത്തിനു മുൻപുതന്നെ സ്കൂൾ അഡ്മിഷനും അവന്റെ ഉദ്യോഗവും സുന്ദരമായ ജീവിതവും നമ്മൾ സ്വപ്നം കാണുന്നു. അത് വേണ്ടതുതന്നെ. പക്ഷെ, അതിലുപരി എന്റെ കുഞ്ഞിനെ ഒരു നല്ല മനുഷ്യനാക്കിത്തീർക്കണം എന്ന സ്വപ്നം നാം കാണാറുണ്ടോ? എന്റെ കുഞ്ഞ് ആത്മധൈര്യം ഉള്ളവനായിരിക്കുമെന്ന് ചിന്തിക്കാറുണ്ടോ? ഉയർച്ചയായാലും താഴ്ചയായാലും അവന് അത്താണിയായി എല്ലാത്തിനെയും നിയന്ത്രിക്കുന്ന സൃഷ്ടാവിന്റെ അദൃശ്യകരം ഉണ്ടെന്ന ബോദ്ധ്യം അവനുണ്ടാകണമെന്ന് ആഗ്രഹിക്കാറുണ്ടോ? ഇതൊന്നും നമ്മെ സംബന്ധിച്ച് വലിയ കാര്യമായി തോന്നുന്നില്ലായിരിക്കാം. എന്നാൽ അമ്മയുടെ മനസ്സിൽ എന്തെല്ലാം ചിന്തകൾ നിരന്തരം കടന്നുപോകുന്നുവോ അത് കുഞ്ഞിന്റെ മാനസികാവസ്ഥയെ ബാധിക്കുന്നു. 'നീ എന്ത് ചിന്തിക്കുന്നുവോ അതായിത്തീരും' എന്ന നെപ്പോളിയൻ ഹില്ലിന്റെ വാക്യങ്ങൾ അനുസ്മരിക്കട്ടെ. നമ്മുടെ മക്കൾ നമ്മൾ സ്വപ്നത്തിൽ നെയ്തെടുത്തതുപോലെ നല്ല വിദ്യാർത്ഥികളാകുന്നു, നല്ല ജോലി നേടുന്നു, സമ്പന്നരാകുന്നു. എന്നാൽ പച്ചയായ ജീവിതയാഥാർത്ഥ്യങ്ങളെ നേരിടുവാനുള്ള ധൈര്യമില്ലാതെ അവൻ കൊഴിഞ്ഞുവീഴുന്നു.

അതിനാൽ ആഗ്രഹിച്ച് ആഗ്രഹിച്ച് നമുക്ക് നമ്മുടെ മക്കളെ നല്ല മനുഷ്യരാക്കി തീർക്കണം. അമ്മ ഉദരത്തിലെ കുഞ്ഞിനോട് നിരന്തരം സംവദിക്കണം. ഭൗതികകാര്യങ്ങൾ മാത്രമല്ല, അവന്റെ മാനസിക വളർച്ചയ്ക്കും പാകതയ്ക്കും ഉതകുന്ന കാര്യങ്ങളേക്കുറിച്ചും.

കുഞ്ഞിന്റെ ജനനശേഷ

മുള്ള വളർച്ചയുടെ ആദ്യഘട്ടത്തിൽ തന്നെ അമ്മയ്ക്ക് അവനെ സ്വാധീനിക്കുവാൻ കഴിയും. അമ്മയുടെ ചലനവും ഭാവങ്ങളും കുഞ്ഞിന് പാഠപുസ്തകങ്ങളാണ്. ഈ കാലഘട്ടത്തിൽ സ്നേഹത്തിന്റെയും കരുതലിന്റെയും സംരക്ഷണകവചം അവനെ സുരക്ഷിതത്വബോധമുള്ളവനാക്കിത്തീർക്കും. അതോടൊപ്പം ആത്മധൈര്യം കുട്ടികൾക്ക് പകർന്നുകൊടുക്കുവാൻ അമ്മമാർ ശ്രദ്ധിക്കേണ്ടതുണ്ട്. ഉദാഹരണമായി, മക്കൾക്ക് അസുഖം വരുമ്പോൾ അവരുടെ മുൻപിൽ ഇരുന്ന് കരയുന്ന അമ്മ മക്കളുടെ ആത്മവീര്യം നശിപ്പിക്കുന്നു. രോഗങ്ങളിൽ തളരുന്നവരാക്കിത്തീർക്കുന്നു. ഇത് ഒരു ചെറിയ സന്ദർഭം മാത്രം. ഇതുപോലെ, അനുദിന ജീവിതത്തിൽ ചെറിയ ചെറിയ പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ, സധൈര്യം മുൻപോട്ടു പോകുവാൻ കുഞ്ഞുങ്ങൾ പരിശീലനം നേടും.

'കുട്ടികളല്ലേ...അവർക്കെന്തറിയാം?' എന്നു പറഞ്ഞ് മക്കൾക്ക് എന്തും ചെയ്യുവാനുള്ള സ്വാതന്ത്ര്യം കൊടുക്കുന്നത് ഭാവിയിൽ ഗുരുതരമായ പ്രശ്നങ്ങൾക്ക് വഴിതെളിക്കും. അഭികാമ്യമല്ലാത്ത കാര്യങ്ങൾ ചെയ്യുമ്പോൾ 'അരുത്', 'വേണ്ട' എന്ന് തീക്ഷ്ണമായി താക്കീതു നൽകുന്ന അമ്മ അപ്പോൾ മക്കൾക്ക് താത്കാലികമായ വേദന നൽകുമെങ്കിലും പിന്നീട് അത് നൂറുമേനി ഫലം നൽകും. ജീവിതത്തിലെ നിർണ്ണായക നിമിഷങ്ങളിൽ ചെയ്യേണ്ടതെന്ത്, ചെയ്യരുതാത്തത് എന്ത് എന്ന തീരുമാനമെടുക്കുന്നതിനും തനിക്ക് ആവശ്യമില്ലാത്ത കാര്യങ്ങളോട് 'വേണ്ടാ' എന്ന മനോഭാവം കാണിക്കുവാനും തക്കസമയത്ത് പ്രതികരിക്കുവാനും കുഞ്ഞുങ്ങളെ പ്രാപ്തരാക്കുന്നതിന് ഈ പരിശീലനം സഹായകമാകും. ഒരുപക്ഷേ, ഇത്തരമൊരു പരിശീലനം സ്വഭവനത്തിൽ നിന്നു ലഭിച്ചതുകൊണ്ടാകാം സത്യസഭയെ ആശ്ലേഷിക്കുവാൻ, എതിർപ്പുകളെ




വകവയ്ക്കാതെ, സുഖകരമായ ജീവിതാവസ്ഥയിൽ നിന്നും ഒന്നുമില്ലായ്മയിലേക്ക് സധൈര്യം ഇറങ്ങി വരുവാൻ മാർ ഈവാനിയോസ് പിതാവിന് കഴിഞ്ഞത്. ഇത്തരം പരിശീലനം നമ്മുടെ കുടുംബങ്ങളിൽ ലഭിച്ചാൽ നമ്മുടെ മക്കൾ തെറ്റായ പ്രവണതകൾക്കും സ്വഭാവവൈകല്യങ്ങൾക്കും അടിമപ്പെട്ട് ആത്മഹത്യപോലെയുള്ള വൻ വിപത്തുകളിലേക്ക് നിപതിക്കാതെയിരിക്കും.

ഇതിലെല്ലാമുപരി അമ്മ മക്കൾക്ക് പകർന്നുകൊടുക്കേണ്ട ഗുണമാണ് അചഞ്ചലമായ ദൈവാശ്രയം. അമ്മയെ കണ്ട് മക്കൾ ഭക്തി അഭ്യസിക്കണം. അസാദ്ധ്യമായതെന്നു തോന്നുന്നവ പോലും സാദ്ധ്യമാക്കിത്തീർക്കുന്ന ഒരുനാളും കൈവിടാത്ത ദൈവം കൂടെയുണ്ട് എന്ന ബോദ്ധ്യത്തിൽ കുട്ടികളുടെ മനസ്സിനെ രൂപപ്പെടുത്തിയെടുക്കണം. മാർ ഈവാനിയോസ് പിതാവിന്റെ മരിയഭക്തി ഇവിടെ അനുസ്മരിക്കട്ടെ. വന്ദ്യപിതാവിന്റെ അമ്മ ഒരു തികഞ്ഞ മരിയഭക്തയായിരുന്നു. അതിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട പിതാവ് ജീവിതത്തിൽ മാതാവിനോട് കാത്തു സൂക്ഷിച്ച അചഞ്ചലമായ ഭക്തി പ്രതിസന്ധി ഘട്ടങ്ങളിൽ പിതാവിന് ധൈര്യം പകർന്നു. എന്റെ കർത്താവിനെ പെറ്റ അമ്മച്ചി എന്നാണ് വന്ദ്യപിതാവ് പരിശുദ്ധ അമ്മയെ സംബോധന ചെയ്തിരിക്കുന്നത്. ദൈവപിതാവിനോടുള്ള അതിരറ്റ വിശ്വാസവും അതിലൂടെ പരിശുദ്ധ അമ്മയോടുള്ള ആശ്രയവും സ്വന്തം മാതാവിൽ നിന്ന് ആർജ്ജിച്ചെടുത്ത പിതാവിനേപ്പോലെ, നമ്മുടെ മക്കളും ആത്മധൈര്യത്തോടെ അനുദിനജീവിതത്തിൽ മുന്നേറുവാൻ നമുക്കും വിശ്വാസചൈതന്യവും പരിശീലനവും നമ്മുടെ മക്കൾക്ക് പകരാം. ജീവിതയാഥാർത്ഥ്യങ്ങൾക്കു മുൻപിൽ പതറാതെ, പക്വമായി അവയെ നേരിടുവാൻ അങ്ങനെ നമ്മുടെ മക്കൾക്കു കഴിയട്ടെ. ചിന്തയിലൂടെയും മാതൃകയിലൂടെയും അങ്ങനെ നമുക്ക് നമ്മുടെ മക്കളെ മനുഷ്യത്വമുള്ളവരായി വളർത്താം.



# ആത്മീയ വിദ്യാഭ്യാസം



ജോയി കല്ലുങ്കൽ

"ശിശു വളർന്നു ജ്ഞാനം നിറഞ്ഞു. ദൈവത്തിന്റെ കൃപ അവന്റെമേൽ ഉണ്ടായിരുന്നു." ലൂക്കോസ് 2:40

ആധുനികലോകം ജ്ഞാന സമ്പാദനത്തിനായി വിദ്യാഭ്യാസത്തെയാണ് ആശ്രയിക്കുന്നത്. എങ്ങനെയെങ്കിലും രണ്ടരവയസ്സായിരുന്നെങ്കിൽ പ്ലേസ്കൂളിൽ ആക്കാമെന്ന ചിന്ത ഇന്നത്തെ മാതാപിതാക്കളുടെ അഭിമാന പ്രശ്നങ്ങളിലൊന്നായി മാറിയിരിക്കുന്നു. തുടർന്ന് എൽ.കെ.ജി, യു.കെ.ജി.കളിലൂടെ ഉന്നതപഠനംവരെ ആ പൈതലിന്റെ ജീവിതം ഇഴഞ്ഞുനീങ്ങുന്നു. യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭമാണെന്ന സത്യംപോലും മറന്ന് കുഞ്ഞിന്റെ വിദ്യാഭ്യാസത്തിന് ആരംഭം കുറിക്കുന്നു. വിദ്യാഭ്യാസമെന്നാൽ അക്കാദമിക് വിദ്യാഭ്യാസമെന്നാണ് ഇന്നു നാം മനസ്സിലാക്കിയിരിക്കുന്നത്. എന്നാൽ ഇതിലുപരി ആത്മീയ വിദ്യാഭ്യാസമാണ് നാം നടത്തേണ്ടതെന്ന് ഇനിയെങ്കിലും മനസ്സിലാക്കാൻ ശ്രമിക്കാം. ആത്മീയ വിദ്യാഭ്യാസം നാം നേടുന്നത് മതബോധനം അഥവാ സണ്ടേസ്കൂൾ ക്ലാസ്സുകളിലൂടെയാണ്.

"ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകലജാതികളെയും ശിഷ്യരാക്കിക്കൊള്ളുവിൻ." ഇങ്ങനെ കല്പിച്ചുകൊണ്ട് യേശുനാഥൻ തന്റെ ശിഷ്യന്മാരെ ക്രൈസ്തവപ്രേഷിത ദൗത്യം ഏല്പിച്ച് സ്വർഗ്ഗാരോഹണം ചെയ്തു. ആദ്ധ്യാത്മിക വിദ്യാഭ്യാസത്തിന് ബീജാവാപം ചെയ്തുകൊണ്ട് തങ്ങളെ ഏല്പിച്ച ദൗത്യം ശിഷ്യന്മാരിൽ തുടങ്ങി ഇന്നുവരെയും തുടർന്നുകൊണ്ടേയിരിക്കുന്നു. ഇതിനായി ഇറങ്ങിത്തിരിച്ച സ്തേഫാനോസ് മുതൽ അനേകായിരങ്ങൾ വധിക്കപ്പെട്ടു. അങ്ങനെ വിശുദ്ധന്മാരുടെ രക്തം വീണു കുതിർന്ന ഈ മണ്ണിൽ വിശ്വാസത്തിന്റെ വിത്ത് വിതക്കപ്പെട്ടു. ഈ വിശ്വാസത്തെയാണ് ആത്മീകവിദ്യാഭ്യാസത്തിലൂടെ അഥവാ മതബോധനത്തിലൂടെ നാം വളർത്തിയെടുക്കുന്നത്.

മതം എന്നാൽ അഭിപ്രായമെന്നും ധർമ്മമെന്നുമാണർത്ഥം. ഇവിടെ നമ്മൾ അഭിപ്രായത്തെ പുറംതള്ളി ധർമ്മത്തെ സ്വീകരിച്ചെങ്കിൽ മാത്രമെ മതബോധനത്തിന്റെ പ്രാധാന്യം മനസ്സിലാകൂ. നമുക്ക് മതബോധനം സണ്ടേസ്കൂൾ ക്ലാസ്സുകളിലൂടെയാണല്ലോ ലഭിക്കുന്നത്. ആദിയിൽ ദൈവം ആദാമിനെ സൃഷ്ടിച്ച് അവന്റെ മൂക്കിലൂടെ ജീവശ്വാസം ഊതിയെന്നും,

നിന്നെ ആരു സൃഷ്ടിച്ചു എന്ന ചോദ്യത്തിന് ദൈവം എന്നെ സൃഷ്ടിച്ചു, ദൈവത്തെ അറിഞ്ഞ് ആരാധിച്ച് നിത്യ രക്ഷ പ്രാപിക്കുന്നതിനായി സൃഷ്ടിച്ചു എന്നുമുള്ള മത ബോധനമല്ല നമുക്കിന്നാവശ്യം. പ്രത്യുത; 'ഉണ്ടാകട്ടെ' എന്ന വാക്കിനാൽ സകലവും സൃഷ്ടിച്ചവൻ മനുഷ്യനെ സൃഷ്ടിക്കുവാനായി വാക്കിനു പകരം മണ്ണുകുഴച്ച് പ്രവൃത്തി യിൽ ഏർപ്പെട്ടത് എന്തിനായി രിക്കാം. അനുസരണക്കേടി ലൂടെ ദൈവശാപമേറ്റ അവൻ രക്ഷപ്രാപിക്കാനായി യഹോവ പത്തു കല്പനകൾ സ്വന്തം കയ്യാൽ എഴുതി നല്കിയത് എന്തിനായിരിക്കാം. സൃഷ്ടിക ളുടെ രക്ഷക്കായി സൃഷ്ടാവ് മനുഷ്യനായി പിറന്ന് മരണം വരിച്ചതെന്തിനാണ്?. നാളിതു വരെ ലോകവസ്തുക്കൾ മാത്രം തിന്നു ജീവിച്ച മനുഷ്യ വർഗ്ഗത്തിന് ക്രിസ്തുനാഥൻ തന്റെ ശരീരരക്തങ്ങൾ ഭക്ഷണ മായി നല്കിയതിന്റെ രഹസ്യ മെന്തായിരിക്കാം? ഇങ്ങനെ നീണ്ടുനീണ്ടു പോകുന്ന അന്ത മില്ലാത്ത ചോദ്യങ്ങൾക്ക് ഉത്തരം നല്കുന്നതായിരി ക്കണം നമ്മുടെ മതബോധനം. എങ്കിൽ മാത്രമേ നമ്മുടെ ആത്മാവിന് ദൈവവുമായുള്ള ബന്ധം നിലനിർത്തുന്നതിന് സാധിക്കൂ. എന്നാൽ നാമിതു മനസിലാക്കിയാൽ മാത്രം പോരാ; നമ്മുടെ ക്രൈസ്തവ വിശ്വാസത്തിന്, മതപരമായ നിലനില്പിന് പുറജാതികളിൽ നിന്നും വെല്ലുവിളികൾ ഉണ്ടാ യികൊണ്ടിരിക്കുന്നു. ഇതിനെ തിരെ സന്ധിയില്ലാസമരം നാം നയിക്കേണ്ടിയിരിക്കുന്നു. ആയു ധമില്ലാത്തവന് അടരാടാൻ സാദ്ധ്യമല്ലാത്തതുപോലെ, വിശ്വാസമില്ലാത്തവന് - അറിവി ല്ലാത്തവന് ഈ സമരത്തിൽ വിജയം വരിക്കാനാവില്ല. മനു ഷ്യനെ സൃഷ്ടിച്ചതീശ്വരനെ ങ്കിൽ ഈശ്വരനോടൊരു ചോദ്യം എന്നു പാടി നടക്കുന്ന നിഷേധികളുടെ മദ്ധ്യേ ജീവി ക്കുന്നതിനും നിലനില്പിനും മതബോധനം ഇന്നിന്റെ ആവ ശ്യമായി തീർന്നിരിക്കുന്നു. ഒരു ദൈവം മരിച്ചു എന്നു പറഞ്ഞ നിഷേധിയോട്, നിങ്ങൾ കൊന്നു കല്ലറയിൽവച്ച ദൈവം ജീവിച്ചു എന്നു മറുപടി പറ യാൻ സാധിക്കുന്നതായിരി ക്കണം നമ്മുടെ ആത്മീയവിദ്യാ ഭ്യാസം. യേശുവിന്റെ ചങ്കിനെ തകർക്കുന്നതിൽ വിജയിച്ചു എന്നു പറഞ്ഞവരോട് ആ ചങ്കിലെ രക്തം ഞങ്ങൾക്ക് അമൃതാണെന്ന് നാം വിളിച്ചുപ റയണമെങ്കിൽ നമ്മുടെ അറിവ് ഉറപ്പുള്ളതായിരിക്കണം.

ഈ വെല്ലുവിളികളെ അതി ജീവിക്കുവാൻ അക്കാദമിക് വിദ്യാഭ്യാസത്തോടൊപ്പം ആത്മീയ വിദ്യാഭ്യാസവും കുഞ്ഞുങ്ങൾക്ക് കൊടുക്കു വാൻ നമുക്ക് ശ്രദ്ധിക്കാം. ●


**വേർപാടിന്റെ ഒന്നാം വർഷം**
**2017 ജൂലൈ 11**



**ജോഷി ജോസഫ്**
**കണ്ണംകുളത്ത്, പനയമ്പാല**
ഒരിക്കലും മറക്കാത്ത ഓർമ്മകളുമായ്
അമ്മ : അന്നമ്മ, ഭാര്യ : ലിസി, മകൾ : അലീന
സഹോദരങ്ങൾ : മേഴ്സി, വിൻസി, മോൻസി

**പാവനസ്മരണയ്ക്ക്**
**ഒന്നാം ചരമവാർഷികം**



**മറിയാമ്മ നൈനാൻ**
**ചെറുമല, മീനടം**
**മരണം: 21 – 07 – 2016**
***സന്തപ്ത കുടുംബാംഗങ്ങൾ***



# ഒരു സത്യക്രിസ്ത്യാനിയുടെ പ്രാർത്ഥന

**ജിനിക്സ്**

കാലാകാലങ്ങളായി സുദീർഘങ്ങളായ ചർച്ചകൾക്കും സംവാദങ്ങൾക്കും വഴിതെളിച്ചിട്ടുള്ളവയാണ് സത്യക്രിസ്ത്യാനി, പ്രാർത്ഥന എന്നീ രണ്ടു പദങ്ങൾ. ആരാണ് ഒരു യഥാർത്ഥ ക്രിസ്ത്യാനി? സത്യക്രിസ്ത്യാനി എന്ന പദത്തിന്റെ ആധികാരികത എന്ത്? പ്രാർത്ഥന ഒരു ആദ്ധ്യാത്മിക അഭ്യാസം മാത്രമാണോ? മതത്തെ മാറ്റി നിർത്തിയുള്ള പ്രാർത്ഥന എന്ന സങ്കല്പത്തിന്റെ മാനമെന്ത്? ഭാരതീയദർശനത്തിലെ പ്രാർത്ഥനകളും മതപരമായ പ്രാർത്ഥനകളും രണ്ടു തലങ്ങളിലാണോ? എന്നിങ്ങനെ ഗവേഷകരും, ആദ്ധ്യാത്മിക ആചാര്യന്മാരും ചിന്തകരും തലപുകയ്ക്കുമ്പോൾ ഞാനും നിങ്ങളും അടങ്ങുന്ന പൊതുസമൂഹം പലപ്പോഴും നമ്മോടു തന്നെ ചോദിക്കാൻ വിട്ടുപോകുന്ന ഒരു ചോദ്യമുണ്ട്.

**എന്താണ് ഒരു സത്യക്രിസ്ത്യാനിയുടെ യഥാർത്ഥ പ്രാർത്ഥന? അല്ലെങ്കിൽ എന്തായിരിക്കണം?**


നേരം തെറ്റാതെ ചൊല്ലുന്ന യാമപ്രാർത്ഥനകളും, കൂദാശകളും, മറ്റ് മതാചാരങ്ങളും മാത്രമാണോ പ്രാർത്ഥന? ഇതിനെല്ലാമുപരി ഞാനും എന്റെ ദൈവവും മാത്രം സംസർഗത്തിലായിരിക്കുന്ന ഒരു ആത്മീയ അനുഭൂതിയാണ് പ്രാർത്ഥന എന്ന സത്യം നാം തിരിച്ചറിയേണ്ടതുണ്ട്. പരസ്പരമുള്ള ഈ ആത്മീയസംഭാഷണത്തിൽ എന്റെ ഡയലോഗ് എന്തായിരിക്കണം എന്നതാണ് ഓരോ വിശ്വാസിയും നേരിടുന്ന പ്രധാന വെല്ലുവിളി. സംവിധായകന്റെ നിർദ്ദേശമനുസരിച്ച്, മുൻകൂട്ടി എഴുതി തയ്യാറാക്കിയ സംഭാഷണങ്ങൾ മനഃപാഠം പഠിച്ച് പറയുന്ന അഭിനേതാവിനെക്കാൾ പലപ്പോഴും ജനശ്രദ്ധയും കൈയ്യടിയും നേടുന്നത് സാഹചര്യത്തിനൊത്തുയർന്ന് മനസ്സുകൊണ്ട് സംസാരിക്കുന്ന നടനാണ്. എഴുതി തയ്യാറാക്കിയ പ്രാർത്ഥനകൾ വെറും അനുഷ്ഠാനം പോലെ ഉരുവിടുന്നതിനേക്കാൾ ദൈവം വിലമതിക്കുന്നത് ഹൃദയത്തിൽ നിന്നുമുള്ള ആത്മാർത്ഥമായ അപേക്ഷയാണ്.

എന്താണ് ആത്മാർത്ഥമായ അപേക്ഷ എന്നതിനുള്ള ഉത്തരം തേടിചെന്നപ്പോൾ ചില സാഹിത്യകൃതികളിൽ പ്രത്യേകിച്ച് ഇന്ത്യൻ എഴുത്തുകളിൽ ആത്മീയതയുടെ അതിപ്രസരം പ്രകടമായിരുന്നു. (ടാഗോറിന്റെ സമീപനം വ്യത്യസ്തമാണ് എന്നത് അംഗീകരിക്കുന്നു.) അതുകൊണ്ട് തന്നെ മനസ്സിലാക്കുക പ്രയാസം. എന്നാൽ ആംഗലേയ സാഹിത്യകാരന്മാരിൽ എലിസബിത്തൻ കാലഘട്ടത്തിലെ കവികളിലൊരാളായ John Donne (ജോൺ ഡൺ) ആത്മീയതയുടെയും, പ്രാർത്ഥനയുടെയും, ദൈവവിശ്വാസത്തിന്റെയും ലളിതമായ പാഠങ്ങൾ തന്റെ 19 Holy Sonnet (14 വരിക്കവിതകൾ) കളിലൂടെ വിവരിക്കുന്നുണ്ട്. 1610 നു ശേഷം എഴുതിയ ഇത്തരം കവിതകൾ അദ്ദേഹത്തിന്റെ വ്യക്തിപരമായ ദൈവാന്വേഷണത്തിന്റെയും, വിശ്വാസസംഹിതകളെക്കുറിച്ചുള്ള സംശയദൂരീകരണത്തിന്റെയും, ചഞ്ചലവും കലുഷിതവുമായ ആത്മാവിന്റെയും പ്രകടമായ അവതരണങ്ങളായിരുന്നു. ഒരു സത്യക്രിസ്ത്യാനിയുടെ പ്രാർത്ഥന എന്തായിരിക്കണം എന്നതിന്റെ ഉത്തരം അദ്ദേഹത്തിന്റെ 14 വരിക്കവിതകൾ പറഞ്ഞുതരുന്നുണ്ട്.

**"Batter my heart : three personid God"**

(ത്രിയേക ദൈവമെ, എന്റെ ഹൃദയത്തെ ഉടച്ചുവാർക്കണ മെ.)

തന്റെ ഹൃദയകോട്ടയുടെ വാതിലുകൾ ഇടിച്ചുതകർത്ത് അകത്തേയ്ക്ക് കടന്നുവരാനാണ് കവി ത്രിത്വത്തിനോട് ആവശ്യപ്പെടുന്നത്. താനും ദൈവവും സ്നേഹത്തിലാണെന്ന് പറയുന്നതിന്റെ തൊട്ടടുത്തനിമിഷം കവി വിലപിക്കുന്നുണ്ട്, കാരണം അയാൾ ദൈവത്തിന്റെ ശത്രുവിനോട് (സാത്താൻ - പാപം) കൂടെയും കൂട്ടുകൂടിയിരിക്കുന്നു. അതിനാൽതന്നെ നിർബന്ധപൂർവ്വം തന്നെ ഈ കൂട്ടുകാരനിൽ നിന്ന് പിടിച്ചുമാറ്റുവാനും ഹൃദയത്തിന്റെ മോഹങ്ങളെ അലയാൻ വിടാതെ പിടിച്ചു നിർത്തുവാനും ആവശ്യപ്പെടുന്നു. ദൈവത്തിന്റെ കരവലയങ്ങളിലാണ് തന്റെ യഥാർത്ഥ സ്വാതന്ത്ര്യം എന്ന് തിരിച്ചറിഞ്ഞ ജോൺ ഡണിന് ഇതിൽപരം മനോഹരമായി പ്രാർത്ഥിക്കാൻ കഴിയുകയില്ല.



ക്രൈസ്തവ വീക്ഷണത്തിൽനിന്ന് ഒരല്പം മാറി ചിന്തിച്ചാൽപ്പോലും 21-ാം നൂറ്റാണ്ടിൽ ഈ ലഘുപ്രാർത്ഥന വളരെ പ്രസക്തമാണ്. കാരണം ശരീരത്തിനെയും മനസ്സിനെയും പോഷിപ്പിക്കാൻ കഠിനാധ്വാനം ചെയ്യുന്ന തലമുറ അതിനിടയിൽ ഹൃദയത്തിന്റെ പോഷണം പലപ്പോഴും മറന്നുപോകുന്നു. ഇത്തരം അവഗണനയാണ് ഇന്ന് ഇന്ത്യൻ സമൂഹം, പൊതുവായി മനുഷ്യകുലം നേരിടുന്ന മിക്ക പ്രശ്നങ്ങളുടെയും അടിസ്ഥാന കാരണം. മനുഷ്യനെ മനുഷ്യനായി കാണാനും, ജീവിതത്തിന്റെ അവസാനം മരണമാണെന്നും, അന്ത്യയാത്രയിൽ ലോകം മുഴുവൻ കീഴടക്കിയ അലക്സാണ്ടർ ചക്രവർത്തിപോലും വെറുംകൈയ്യോടെ മടങ്ങിയപ്പോൾ, എന്തെക്കെയോ കൊണ്ടുപോകാം എന്ന ധാർഷ്ട്യത്തോടെ മനുഷ്യത്വരഹിതമായ രീതിയിൽ സാമ്രാജ്യങ്ങൾ വെട്ടിപ്പിടിക്കുന്നത് ഭോഷത്തമാണെന്നത് മനസ്സിലാക്കാൻ സാധിക്കാത്ത ജനതയാണ് ഈ ലോകത്തിന്റെ ശാപം. വ്യക്തിബന്ധങ്ങളിലെ പടലപിണക്കങ്ങൾ, തെറ്റിദ്ധാരണകൾ, കുടുംബകലഹങ്ങൾ, ദുരഭിമാനക്കൊലകൾ തുടങ്ങി രാജ്യാതിർത്തി തർക്കങ്ങൾ, ഭക്ഷണസ്വാതന്ത്ര്യത്തെ ഹനിക്കുന്ന നിയമങ്ങൾ, ISIS മതഭീകരത വരെ ലോകം ഇന്ന് സാക്ഷ്യംവഹിക്കുന്ന സകലകാടത്തങ്ങളുടെയും അടിസ്ഥാന കാരണം ഹൃദയത്തിന്റെ തുറവിയില്ലായ്മയാണ്.

എന്റെ താല്പര്യങ്ങൾക്കും ഇഷ്ടങ്ങൾക്കും വേണ്ടി ഞാൻ വാദിക്കുമ്പോൾ എന്റെ മറുഭാഗത്തുള്ളവൻ എന്നേക്കാൾ വ്യത്യസ്തനായ, തന്റേതായ ഇഷ്ടങ്ങളും തീരുമാനങ്ങളും ഉള്ള വ്യക്തിയാണ് എന്ന് മനസ്സിലാക്കാൻ സാധിക്കാത്ത രീതിയിൽ തുറവിയില്ലാത്ത ഹൃദയം. മണ്ണിൽ നിന്ന് മെനഞ്ഞ് പിതാവ് ജീവന്റെ ശ്വാസം ഊതിനൽകിയതിന് ശേഷം ഭൂമിയിലേക്ക് ഇറക്കി വിട്ടതുമുതൽ മനുഷ്യനെ വളർത്തിയത് അവന്റെ സാഹചര്യങ്ങളാണെന്നും അതുകൊണ്ട് തന്നെ അഭിപ്രായവ്യത്യാസങ്ങൾ സ്വഭാവികമാണെന്ന് തിരിച്ചറിയാൻ തക്ക തുറവിയില്ലാത്ത ഹൃദയം. ജാതിയും, മതവും, പണവും, പദവിയും ഒന്നുമല്ല മനുഷ്യത്വവും സ്നേഹവുമാണ് ദൈവസന്നിധിയിൽ വിലമതിക്കുക എന്ന് മനസ്സിലാക്കി സഹജീവിയെ സഹോദരനായി കാണാൻ കഴിയാത്ത്ര തുറവിയില്ലാത്ത ഹൃദയം. അയൽരാജ്യത്തിന്റെ സുരക്ഷാഭിത്തികൾ പൊട്ടിക്കാൻ കോപ്പുകൂട്ടുമ്പോൾ അവിടെ തനിക്കായി ചിത ഒരുങ്ങുന്നു എന്നറിഞ്ഞിട്ടും പണ്ടാരോ കൊടുത്ത ഉടമ്പടിയുടെയും ഇന്നാരൊക്കെയോ കൊടുക്കുന്ന ആജ്ഞകളുടെയുംപേരിൽ അയൽക്കാരനെ അന്യനായിക്കാണുന്ന തുറവിയില്ലാത്ത ഹൃദയം. നിയമങ്ങൾ മനുഷ്യനന്മയ്ക്കുവേണ്ടിയുള്ളതാണ്. അല്ലാതെ മനുഷ്യൻ നിയമത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടതല്ല എന്ന് ഊറ്റംകൊള്ളുന്ന നീതിമാന്മാരുടെ നാട്ടിൽ വിശ്വാസ

ത്തിന്റെ പേരിൽ നീതിയും നിയമവും അന്യന്റെ സ്വകാര്യതയിലേക്കും നാവിൻതുമ്പിലേക്കും കടന്നുകയറാൻ ഉപയോഗിക്കുന്ന രീതിയിൽ തുറവിയില്ലാത്ത ഹൃദയം. ഒരേ തൂവൽപക്ഷികളെങ്കിലും തൂവലിന്റെ നിറം നോക്കി പരസ്പരം കൊത്തിപ്പറിക്കുന്ന, ഞാനും അവനും വിളിക്കുന്നത് ഒരേ ഈശ്വരനെയാണെന്ന സത്യം വിസ്മരിച്ച്, എന്റെ പൂർണ്ണത അവനിലാണെന്ന് തിരിച്ചറിയാൻ സാധിക്കാത്ത രീതിയിൽ തുറവിയില്ലാത്ത ഹൃദയം.

തുറവിയില്ലായ്മകൾ നിറഞ്ഞ സങ്കുചിതമായ ഹൃദയങ്ങൾക്ക് നടുവിൽ നിന്ന് പണ്ട് ചങ്ങമ്പുഴ പാടി.

"കപടലോകത്തിൽ ആത്മാർത്ഥമായൊരു

ഹൃദയമുണ്ടായതാണെൻ പരാജയം."

എന്റെ ഹൃദയം ഞാൻ തുറന്നാൽ അത് ഒരു പരാജയമാകുമെങ്കിൽ, നാളത്തെ ഒരു വലിയ വിജയത്തിനായി നമുക്കത് സന്തോഷപൂർവ്വം ഏറ്റുവാങ്ങാം. 'ദൈവത്തിന്റെ പോരാളികൾ അഹന്തയ്ക്കുവേണ്ടി തോറ്റു കൊടുക്കുന്നു' എന്ന ഒരു ഡയലോഗ് അടുത്തിടെ ഒരു മലയാള ചലച്ചിത്രത്തിൽ കേൾക്കുകയുണ്ടായി. എങ്കിൽ അഹന്തയില്ലാത്ത ഒരു ലോകത്തിനായി നമുക്കും ഒന്ന് തോറ്റുകൊടുത്താലോ...!

ഇപ്രകാരം ഹൃദയംതുറക്കാനുള്ള ഈ പ്രാർത്ഥനയായിരിക്കണം ഓരോ ക്രൈസ്തവനെയും നയിക്കേണ്ടത്. ഭാഷയുടെ ഭംഗി നോക്കി മാർക്കിടുന്നവനല്ല നമ്മുടെ ദൈവം. പിന്നെയോ, "വാടുന്ന പൂവിന്റെ നിരാശയും, വിരിയുന്ന പൂവിന്റെ ആശയും അറിയുന്നവൻ" ആണ് ദൈവം. ആ തിരുമുൻപിൽ ഏറ്റവും ലളിതമായി ഹൃദയവിശാലതയ്ക്കായി ഹൃദയനൈർമല്യത്തിനായി, തുറവിക്കായി നമുക്ക് പ്രാർത്ഥിക്കാം.

ത്രിയേക ദൈവമേ എന്റെ ഹൃദയത്തെ ഉടച്ചുവാർക്കണമെ.


ഓരോ സത്യക്രിസ്ത്യാനിയുടെയും പ്രാർത്ഥന ഇതായിരിക്കട്ടെ. ●

## അനുമോദനങ്ങൾ



കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ഷാജി മാത്യു കൂളിയാട്ട് തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ ഇടവകാംഗവും ബോധന സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രസിഡന്റുമാണ്.

## ഉപകാര സ്മരണ



**ലൈസമ്മ സണ്ണി,**
**പാലത്തിങ്കൽ, തിരുവല്ല**

## വിവാഹ ഒരുക്ക സെമിനാർ 2017

**സ്ഥലം: ശാന്തിനിലയം, തിരുവല്ല.**


**ഫോൺ 0469-2603968, 9446270259, 9895556074**

**തീയതി:** **ജൂലൈ 4, 5, 6 – 18, 19,20**

**ആഗസ്റ്റ് 8, 9, 10 – 22, 23, 24**

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 1000 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.



### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, ചുങ്കപ്പാറ**




# സത്യസഭയിലെ തമ്പുരുവായ സാറൂഗിലെ മാർ യാക്കോബ്



ഫാ. ഡോ. ജോസഫ് കളരിപ്പറമ്പിൽ

പൗരസ്ത്യ സുറിയാനി സഭയിൽ മാർ അപ്രേമിന് ശേഷം അഗ്രഗണ്യനായി അറിയപ്പെട്ടിരുന്ന സഭാപിതാവാണ് സാറൂഗിലെ മാർ യാക്കോബ്. ഇന്നത്തെ തുർക്കിയിൽ സിറിയൻ അതിർത്തിയോട് ചേർന്ന് കിടക്കുന്ന ദിയാർബക്കിർ, മാർദിൻ എന്നീ പ്രദേശങ്ങളായിരുന്നു മാർ യാക്കോബിന്റെ പ്രവർത്തന മേഖല. എ.ഡി. 451 ൽ മെസപ്പൊട്ടോമിയയുടെ ഭാഗമായിരുന്ന സാറൂഗിലെ കുർത്താ എന്ന ഗ്രാമത്തിലാണ് യാക്കോബ് ജനിച്ചത്. ചരിത്രകാരന്മാരുടെ ഭാഷ്യമനുസരിച്ച് വന്ധ്യയായിരുന്ന യാക്കോബിന്റെ അമ്മ വളരെയധികം പ്രാർത്ഥനകളും നേർച്ചകളും അർപ്പിച്ചതിനു ശേഷമാണ് യാക്കോബ് ഭൂജാതനായത്.

മാർ യാക്കോബിന്റെ ബാല്യത്തെക്കുറിച്ച് ഇപ്രകാരം ഒരു കഥയുണ്ട്. ദനഹാ തിരുനാളിന് വി. കുർബ്ബാനയ്ക്ക് അമ്മയോടൊപ്പം ദേവാലയത്തിൽ വന്ന 3 വയസ്സുള്ള യാക്കോബിന് പരിശുദ്ധാത്മാവിന്റെ ആവസിപ്പിന്റെ സമയത്ത് കാസായിൽ നിന്നു മൂന്നു പ്രാവശ്യം തിരുരക്തം കുടിക്കാൻ നല്കിയെന്നും ഇതാണ് പിൽക്കാലത്ത് വളരെയധികം രചനകൾ നിർവ്വഹിക്കുവാൻ പരിശുദ്ധാത്മാ അനുഗ്രഹദായകമായി തീർന്നതെന്നും ചരിത്രകാരന്മാർ പറയുന്നു.

ബാല്യം മുതലേ വിശുദ്ധ ഗ്രന്ഥത്തിൽ ആകൃഷ്ടനായിരുന്ന യാക്കോബ് തന്റെ വിദ്യാഭ്യാസം പൂർത്തിയാക്കിയത് സുറിയാനി പാരമ്പര്യത്തിന്റെ ഈറ്റില്ലമായ എദേസായിലെ ദൈവശാസ്ത്രകലാലയത്തിൽ നിന്നാണ്. വൈദികനായി അഭിഷ്കതനായ യാക്കോബ് തന്നെ ഭരമേല്പിച്ച ദൈവജനത്തിന്റെ ശുശ്രൂഷയിൽ വളരെ തീഷ്ണവാനായിരുന്നു. വിശ്വാസസമൂഹത്തിന്റെ ആത്മീയ ഉന്നതിയെ കുറിച്ചുള്ള യാക്കോബിന്റെ ഉൽക്കണ്ട അദ്ദേഹത്തിന്റെ കൃതികളിൽ കാണുവാൻ സാധിക്കും. അജഗണങ്ങളോടുള്ള യാക്കോബിന്റെ താല്പര്യം മൂലം സഭാധികാരികൾ അദ്ദേഹത്തെ കോറെപ്പിസ്ക്കോപ്പ ആക്കി. ഈ കാലഘട്ടത്തിൽ തന്റെ കീഴിൽ വരുന്ന ജനങ്ങളെ അദ്ദേഹം കൂടെക്കൂടെ സന്ദർശിക്കുകയും വിശ്വാസവളർച്ചയിൽ സഹായിക്കുകയും ചെയ്തുപോന്നു.

റോമൻ സാമ്രാജ്യവും പേർഷ്യൻ സാമ്രാജ്യവും തമ്മിൽ നടന്ന യുദ്ധത്തിൽ ദിയാർബക്കിറിലെ ജനങ്ങൾക്ക് ആത്മീയമായി വേണ്ടുന്നതായ ആത്മധൈര്യം നല്കി ഈ നല്ല അജപാലകൻ വിശ്വാസസമൂഹത്തോടൊപ്പം ഉണ്ടായിരുന്നു. ബാത്നാൻ രൂപതയുടെ മെത്രാനായി 67 -ാം വയസ്സിൽ യാക്കോബ് അഭിഷിക്തനായി. രണ്ടര വർഷത്തോളം മെത്രാനായി സേവനം അനുഷ്ഠിച്ച ഈ സഭാപിതാവ് നവംബർ 29, 521 എ.ഡി.യിൽ നിത്യപിതാവിന്റെ സന്നിധിയിലേക്ക് വിടവാങ്ങി.

വിശുദ്ധ ഗ്രന്ഥത്തിലും ആരാധനയിലും അഗാധമായ പ്രാവീണ്യവും താല്പര്യവും ഉണ്ടായിരുന്ന യാക്കോബ് തന്റെ രചനാപാടവം ചെറുപ്പം മുതലെ പ്രദർശിപ്പിച്ചിരുന്നു. യുവാവായ യാക്കോബിന്റെ അനിതരസാധാരണമായ കഴിവിനെക്കുറിച്ച് കേട്ടറിഞ്ഞ സഭാദ്ധ്യക്ഷന്മാർ അദ്ദേഹത്തെ പരീക്ഷിക്കുവാൻ തീരുമാനിച്ചു. ആയത് മെത്രാന്മാർ ഒരുമിച്ച് യാക്കോബിനെ വിളിച്ചു വരുത്തുകയും തങ്ങളുടെ മുമ്പിൽ വി. ഗ്രന്ഥസംബന്ധമായ ഒരു ഗീതം ആലപിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. എസെക്കിയേൽ പ്രവാചകന്റെ പുസ്തകം 10-ാം അദ്ധ്യായത്തിൽ വിവരിക്കുന്ന ദർശനത്തെ അടിസ്ഥാനമാക്കി യാക്കോബ് തന്റെ ആദ്യത്തെ ഗീതകം അവതരിപ്പിച്ചു. വി. കുർബ്ബാനയെ സംബന്ധിച്ച പല വിശദീകരണങ്ങളും പ്രത്യേകമായ പരിശുദ്ധാത്മാവിന്റെ ആവസിപ്പിനെക്കുറിച്ചും ഈ ഗീതകത്തിലൂടെ യാക്കോബ് നമ്മെ പഠിപ്പിക്കുന്നു. യാക്കോബിന്റെ കഴിവ് ബോദ്ധ്യപ്പെട്ട മെത്രാന്മാർ കൂടുതൽ രചനകളിൽ ഏർപ്പെടുവാൻ അദ്ദേഹത്തോട് നിർദ്ദേശിച്ചു.

കവി, അദ്ധ്യാപകൻ, പ്രാസംഗികൻ, വൈദികൻ എന്നീ നിലകളിൽ യാക്കോബ് തന്റെ പ്രാവീണ്യം പ്രകടിപ്പിച്ചുപോന്നു. ഏകദേശം 48 വർഷത്തോളം ദൈവശാസ്ത്ര സംബന്ധമായ രചനകൾ നിർവ്വഹിച്ച ഈ സഭാപിതാവിന് അന്നത്തെ കാലത്ത് 70 സഹായികൾ ഉണ്ടായിരുന്നു.ഈ സഹായികൾ ആണ് അദ്ദേഹത്തിന്റെ ഗീതങ്ങൾ പകർത്തി എഴുതിയിരുന്നത്. മാർ യാക്കോബിന്റേതായി 763 മെമ്രാകൾ (ഗീതകങ്ങൾ) ഉള്ളതായി ചരിത്രകാരന്മാർ സാക്ഷിക്കുന്നു. ഇതിൽ പകുതിയോളം ഇന്ന് ലഭ്യമാണ്. കൈയെഴുത്തു പ്രതികൾ കൃത്യമായി സൂക്ഷിക്കാത്തതിന്റെ ഫലമായി ഏറെക്കുറെ പകുതിയോളം മെമ്രാകൾ നഷ്ടപ്പെട്ടിരിക്കുന്നു എന്നു വേണം കരുതുവാൻ. ഗീതകങ്ങൾ കൂടാതെ യാക്കോബ് ആരാധനാക്രമസംബന്ധമായ നിരവധി രചനകൾ നിർവ്വഹിച്ചിട്ടുണ്ട്. മാമ്മോദീസ, കുർബ്ബാന എന്നീ കൂദാശകളുടെ ക്രമങ്ങൾ ഇദ്ദേഹത്തിന്റേതായിട്ടുണ്ട്. ഹാശാ ആഴ്ചയിൽ ഉപയോഗിക്കുന്ന നിരവധി പ്രാർത്ഥനകളും ഗീതങ്ങളും ഈ വിശുദ്ധന്റെ തൂലികയിൽ നിന്ന് രൂപം കൊണ്ടിട്ടുള്ളതാണ്. ആരാധനാക്രമത്തിലെ 'മാർ യാക്കോബിന്റെ ബോവൂസാ' എന്നറിയപ്പെടുന്ന എല്ലാ ഗീതങ്ങളും ഈ സഭാപിതാവിന്റേതാണ്.

അന്ത്യോക്യൻ ആരാധനക്രമത്തിലെ വളരെ അധികം പ്രാർത്ഥനകളും ഗീതങ്ങളും മാർ യാക്കോബിന്റെ കൃതികളെ ആസ്പദമാക്കിയോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ കൃതികളിൽ നിന്ന് ഭാഗികമായി എടുത്തിട്ടുള്ളതുമാണ്. അന്ത്യോക്യൻ വിശുദ്ധ കുർബ്ബാനയെക്കുറിച്ചും അതിന്റെ ഘടനയെക്കുറിച്ചും അറിവ് നൽകുന്ന ആദ്യത്തെ രചന ഈ സഭാപിതാവിന്റേതാണ്. "രഹസ്യങ്ങളുടെ സ്വീകരണം" എന്നറിയപ്പെടുന്ന ഗീതകത്തിൽ വി. കുർബ്ബാനയുടെ ആരാധനാക്രമത്തെ കുറിച്ച് വ്യക്തമായ വിശദീകരണമുണ്ട്. അപ്പം മുറിക്കൽ ശുശ്രൂഷ സമയത്ത് വൈദികൻ രഹസ്യമായി ചൊല്ലുന്ന അപേക്ഷ ഈ ഗീതകത്തിൽ നിന്ന് എടുത്തിട്ടുള്ളതാണ്. വൈദികൻ ചൊല്ലുന്ന രഹസ്യപ്രാർത്ഥനയുടെ കാവ്യരൂപമാണ് "നീതിജ്ഞൻ താതാ കാൺക ..." എന്ന ഗീതം. വിശുദ്ധ കുർബ്ബാന സ്വീകരണ സമയത്ത് ആലപിക്കുന്ന "അഗ്നിമയന്മാർ" എന്ന ഗീതവും യാക്കോബിന്റെ തൂലികയിൽ നിന്ന് രൂപം കൊണ്ടിട്ടുള്ളതാണ്.

'മാതാവും ഗോഗുൽത്തായും' എന്ന പൂർത്തീകരിക്കപ്പെടാത്ത ഗീതകമാണ് മാർ യാക്കോബിന്റെ അവസാനത്തെ രചന. അദ്ദേഹത്തിന്റെ രചനകൾ സുറിയാനി ഭാഷ കൂടാതെ അർമേനിയൻ, എത്യോപ്യൻ, ജോർജ്ജിയൻ,കോപ്റ്റിക്, അറബിക് തുടങ്ങിയ പുരാതന ഭാഷകളിൽ തർജ്ജമ ചെയ്തിട്ടുണ്ട്. ഇന്ന് പല ആധുനിക ഭാഷകളിലേക്കും യാക്കോബിന്റെ കൃതികൾ തർജ്ജമ ചെയ്യുന്നുണ്ട്. ഇവ കൂടാതെ അദ്ദേഹത്തിന്റെ കൃതികളെ സംബന്ധിച്ചുള്ള നിരവധി ദൈവശാസ്ത്രപരമായ പഠനങ്ങളും നടക്കുന്നുണ്ട്. യാക്കോബിന്റെ കൃതികൾ ഉൾക്കൊള്ളുന്ന നിരവധി കൈയ്യെഴുത്തുപ്രതികൾ ഇന്നും ലോകത്തിലെ വിവിധ ഗ്രന്ഥാലയങ്ങളിൽ (ലൈബ്രറി) സൂക്ഷിച്ചു വച്ചിട്ടുണ്ട്. ഇവയിൽ ഏറ്റവും പഴക്കം ചെന്ന കൈയെഴുത്തുപ്രതി അദ്ദേഹം ജീവിച്ചിരുന്ന 6-ാം നൂറ്റാണ്ടിലെ തന്നെയാണ്.

സുറിയാനി ഭാഷയിലെ വിഭാഗിയതയ്ക്ക് കാരണമായ കാൻസിഡോൺ കൗൺസിൽ നടന്ന വർഷത്തിലാണ് ജനിച്ചതെങ്കിലും യാക്കോബ് യാതൊരുവിധ സഭാവിഭാഗീയതയിലും പങ്കുകൊണ്ടിട്ടില്ല. മലങ്കര കത്തോലിക്കാ സഭ നവംബർ 29 ഈ സഭാപിതാവിന്റെ നാമഹേതുക തിരുനാളായി ആഘോഷിക്കുന്നു.



**കഴിഞ്ഞ ലക്കം തുടർച്ച...**

എത്തി. അത്യാവശ്യം വിശ്വാസ കാര്യങ്ങൾ പഠിപ്പിച്ച് ജോർജി നെയും കുടുംബത്തെയും പുന രൈക്യപ്പെടുത്തുകയും വിവാ ഹത്തിനുവേണ്ട ക്രമീകരണ ങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തു. ഉപ്പട്ടിയിലെ മലങ്കര സുറിയാനി കത്തോലിക്കാ ഇട വകയുടെ ആദ്യവിത്ത് അങ്ങനെ വിതയ്ക്കപ്പെട്ടു. ജോർജും കുടുംബവും പുന രൈക്യത്തിന്റെ പ്രേഷിതരായി പരിശ്രമവും തുടങ്ങി. അന്ന് വിതയ്ക്കപ്പെട്ട ആദ്യവിത്ത് നൂറുമേനി ഫലം ചൂടി നിൽക്കുന്ന കാഴ്ചയാണ് ഉപ്പട്ടി യിൽ ഇന്ന് കാണുന്നത്.

തിരുവല്ലാ രൂപതയിലേക്ക് പുനരൈക്യപ്പെട്ട് 1949 ഒക്ടോ ബർ ഏഴാം തീയതി ദിവംഗത നായ ബഹു. ഫിലിപ്പോസ് വാക്കനാംപാടത്ത് അച്ചന്റെ ജ്യേഷ്ഠ സഹോദരന്റെ ഉൾപ്പെടെ ഏതാനും കുടുംബ ങ്ങൾ പുനരൈക്യപ്പെട്ട ആദ്യ സംഘത്തിൽപെടുന്നു. ഉപ്പട്ടി റോഡരികിൽ സീറോമലബാർ സഭയിൽപെട്ട ഒരു സ്നേഹി തന്റെ വസ്തു തയാറാക്കി പുല്ലുമേഞ്ഞ ഒരു ഷെഡ് കെട്ടി 1959 ജൂലൈ അവസാന ഞായറാഴ്ച ആദ്യമായി അവിടെ മലങ്കര റീത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. അന്നും ഏകദേശം പത്ത് കുടുംബങ്ങൾ പുനരൈക്യ പ്പെട്ടു. ക്രമേണ എല്ലാ ഞായറാ ഴ്ചകളിലും വിശുദ്ധ കുർബാന അർപ്പിച്ചു തുടങ്ങി. ശനിയാഴ്ച രാത്രി ജോർജിന്റെ തയ്യൽകട യുടെ വരാന്തയിലെ മേശപ്പു റത്ത് കിടന്നുറങ്ങും. നേരം വെളുക്കുന്നതിന് മുമ്പ് ഉണർന്ന് പ്രകൃതിയുടെ മറ വിൽ പ്രാഥമികകൃത്യങ്ങൾ നിർവഹിച്ച് കുളിച്ചൊരുങ്ങി ഞായറാഴ്ച രാവിലെ വിശുദ്ധ കുർബാന അർപ്പിക്കും. ആഴ്ച തോറും നാലും അഞ്ചും കുടും ബങ്ങൾ പുനരൈക്യപ്പെട്ടുകൊ

# അങ്ങേയ്ക്ക് തുല്യനായി ആരുമില്ല

**(നവതിയുടെ നിറവിൽ ബഹു. സൈമൺ പുളിയങ്കീഴ് അച്ചൻ)**

**ഫാ. ചെറിയാൻ താഴമൺ**

**ഉപ്പട്ടി ഇടവകയുടെ തുടക്കം**

'ഓരോന്നിനും ഓരോ നിമിത്തം' എന്ന് ഭാഷയിൽ ഒരു ചൊല്ല് ഉണ്ടല്ലോ. ഉപ്പട്ടി ഇടവക യുടെ തുടക്കത്തിന്റെ നിമിത്തം എന്തെന്നു കാണാം. അന്നത്തെ തലശേരി രൂപതവക ബത്തേരി യിലെ ഇടവകയുടെ വികാരി ബഹു. വർഗീസ് സി.എം.ഐ അച്ചന് ബത്തേരി-ഗൂഡല്ലൂർ റോഡരികിലെ 'പഴൂർ' ഇടവക യുടെ ചുമതലയും ഉണ്ടായി രുന്നു. പ്രസ്തുത ഇടവക യിൽപെട്ട ഈന്തുങ്കൽ ദേവ സ്യായുടെ മകളും ഉപ്പട്ടിയിൽ തയ്യൽകട നടത്തിയിരുന്ന തല വടിക്കാരൻ ജോർജുമായി വിവാഹം നടത്താനുള്ള ആലോചനകൾ നടന്നിരുന്നു. ജോർജ് ഓർത്തഡോക്സ് സഭാംഗമായിരുന്നതിനാലും തിരുവല്ല രൂപതയ്ക്ക് നീലഗിരി പ്രദേശത്ത് പ്രവർത്തനാനുമതി ലഭിച്ചിരുന്നതിനാലും ബഹു. വർഗീസ് അച്ചന്റെ നിർദേശ പ്രകാരം പ്രസ്തുത ദേവസ്യാ ബഹു. സൈമൺ അച്ചനെ സമീപിച്ചു. ഈ അവസരം പ്രയോജനപ്പെടുത്തി ബഹു. സൈമൺ അച്ചൻ ഉപ്പട്ടിയിൽ

ണ്ടിരുന്നു. ബഹു. അച്ചന്റെ ശനിയാഴ്ച രാത്രിയിലെ തയ്യൽകടയിലുള്ള കിടപ്പി ന്റെയും മറ്റും ബുദ്ധിമുട്ട് മനസി ലാക്കിയ ബത്തേരി രൂപത യിലെ വെട്ടിക്കാട്ടിൽ ബഹു. ജോർജ് അച്ചന്റെ വല്ല്യമ്മ (വയ ലിൽ അമ്മച്ചി)യുടെ താല്പര്യ പ്രകാരം ശനിയാഴ്ച വൈകിട്ട് ഉപ്പട്ടിയിൽ നിന്ന് രണ്ട് മൈൽ ദൂരെയുള്ള വയലിൽ വീട്ടിൽ ചെന്ന് വിശ്രമിക്കുകയും ആ പ്രദേശത്ത് പുനരൈക്യപ്പെട്ട കുടുംബങ്ങളെയും പുനരൈ ക്യപ്പെടാൻ സാധ്യതയുള്ള കുടുംബങ്ങളെയും സന്ദർശി ക്കുകയും പതിവായി. ഞായ റാഴ്ച രാവിലെ ഒരുങ്ങി രണ്ട് മൈൽ നടന്ന് ഉപ്പട്ടിയിൽ വന്ന് വിശുദ്ധ കുർബാന അർപ്പിക്കു മായിരുന്നു. വയലിൽ വീട്ടിലെ വിശ്രമവും ആ പ്രദേശത്തെ ഭവനസന്ദർശനവും ഉപ്പട്ടിയിലേ ക്കുള്ള നടപ്പും അനേക കുടും ബങ്ങളെ പുനരൈക്യത്തി ലേക്ക് ആനയിക്കുവാൻ നിമി ത്തമായി. അന്ത്യോക്യൻ റീത്തിലുള്ള ഒരു വിശുദ്ധ കുർബാനയിൽ സംബന്ധി ക്കാൻ ഈ പ്രദേശത്തുകാർ കുറുക്കുവഴിയായി 27 കി.മീ നടന്ന് മലങ്കര എന്ന സ്ഥലത്ത് എത്തണമായിരുന്നു എന്നറിയു മ്പോഴാണ് ഉപ്പട്ടി പള്ളി സ്ഥാപി ച്ചത് സ്ഥലവാസികൾക്ക് എത്ര മാത്രം അനുഗ്രഹമായിരുന്നു എന്ന് മനസിലാകുന്നത്.

ഈ കാലത്തുതന്നെയാണ് ഗൂഡല്ലൂരിൽ പുത്തൂർവയലിൽ ഒരു പുതിയ മിഷൻ ആരംഭി ച്ചത്. 1960 അവസാനിക്കാറായ പ്പോഴേക്കും ഉപ്പട്ടിയിൽ സ്വന്ത മായ സ്ഥലവും ചാപ്പലും എന്ന ആശയം ശക്തിപ്പെട്ടുവന്നു. ഉപ്പ ട്ടിയിൽ നിന്ന് മൂന്നു കിലോമി റ്റർ ദൂരെ നെല്ലിയാളത്ത് ഒരു കുന്ന് നിരപ്പാക്കി ചാപ്പൽ നിർമിച്ചു. എന്നാൽ ഇടവക പള്ളി ഉപ്പട്ടിയിൽതന്നെ വേണ മെന്ന അഭിപ്രായവും ശക്ത മായി. ഉപ്പട്ടിയിലെ ഒരു സിനിമാ തീയേറ്റർ വിലയ്ക്കുവാങ്ങി പള്ളിയായി രൂപഭേദം വരുത്തി യതോടുകൂടി എല്ലാവർക്കും സന്തോഷമായി. ഉപ്പട്ടിയിലും ഗൂഡല്ലൂരിലും എല്ലാ ഞായറാ ഴ്ചകളിലും വിശുദ്ധ കുർബാ നയും ലഭ്യമായി. തയ്യൽകട യിലും ആരാന്റെ പറമ്പിലെ പുല്ലുമേഞ്ഞ ഷെഡ്ഡിലുമായി ആരംഭിച്ച ഉപ്പട്ടി ഇടവക ഇന്ന് വളർന്ന് നാടിന്റെ സിരാകേന്ദ്ര മായിരിക്കുന്നു. ബൃഹത്തും മനോഹരവുമായ പുതിയ പള്ളി 2016 നവംബർ 22-ന് കൂദാശ ചെയ്യപ്പെട്ടു. പള്ളിയും സ്കൂളും ജൂണിയർ കോളജും (ഹയർ സെക്കൻഡറി) സന്യാ സിനി മഠവും ശ്രേയ സിന്റെ ആഭിമുഖ്യത്തി ലുള്ള സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും എല്ലാം ഒത്തു ചേർന്നുള്ള ശക്തമായ ശുശ്രൂഷാ മേഖല ഇട വകയുടെ ആഭിമുഖ്യ ത്തിൽ ഇന്ന് വളർന്നു പന്തലിച്ചിരിക്കുന്നു. ഇതിനെല്ലാം നിമിത്ത മായത് ഒരു 'കല്യാണ ആലോചനയും'.

**കറുത്ത ഞായർ**

ബസിലാണ് ബത്തേരിയിൽ നിന്ന് ഉപ്പട്ടിക്കും ഗൂഡല്ലൂർക്കുമുള്ള യാത്ര. തമി ഴ്നാട്ടിൽ ബസിൽ നിന്ന് യാത്ര ചെയ്യാൻ അനുവദിക്കുമായിരു ന്നില്ല. ഇരിക്കാൻ സീറ്റ് ഉണ്ടെ ങ്കിൽ മാത്രമേ യാത്രക്കാരെ കയറ്റുകയുള്ളൂ. അതുകാരണം ഉപ്പട്ടി-ഗൂഡല്ലൂർ യാത്ര പല പ്പോഴും ക്ലേശകരമായിരുന്നു. ബസിൽ കയറുവാൻ സാധി ക്കാത്തതുകൊണ്ട് ഞായറാഴ്ച വിശുദ്ധ കുർബാന മുടങ്ങിയ സന്ദർഭങ്ങളുമുണ്ട്. ഇതിനൊരു പരിഹാരമായി ഒരു സ്കൂട്ടർ സംഘടിപ്പിച്ചു. വാഹനത്തിന്റെ ലഭ്യത പുനരൈക്യ ശുശ്രൂഷ കൾ ത്വരിതപ്പെടുത്തുവാൻ സഹായിച്ചു. വികാരിയച്ചന്റെ ലഭ്യത വർധിച്ചത് ജനങ്ങൾക്ക് വലിയ സന്തോഷമായി. ഒരു വിശുദ്ധ കുർബാനയിൽ സംബ ന്ധിക്കുവാനായി ഇരുപത്തേഴി ലധികം കിലോമീറ്റർ ദൂരം കാനനവഴിയിലൂടെ കാൽനട യായി യാത്രചെയ്യേണ്ടിയിരുന്ന വർക്ക് സ്വന്തം ഗ്രാമത്തിൽ എല്ലാ ഞായറാഴ്ചയും വിശുദ്ധ കുർബാന ലഭിക്കുക എങ്ങനെ സന്തോഷകമാകാതിരിക്കും? ഞായറാഴ്ചകൾ ഉപ്പട്ടി-ഗൂഡ ല്ലൂർ പ്രദേശത്തെ ക്രിസ്ത്യാനി കൾക്ക് കൂടുതൽ സന്തോഷക രമായ ദിവസങ്ങളായി മാറി.

1961 ഓഗസ്റ്റ് 27 ഞായർ ഒരു 'കറുത്തഞായർ' ആയി അവർക്ക്. രാവിലെ ഉപ്പട്ടി പള്ളി യിലെ വിശുദ്ധ കുർബാനയ്ക്കു ശേഷം ബഹു. സൈമൺ അച്ചൻ ഗൂഡല്ലൂർ പള്ളിയി ലേക്ക് വിശുദ്ധ കുർബാന യ്ക്കായി സ്കൂട്ടറിൽ യാത്ര തിരിച്ചു. 'ദേവാല' എന്ന സ്ഥലം വരെ ഉപ്പട്ടി ഇടവകക്കാരനായ ഒരാൾ സൗജന്യ യാത്ര ചോദിച്ചു. അയാളെ 'ദേവാല'യിൽ ഇറക്കിയിട്ട് യാത്ര തുടരുമ്പോൾ 'നാടു കാണി'യിൽ ഇരുമ്പുപാല ത്തിൽ വച്ച് ഒരു പശു റോഡി നുകുറുകെ ചാടി...

(തുടരും)


## Matrimonial




**M - 224**

തിരുവല്ല അതിരൂപതാംഗമായ യുവാവ്. 30 വയസ്സ്, 5'-7". U.S.A.യിൽ നഴ്സ് ആയി ജോലി നോക്കുന്നു. തത്തുല്യമായ വിദ്യാഭ്യാസവും ദൈവഭയവുമുള്ള മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. contact : 9526519361

## മെത്രാഭിഷേക വാർഷികം

**ജൂലൈ 17**



**ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത**

## നാമഹേതുക തിരുനാൾ

**ജൂലൈ 3**



**ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത**

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.

**ജൂബി & അശ്വതി, സൗദി**

## അഭിനന്ദനങ്ങൾ



പുതുശ്ശേരി അദ്ധ്യാപക സഹകരണ ബാങ്ക് ബോർഡ് മെമ്പറായി തെരഞ്ഞെടുക്കപ്പെട്ട വർഗീസ് ജോസഫ് (ബൈജു തെക്കേടത്ത്). ഇരുവള്ളിപ്ര സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ അദ്ധ്യാപകനാണ്. തിരുവല്ല അതിരൂപത പാസ്റ്ററൽ കൗൺസിൽ മെമ്പർ, എം.സി.എ. അതിരൂപത മാനേജിംഗ് കമ്മറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. ആനിക്കാട് തിരുക്കുടുംബം ഇടവകാംഗമാണ്.

## ആശംസകൾ



**റിന്റാ ജോൺ, വെണ്ണിക്കുളം**

2017 ഏപ്രിൽ മാസം നടന്ന +2 പരീക്ഷയിൽ ഹ്യൂമാനിറ്റീസ് വിഭാഗത്തിൽ എല്ലാ വിഷയങ്ങൾക്കും $A^+$കിട്ടിയ റിന്റാ ജോൺ (സെന്റ് തെരേസാസ് ബഥനി കോൺവെന്റ് എച്ച്.എസ്.എസ്. ചെങ്ങരൂർ). തിരുവല്ലാ അതിരൂപതയിൽ വെണ്ണിക്കുളം ഇടവകയിൽപെട്ട കച്ചിറയ്ക്കൽ മുണ്ടിളപ്പുങ്കൽ ഷിബുവിന്റെയും ബീനയുടെയും മകളാണ്.




**അനുഷാ സജി, വെണ്ണിക്കുളം**

2017 ലെ സി.ബി.എസ്.ഇ. 10-ാം ക്ലാസ്സ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A1 കിട്ടിയ അനുഷാ സജി (ജെ.എൻ.വി. വെച്ചൂച്ചിറ, മണ്ണടിശാല). തിരുവല്ലാ അതിരൂപതയിൽ വെണ്ണിക്കുളം ഇടവകയിൽപെട്ട വാളിയാഞ്ഞിലിക്കൽ സജി വർഗീസിന്റെയും മിനി സജിയുടെയും മകളാണ്.

## എം. സി. എ. ദേശീയ സമിതി ഭാരവാഹികൾ



**മോൻസൻ കെ. മാത്യു**
**(പ്രസിഡന്റ്)**



**ബാബു കല്ലുങ്കൽ**
**(ജനറൽ സെക്രട്ടറി)**



**കാരുണ്യ സ്പർശം**



ഫാ. മാത്യു ചിറയിൽ

# മാർ തെയോഫിലോസ് ബഥനി ആശാഭവൻ - ചക്കുപ്പള്ളം (കുമളി)

"ഞാൻ രോഗിയായിരുന്നു നിങ്ങൾ എന്നെ സന്ദർശിച്ചു." (വി. മത്തായി 25:36)

ബഥനി സന്യാസിനി സമൂഹത്തിന്റെ നേതൃത്വത്തിൽ മദർ ജനറൽ സി. ബഞ്ചമിന്റെ ആഗ്രഹപ്രകാരം 01-03-2005 ൽ തിരുവല്ല അതിരൂപതയിലെ ചക്കുപ്പള്ളം സെന്റ് മേരീസ് ഇടവകയിലെ ബഥനി മഠത്തിൽ ആശാഭവൻ പ്രവർത്തനം ആരംഭിച്ചു.

ആശാഭവനിൽ നിരാലംബരും മാനസിക രോഗാവസ്ഥയിലുമായ 27 സ്ത്രീകൾ താമസിക്കുന്നു. ദൈവദാസനായ മാർ ഈവാനിയോസ് പിതാവിന്റെ 'സ്ത്രീജനോദ്ധാരണം' എന്ന ആശയത്തിന്റെ ഭാഗമായാണ് ഈ സ്ഥാപനം ആരംഭിച്ചത്. 12 വർഷമായി സ്ഥിരം കിടപ്പിലായ 3 സ്ത്രീകൾ ഉണ്ട്. 45 വയസിനുമുകളിലുള്ളവരും, മാനസികവും, ശാരീരികവുമായ രോഗികളുമായവരാണ് ഇവർ. തമിഴ്നാട്ടിൽ നിന്നും 4 അമ്മമാർ ഇവിടെ ഉണ്ട്.

അനാഥരായ ഇവരെ സംരക്ഷിക്കുവാനും, സഹായിക്കുവാനും ധാരാളം വ്യക്തികൾ ഇവിടെ സന്ദർശിക്കുന്നുണ്ട്. ഹൈറേഞ്ചിലെ സാധാരണക്കാരായ വ്യക്തികൾ, പുറ്റടി ഗവൺമെന്റ് ആശുപത്രിയിലെ ഡോക്ടർമാർ, 7-ാം മൈൽ ഹെൽത്ത് സെന്ററിലെ നഴ്സുമാർ തുടങ്ങിയവരുടെ സൗജന്യ സേവനം ഈ അമ്മമാർക്ക് സ്ഥിരമായി ലഭിക്കുന്നു.

ഓണം, ക്രിസ്തുമസ്, ഈസ്റ്റർ തുടങ്ങിയ വിശേഷദിവസങ്ങളിൽ ചക്കുപ്പള്ളം ഇടവകാംഗങ്ങൾ ഇവിടെ സന്ദർശനം നടത്തുന്നു. കൂടാതെ പോലീസ് ഉദ്യോഗസ്ഥർ, പഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവരുടെ സേവനവും ഇവിടെ ലഭിക്കുന്നു. തീരെ സാധാരണക്കാരായ മനുഷ്യർ ഈ അമ്മമാരെ സഹായിക്കുന്നു എന്നതാണ് ഏറ്റവും പ്രാധാന്യമർഹിക്കുന്നത്. നമ്മുടെ കഴിവിനൊത്ത് ഇവരെ സഹായിക്കുമ്പോൾ ദൈവം നമ്മളെയും സഹായിക്കും, അനുഗ്രഹിക്കും. ദാനമായി ലഭിച്ചത് ദാനമായി നൽകുവിൻ. ദാനമായി ലഭിച്ചതല്ലാതെ മറ്റൊന്നും നമുക്കില്ല എന്ന ചിന്ത നമുക്കുണ്ടെങ്കിൽ മറ്റുള്ളവരെ സഹായിക്കുവാൻ, സ്നേഹിക്കുവാൻ നമുക്ക് സാധിക്കും.

എല്ലാ ദിവസവും ഈ അമ്മമാർ പ്രാർത്ഥനാ ജീവിതത്തിലൂടെ മുന്നേറുന്നു. ദിവസവും രാവിലെ വി. കുർബ്ബാനയിൽ അമ്മമാർ പങ്കെടുക്കുന്നു. പ്രഭാത പ്രാർത്ഥനയിലും, ജപമാല പ്രാർത്ഥനയിലും, സന്ധ്യാപ്രാർത്ഥനയിലും സജീവമായി പങ്കെടുക്കുന്നു. ആരോഗ്യമുള്ളവർ ഭക്ഷണം പാചകം ചെയ്യുവാനും സഹായിക്കുന്നു. നമ്മുടെ കുടുംബത്തിലെ ആഘോഷങ്ങളിൽ നമ്മുടെ സാമ്പത്തിക വളർച്ചയിൽ ഈ അമ്മമാരെ കൂടി നമുക്ക് ഓർക്കാം, സന്ദർശിക്കാം, സഹായിക്കാം. അങ്ങനെ "ഞാൻ രോഗിയായിരുന്നു. നിങ്ങൾ എന്നെ സന്ദർശിച്ചു." എന്ന ദൈവവചനം നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാം.



**മേൽവിലാസം :-**
**ഡയറക്ടർ**
**മാർ തെയോഫിലോസ്**
**ബഥനി ആശാഭവൻ**
**ചക്കുപ്പള്ളം പി.ഒ.**
**6-ാം മൈൽ, കുമളി, ഇടുക്കി**
**ഫോൺ : 9562114732**
**: 04868 282452**
**വഴി : - കുമളി കട്ടപ്പന റൂട്ട് - 6-ാം മൈൽ - ചക്കുപ്പള്ളം**



# ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പ്രേഷിതദർശനം





ഫാ. ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി.

നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ എന്ന സുവിശേഷാഹ്വാനം അതിന്റെ പൂർണ്ണാർത്ഥത്തിൽ ഹൃദയത്തിൽ സ്വീകരിച്ച് അതിനു പ്രായോഗികാവിഷ്കാരം നല്കി കടന്നു പോയ വലിയ മിഷണറിയായിരുന്നു ദൈവദാസൻ മാർ ഈവനിയോസ് തിരുമേനി. താൻ അംഗമായിരുന്ന മലങ്കര സുറിയാനി സഭയുമായുള്ള ആഴപ്പെട്ടതും അഭേദ്യവുമായുള്ള ബന്ധത്തിൽ നിന്നുരുവായതാണ് പിതാവിന്റെ പ്രേഷിത ദർശനം. ഈ ഉൾക്കാഴ്ച പിതാവിന്റെ ജീവിതത്തെ ആകെ മാറ്റിമറിച്ചു. തന്റെ ആദ്ധ്യാത്മികതയും സന്യാസദർശനവും പ്രായോഗിക പദ്ധതികളുമെല്ലാം ഈ പ്രേഷിത ദർശനത്തിന്റെ വിവിധ മാനങ്ങളാണ്.

### ദൈവശാസ്ത്രാടിസ്ഥാനം

മാർ ഈവാനിയോസ് പിതാവിന്റെ സഭാത്മകബോദ്ധ്യങ്ങളിൽ സഭയുടെ അടിസ്ഥാനം നിലകൊള്ളുന്നത് സുവിശേഷ പ്രചാരണത്തിലാണ്. സഭ ആത്യന്തികമായി സുവിശേഷകയാണ്. സുവിശേഷം പ്രഘോഷിക്കുമ്പോഴാണ് സഭ സഭയാകുന്നത്. സഭയുടെ അഭിവൃദ്ധിയും ഉന്നമനവും വളർച്ചയുമെല്ലാം അടങ്ങിയിരിക്കുന്നതു സുവിശേഷ പ്രചരണത്തിന്റെ ശക്തിയിലും ഫലപ്രാപ്തിയിലുമാണ്. ക്രൈസ്തവസഭയുടെ സർവ്വപ്രധാനമായ ചുമതല സുവിശേഷ പ്രചരണമത്രെ. രക്ഷകനായ മിശിഹാ തമ്പുരാനെ ഏവരും കാണിച്ചു കൊടുക്കുക എന്നുള്ളതാണ് അതിന്റെ മുദ്രാവാക്യം (ഗിരിദീപം P. 58). സ്ഥാപനങ്ങൾ ഉണ്ടെങ്കിലും ഇല്ലെങ്കിലും സുവിശേഷ പ്രചരണം നടന്നേ മതിയാവൂ.

ഈ അടിസ്ഥാനത്തിന്മേലാണ് മാർ ഈവാനിയോസ് പിതാവ് തന്റെ പ്രേഷിത ദർശനം പടുത്തുയർത്തുന്നത്. അന്നത്തെ മലങ്കര സഭയുടെ

ഈ വിഷയത്തിലുള്ള ശോച്യാവസ്ഥ, അതിന്റെ അടിസ്ഥാനപരമായ സ്ഥാപനോദ്ദേശത്തിൻ നിന്നുമുള്ള വ്യതിചലനം, ലജ്ജാകരവും കുറ്റകരവും വലിയ അപരാധവുമാണെന്നുള്ള ബോദ്ധ്യം പിതാവിന്റെ കണ്ണുകളെ തുറപ്പിച്ചു. സ്വന്തം നാടും വീടും ആരോഗ്യവും സ്വത്തുക്കളും ജീവിതസൗകര്യങ്ങളുമെല്ലാം ഉപേക്ഷിച്ച് ഭാരതത്തിൽ വന്ന് സുവിശേഷ പ്രചാരണം നടത്തുന്ന വിദേശ മിഷണറിമാരുടെ സാന്നിദ്ധ്യവും പ്രവർത്തനങ്ങളും പിതാവിന് പ്രചോദനമേകുകയും തന്നെ കർമ്മനിരതനാക്കുകയും ചെയ്തു (ഗിരിദീപം P. 57-58).

## മിഷണറിമാർ ആരായിരിക്കണം

ഇത്തരം അടിസ്ഥാന ചിന്തകളുടെ പശ്ചാത്തലത്തിൽ മലങ്കരസഭയുടെ സുവിശേഷ പ്രചാരണ ദൗത്യത്തെ ശക്തിപ്പെടുത്താനുള്ള ഭാവി പദ്ധതികളെക്കുറിച്ചു പിതാവ് ആലോചിക്കുവാൻ തുടങ്ങി. സഭയുടെ ഉന്നമനത്തിനായി നേരത്തെ വിഭാവനം ചെയ്തിരുന്ന വൈദികസെമിനാരി സ്ഥാപിക്കുക, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുക മുതലായ പദ്ധതികളെല്ലാം തത്ക്കാലം മാറ്റി വയ്ക്കാൻ തീരുമാനിച്ചു. പകരം മിഷണറിമാരെ ഒരുക്കുന്നതിനായി ഒരു മിഷണറി സമൂഹം തന്നെ ആരംഭിക്കുന്നതിനാലോചിച്ചു (ഗിരിദീപം, P. 59-61).

സുവിശേഷ പ്രചരണവേല അതിന്റെ ശരിയായ ലക്ഷ്യം പ്രാപിക്കണമെങ്കിൽ അതിനനുസൃതമായി രൂപപ്പെട്ട മിഷണറിമാരുണ്ടാകണം. അവർ ആദർശത്തിന് ഐകരൂപ്യമുള്ളവരും ജീവിതനിഷ്ഠയുള്ളവരുമായിരിക്കണം. അതുപോലെ, ദൈവസ്നേഹത്തെ ജീവിതപ്രമാണമാക്കിയവരും ദൈവഭക്തിയിൽ പരിപോഷിപ്പിക്കപ്പെട്ടവരുമാകണം. സുവിശേഷ പ്രചരണം വാക്കുകളാലോ വാക്യങ്ങളാലോ മാത്രം നിർവ്വഹിക്കപ്പെടേണ്ട ഒന്നല്ല. അത് സുകൃത നടപടികളാലും പരോപകാരാർത്ഥമുള്ള സ്നേഹപ്രവർത്തികളാലും നിർവ്വഹിക്കപ്പെടേണ്ടതാണ്. കൊമ്പുകളും ഇലകളും ഫലങ്ങളും നിറഞ്ഞു നില്ക്കുന്ന ഒരു വൃക്ഷത്തോടാണ് മിഷണറിമാരെ പിതാവ് ഉപമിക്കുന്നത്. അതുകൊണ്ട് അവർ സുകൃതങ്ങൾ നിറഞ്ഞ് സുകൃതജീവിതം നയിക്കുന്നവരാകണം. യഥാർത്ഥ ദൈവഭക്തിയും ദൈവസ്നേഹവുമുള്ള സുവിശേഷകർക്കു മാത്രമേ ലോകരെ ദൈവത്തിലേക്ക് നയിക്കാനാവൂ (ഗിരിദീപം P. 64-62).



മിഷണറിമാർ ആരായിരിക്കണം എന്ന ഈ ചിന്തകളും അതിനെ കേന്ദ്രീകരിച്ചുള്ള വിചിന്തനങ്ങളും ധ്യാനങ്ങളും പ്രാർത്ഥനകളുമെല്ലാം പിതാവിനെ കൊണ്ടെത്തിച്ചത് സന്യാസജീവിതദർശനങ്ങളിലേക്കാണ്. ദൈവസേവനത്തേക്കാൾ അത്യുത്തമം ദൈവസമ്പാദനമാണെന്നും ദൈവത്തെ സമ്പാദിക്കേണ്ടവർ യേശുമിശിഹായുടെ പരിത്യാഗത്തിന്റെ, സ്വയപരിത്യാഗത്തിന്റെ ജീവിതം സ്വന്തമാക്കണമെന്നുമുള്ള ആദ്ധ്യാത്മികാവബോധത്തിന്റെ ഉന്നതശൃംഗത്തിലാണ് പിതാവ് എത്തിച്ചേർന്നത്. യേശുമിശിഹായുടെ ശ്ലീഹന്മാർ സകലതുമുപേക്ഷിച്ചുകൊണ്ട് 'ഞങ്ങൾ നിന്റെ പിന്നാലെ വന്നിരിക്കുന്നു' എന്നു പറഞ്ഞ സ്വയപരിത്യാഗികളായിരുന്നു. അവരാണ് ദൈവത്തെ സമ്പാദിച്ചവർ. അവരാണ് യഥാർത്ഥ സുവിശേഷകർ. അവരിലൂടെയാണ് യേശുമിശിഹായെ ലോകം അറിഞ്ഞത് (ഗിരിദീപം P. 63-64).

സ്വയപരിത്യാഗത്തിന്റെ പ്രായോഗിക ജീവിതാവസ്ഥയാണ് സന്യാസം. സന്യാസമെന്നാൽ വാച്യാർത്ഥത്തിൽ തന്നെ സർവ്വസംഗ പരിത്യാഗമാണ്. മിഷണറിമാർ ആരായിരിക്കണം എന്ന ചിന്ത പിതാവിനെ സന്യാസത്തിലേക്കാണെത്തിച്ചത്. ഈ പശ്ചാത്തലത്തിലാണു ബഥനി സന്യാസി - സന്യാസിനി പ്രസ്ഥാനങ്ങൾ പിതാവ് ആരംഭിച്ചത്. ഇവിടെ മിഷണറിമാരെല്ലാം സന്യാസി - സന്യാസിനികളായിരിക്കണം എന്നല്ല വിവക്ഷിക്കുന്നത്. പിന്നെയോ അവർ യേശുക്രിസ്തുവിനെ സ്വന്തമാക്കിയവനും സുവിശേഷമൂല്യങ്ങൾ അതിന്റെ പൂർണ്ണതയിൽ ജീവിക്കുന്നവരും ലൗകീക മോഹവലയങ്ങൾക്കടിമപ്പെടാത്തവരുമായിരിക്കണം എന്നാണ്. ഇപ്രകാരമുള്ള സുവിശേഷകരിലൂടെ മാത്രമേ സുവിശേഷപ്രചരണം ഫലസമൃദ്ധിയിലെത്തുകയുള്ളൂ.



## ഭാരതമാസകലം – ദേശീയമായ രീതിയിൽ


മാർ ഈവാനിയോസ് പിതാവിന്റെ സുവിശേഷ പ്രചരണചിന്തകൾക്ക്, ആക്കം കൂട്ടിയത് മാർത്തോമ്മാശ്ലീഹായാൽ ഭാരതത്തിൽ കൊളുത്തപ്പെട്ട വിശ്വാസദീപം പത്തൊമ്പത് നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും ഭാരതഭൂമിയെ ആകമാനം ദീപ്തമാക്കാതെ അതേപടി നിലകൊള്ളുന്നു എന്ന ദുഃഖകരമായ വസ്തുതയാണ്. ഈ അവസ്ഥയ്ക്ക് ഒരു കാലം മലങ്കര സുറിയാനി സമുദായം സമാധാനം പറയേണ്ടതായി വരും എന്ന് പിതാവ് വിശ്വസിക്കുന്നു(ഗിരിദീപം P.58). തന്റെ മെത്രാഭിഷേകാനന്തരം പിതാവു നടത്തിയ സുപ്രധാനമായ പ്രസംഗത്തിലും ഇൻഡ്യയിൽ സുവിശേഷ പ്രചരണം നടത്തുവാൻ വേണ്ട സർവ്വപ്രയത്നങ്ങളും സർവ്വാത്മനാ ചെയ്യുവാനായിട്ടാണ് കാതോലിക്കാ സിംഹാസനം കൊണ്ടുദ്ദേശിക്കുന്നത് എന്ന് പിതാവ് ഓർമ്മിപ്പിക്കുന്നു (ഇഞ്ചയ്ക്കലോടി, മാർ ഈവാനിയോസ്, P. 200).

പിതാവിന്റെ മിഷൻ ദർശനത്തിലെ ശക്തമായ ആശയമാണ് സാംസ്കാരിക അനുരൂപണം (inculturation) രണ്ടാം വത്തിക്കാൻ കൗൺസിലും അതിനുശേഷമുള്ള ഭാരതസഭയും ഈ വിഷയത്തിനു നല്കിയിട്ടുള്ള കേന്ദ്രീയ സ്ഥാനം നമുക്കെല്ലാം സുപരിചിതമായിട്ടുള്ളതാണ്. ഇവയ്ക്കെല്ലാം അനേക നാളുകൾക്കു മുൻപ് മാർ ഈവാനിയോസ് പിതാവ് തന്റെ മിഷൻ ദർശനത്തിന് ദേശീയതയുടെ സ്വഭാവം ഉൾച്ചേർത്തു എന്നത് നമ്മെ ചിന്തിപ്പിക്കേണ്ട വസ്തുതയാണ്. കൽക്കത്തയിലെ തന്റെ ജീവിതവും പഠനങ്ങളും, ദേശീയതയുടെ വിഷയത്തിൽ വളരെ മൗലികമായ നിലപാടുകൾ സ്വീകരിച്ച വ്യക്തികളും പ്രസ്ഥാനങ്ങളുമായുള്ള അടുപ്പവും എല്ലാം അന്നത്തെ ആ യുവ ഓർത്തഡോക്സ് വൈദികനെയും ഈ ദിശയിൽ ചിന്തിക്കുവാൻ പ്രേരിപ്പിച്ചിട്ടുണ്ടെന്ന് ന്യായമായി അനുമാനിക്കാവുന്നതാണ്.

മേലുദ്ധരിച്ച മെത്രാഭിഷേക അവസരത്തിൽ നടത്തിയ പ്രസംഗത്തിൽ ഇക്കാര്യം വിവരിക്കുന്നതിപ്രകാരമാണ്; ഇത്ര ദീർഘകാലമായിട്ടും നമ്മുടെ ക്രിസ്ത്യാനിത്വം പല വിഷയങ്ങളിൽ കേവലം വൈദേശികമായിട്ടാണ് ഇവിടെ സ്ഥിതി ചെയ്യുന്നത്. സ്വദേശീയമായ അവസ്ഥ ക്രിസ്തുമതത്തിനു വരാത്തിടത്തോളം ഭാരതത്തിലുള്ള ഹിന്ദു – മുസ്ലിം സമുദായങ്ങളെ ക്രിസ്തുദർശനത്തിലേയ്ക്ക് കൊണ്ടുവരുവാൻ പ്രയാസമാണ്. പുരാതനമായ ക്രിസ്തീയ സഭയുടെ അടിസ്ഥാന തത്വങ്ങൾക്ക് ഭംഗം വരുത്താതെ തന്നെ ക്രിസ്തുമതത്തെ ഭാരതത്തിൽ സ്വദേശീയമാക്കുവാൻ സാധിക്കും, അങ്ങനെ സാധിക്കേണ്ടതാണ് (മാർ ഈവാനിയോസ് P. 200). ഈ വിഷയത്തിൽ സധൈര്യം മുന്നോട്ടിറങ്ങാനുള്ള ആഹ്വാനമാണ് പിതാവു നല്കിയത്.

സുവിശേഷ പ്രചരണത്തിന് ശക്തിപകരാൻ പിതാവ് മലങ്കര സഭയിൽ സ്ഥാപിച്ച സന്യാസ പ്രസ്ഥാനം അതിന്റെ ആദർശത്തിലും സ്വഭാവത്തിലും ജീവിതരീതിയിലും ഭാരതീയ സന്യാസത്തിൽ നിന്ന് ഉൾക്കൊള്ളാവുന്നവയെല്ലാം ഉൾക്കൊണ്ടു ജീവിക്കാൻ പിതാവ് നിഷ്കർഷിച്ചിരുന്നു. കാരണം സന്യാസം ഭാരതത്തിന്റെ ആത്മാവിൽ അലിഞ്ഞു ചേർന്ന അംശമാണ്. അത് വിസ്മരിച്ച് ഇവിടെ സുവിശേഷപ്രഘോഷണം നടത്തുന്നത് നിഷേധാത്മകമായ സമീപനമാണ്. ഇതു മനസ്സിലാക്കി ബഥനി സന്യാസികൾ അവരുടെ താമസസൗകര്യങ്ങളിലും ഭക്ഷണരീതിയിലും വേഷത്തിലും പ്രാർത്ഥനാരീതിയിലും എല്ലാം ദേശീയതയുടെ സ്വഭാവം പ്രകടമാക്കിയിരുന്നു. ബഥനി ആശ്രമസ്ഥരുടെ ഔദ്യോഗിക വേഷം കാവിനിറത്തിലുള്ളതായിരിക്കണം എന്ന് നിശ്ചയിക്കാനുള്ള കാരണം വിശദീകരിക്കുന്നതിപ്രകാരമാണ്; “ഇൻഡ്യയിലെവിടെയും ദൈവവേലയ്ക്കായി പോകാനനുയോജ്യമായ, ഈ നാടിനു ചേരുന്നതും പരദേശികളുടേതെന്നു

### ഉപകാരസ്മരണ



സൂസമ്മ രാജു

"ആരും കുറ്റം പറയാത്തതുമായ വേഷമാണ് കാവിവേഷം" എന്ന് പിതാവ് വിശദീകരിക്കുന്നു (മാർ ഈവാനിയോസ് P. 167-168).

## സഭയിലെ അനൈക്യം - പ്രേഷിത പ്രവർത്തനത്തിന്റെ ശക്തി കുറയ്ക്കുന്നു.

സഭയ്ക്കുള്ളിലെ അനൈക്യവും സഭകൾ തമ്മിലുള്ള അനൈക്യവും പ്രേഷിതപ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുകയും മുരടിപ്പിക്കുകയും ചെയ്യും എന്ന യാഥാർത്ഥ്യം വ്യവഹാരങ്ങളും ആഭ്യന്തരകലഹങ്ങളും കൊണ്ട് കലുഷിതമായ സ്വസഭാനുഭവങ്ങളിൽ



നിന്ന് പിതാവ് ശരിയാംവണ്ണം മനസ്സിലാക്കിയിരുന്നു. "ഒരു തൊഴുത്തും ഒരിടയനും" എന്നാഗ്രഹിച്ച കർത്താവിന്റെ സഭയിലെ ഭിന്നതകൾ യേശുമിശിഹായെ പ്രഘോഷിക്കുന്നതിന്റെ വിശ്വാസ്യതയ്ക്ക് മങ്ങലേല്പിക്കും. ഭിന്നിച്ചു നില്ക്കുന്ന മിശിഹായുടെ സഭ മിശിഹായെ പ്രഘോഷിക്കുന്നതിന് വിഘ്നങ്ങൾ സൃഷ്ടിക്കും.

ഈ പശ്ചാത്തലത്തിലാണ് മാതൃസഭയുമായുള്ള പുനരൈക്യം എന്ന വിഷയം പിതാവിൽ ഉടലെടുക്കുകയും പിന്നീടത് രൂഢമൂലമാകുകയും ചരിത്രപ്രസിദ്ധമായ പുനരൈക്യപ്രസ്ഥാനത്തിനു വഴിതെളിക്കുകയും ചെയ്തത്. ക്രൈസ്തവലോകത്തുതന്നെ നിലനിന്നിരുന്ന പുനരൈക്യത്തിന്റെ ആത്മാവ് പിതാവിലും ശക്തിയായി പ്രവർത്തിച്ചു. സഭയുടെ പ്രേഷിത ചൈതന്യം ശക്തമാക്കാനും പ്രവർത്തനങ്ങൾ വിപുലമാക്കാനും നടത്തിയ പരിശ്രമങ്ങളുടെ ഭാഗമായിട്ടാണ് പുനരൈക്യപ്രസ്ഥാനം രൂപപ്പെട്ടത്. സഭയിലെ ഭിന്നതകൾ ക്രിസ്തുവിന്റെ മൗതിക ശരീരത്തിലെ മുറിവുകളാണെന്നും ആ മുറിവുകളുണക്കാൻ തന്റെ ശരീരം അനേക കഷണങ്ങളായി മുറിക്കപ്പെടുവാൻ വിട്ടുകൊടുക്കാൻ തയ്യാറാകുന്ന ആദ്ധ്യാത്മിക ഔന്നത്യത്തിലേക്ക് പിതാവുയർന്നു.

## ദർശന സാക്ഷാത്കാരം

പിതാവിന്റെ ഈ പ്രേഷിത ദർശനത്തിന്റെ ഉയരവും ആഴവും വ്യാപ്തിയുമെല്ലാം മലങ്കര കത്തോലിക്കാ സഭയിലൂടെ തെളിഞ്ഞു വന്നു കൊണ്ടിരിക്കുകയാണ്. കത്തോലിക്കാ പുനരൈക്യത്തിനു മുൻപുതന്നെ മലങ്കര സഭയ്ക്കുള്ളിൽ വലിയൊരു ആദ്ധ്യാത്മിക നവീകരണവും ഉണർവ്വും അതു സൃഷ്ടിച്ചു. പെരുനാട് മുണ്ടൻമലയിലെ ബഥനി ആശ്രമത്തിൽ നടന്ന ആരാധനാനുഷ്ഠാനങ്ങളിലും, പ്രത്യേകിച്ച് നോമ്പു കാലങ്ങളിലും ധ്യാനയോഗങ്ങളിലും ധാരാളം പേർ പങ്കെടുത്തിരുന്നു. ആ സ്വഭാവം പൂണ്ട മലങ്കര മക്കൾക്ക് ബഥനി ആശ്രമവും ബഥനി പള്ളികളും ആശ്വാസമായി മാറി. ബഥനി ആശ്രമം സഭാ വിശ്വാസികൾക്ക് ഒരു തീർത്ഥാടന കേന്ദ്രമായി അനുഭവപ്പെട്ടു. സഭയ്ക്കുള്ളിലെ ഈ നവസുവിശേഷവത്ക്കരണത്തോടൊപ്പം അക്രൈസ്തവരുടെ ഇടയിലുള്ള സുവിശേഷ പ്രചരണപരിപാടികളും പിതാവ് ആരംഭിച്ചു. സമൂഹത്തിന്റെ താഴെതട്ടിൽ ജീവിക്കുന്ന അക്രൈസ്തവരുടെയിടയിലാരംഭിച്ച ബഥനി വിജാതീയ മിഷൻ അവക്കൊരു ആത്മീയ ഔഷധാലയം ആയി വിളങ്ങി ശോഭിച്ചു. പഞ്ചാബിലും ബംഗാളിലുമൊക്കെ മിഷൻ പ്രവർത്തനത്തിനായി പോകണമെന്നുള്ള ആഗ്രഹം ചില സാഹചര്യങ്ങളാൽ സഫലീകൃതമായില്ലെങ്കിലും വിജാതീയ മിഷനിലൂടെ കേരളത്തിൽ പലയിടത്തും ശക്തമായി പ്രവർത്തിക്കാൻ പിതാവിന് സാധിച്ചു.

പുനരൈക്യാനന്തരം പിതാവിന്റെ മിഷൻ ചൈതന്യം മലങ്കര കത്തോലിക്കാ സഭയുടെ കെട്ടുപണിയിലൂടെയാണ് അനാവരണം ചെയ്യപ്പെട്ടത്. മലങ്കര കത്തോലിക്കാ സഭയിലേക്കു കടന്നുവന്നവരെ സുവിശേഷ ദർശനങ്ങളിലും ആരാധനാ രീതികളിലും, സഭാദർശനങ്ങളിലും, ആദ്ധ്യാത്മികതയിലും വളരുവാൻ പിതാവ് അക്ഷീണം പ്രയത്നിച്ചു. അതോടൊപ്പം തെക്കൻ തിരുവിതാംകൂറിലും തമിഴ്നാട്ടിലെ മാർത്താണ്ഡം കേന്ദ്രമാക്കി ചില പ്രദേശങ്ങളിലും അക്രൈസ്തവരുടെ ഇടയിൽ ശക്തമായ പ്രേഷിതപ്രവർത്തനങ്ങൾക്ക് പിതാവ് നല്ല അടിത്തറപാകി. പിന്നീടത് മാർത്താണ്ഡം രൂപതയായി ഉയർന്നു വന്നു.

സഭയുടെ സുവിശേഷ പ്രച

ാരണ ദൗത്യനിർവ്വഹണത്തിന് സാമൂഹ്യക്ഷേമസ്ഥാപനങ്ങളുടെ ആവശ്യകതയും പ്രസക്തിയും പിതാവ് ഒട്ടും കുറച്ചു കണ്ടിരുന്നില്ല. കാരണം മനുഷ്യന്റെ സമഗ്രമായ വളർച്ചയാണ് സുവിശേഷം ലക്ഷ്യം വയ്ക്കുന്നത്. പിതാവിന്റെ ജീവിതകാലത്തുതന്നെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളും മറ്റും ഉയർന്നു വന്നിരുന്നു. എന്നാൽ ഇത്തരം സ്ഥാപനങ്ങളുടെ കുറവോ അഭാവമോ സുവിശേഷ പ്രചരണ ദൗത്യത്തിൽ നിന്ന് സഭയെ പിൻതിരിപ്പിക്കാനിടയാകരുത്. അതോടൊപ്പം ഇത്തരം സ്ഥാപനങ്ങളുടെ എണ്ണത്തിലും സ്വാധീനത്തിലുമുള്ള കടന്നുകയറ്റം സുവിശേഷ പ്രചരണോദ്യമത്തിലുള്ള മുന്നേറ്റമായി സഭയ്ക്ക് ആശ്വസിക്കാനാകയില്ല. പിതാവിന്റെ വാക്കുകളിൽ ഈ സ്ഥാപനങ്ങളെല്ലാം യഥാർത്ഥ സുവിശേഷ പ്രചരണോപാധികളായി മാറണം. അവിടെ വിവിധ ആവശ്യങ്ങളുമായി കടന്നുവരുന്നവർക്ക് സുവിശേഷമൂല്യങ്ങളുടെ ജീവിക്കുന്ന അനുഭവങ്ങളുണ്ടാകണം. മറിച്ചായാൽ ഇവയെല്ലാം എതിർസാക്ഷ്യങ്ങൾ നല്കുന്ന വെറും അലങ്കാര വസ്തുക്കളായി നിലകൊള്ളും. അവിടെ



പ്രവർത്തിക്കുന്നവരും നേതൃത്വം നല്കുന്നവരും മാനേജേഴ്സ് മാത്രമല്ല, സഭയുടെ സ്വയപരിത്യാഗികളായ മിഷണറിമാരുമാകണം.


### മലങ്കര കത്തോലിക്കാ സഭയുടെ പൈതൃകം

പിതാവിന്റെ പ്രേഷിത ദർശനം മലങ്കര കത്തോലിക്കാ സഭയുടെ വിലപ്പെട്ട ആദ്ധ്യാത്മിക പൈതൃകമാണ്. ഈ പൈതൃകത്തിന്റെ ക്രമാനുഗതമായ സാക്ഷാത്കാരമാണ് നമ്മുടെ സഭയിലൂടെ ഭാരതത്തിലുടനീളവും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും നാം കണ്ടുവരുന്നത്. ഭാരതത്തിന്റെ എല്ലാ ഭാഗങ്ങളിലും മിഷൻ പ്രവർത്തനം നടത്തുവാനുള്ള കാനോനികമായ അധികാരം മലങ്കര കത്തോലിക്കാ സഭയ്ക്ക് കൈവന്നുകഴിഞ്ഞു. അതിന്റെ പശ്ചാത്തലത്തിൽ ഡൽഹി ഗുഡ്ഗാവ് രൂപതയുടെയും പൂനെ എക്സാർക്കേറ്റിന്റെയും നേതൃത്വത്തിൽ ഇൻഡ്യയുടെ വിവിധ പ്രദേശങ്ങളിൽ തീഷ്ണമായ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചു കഴിഞ്ഞു. എത്യോപ്യ പോലുള്ള ആഫ്രിക്കൻ രാജ്യങ്ങളിലും അമേരിക്കയിലും യൂറോപ്പിലും ഗൾഫ് നാടുകളിലുമെല്ലാം മലങ്കര കത്തോലിക്കാ സഭയുടെ വേരോട്ടം ശക്തി പ്രാപിച്ചു വരികയാണ്. മാർ ഈവാനിയോസ് പിതാവിന്റെ പ്രേഷിത ദർശനത്തിന്റെ സ്വപ്ന സാക്ഷാത്കാരമായി ഇവയൊക്കെ വിശേഷിപ്പിക്കാവുന്നതാണ്.

ദൈവദാസന്റെ വിശുദ്ധിയുടെ വലിയ സാക്ഷ്യം


ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നാമകരണ നടപടികൾ ത്വരിതമായി നടക്കുന്ന കാലയളവാണിത്. വിശുദ്ധപദപ്രഖ്യാപനത്തിന്റെ ഭാഗമായി പിതാവിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥ ശക്തിയാൽ നടക്കുന്ന അത്ഭുതങ്ങൾക്കു വേണ്ടി സഭയൊന്നാകെ പ്രാർത്ഥനാപൂർവ്വം കാത്തിരിക്കുകയാണ്. മരണാനന്തരം സ്വർഗ്ഗത്തിലെത്തിയ ശേഷം സഭയ്ക്കും സഭാമക്കൾക്കും അകത്തോലിക്കാ സഹോദരങ്ങളുടെ പുനരൈക്യത്തിനുമായി നിരന്തരമായി പ്രാർത്ഥിക്കും എന്നു വാഗ്ദാനം ചെയ്തുകൊണ്ടാണ് പിതാവ് ഈ ലോകം വിട്ടത്. ഇന്നു നാം അത് അനുഭവിച്ചു കൊണ്ടിരിക്കുന്നു. മലങ്കര കത്തോലിക്കാ സഭയുടെ അതിവേഗ വളർച്ചയും മിഷൻ രംഗങ്ങളിലെ അത്ഭുതാവഹമായ മുന്നേറ്റങ്ങളും നവോന്മേഷവും പിതാവിന്റെ ജീവിത വിശുദ്ധിയുടെ ദർശനവിശുദ്ധിയുടെ, മാദ്ധ്യസ്ഥ ശക്തിയുടെ മിഴിവാർന്ന സാക്ഷ്യ്യളാണെന്നതിൽ സംശയമില്ല.

## ആദരാഞ്ജലികൾ



**സി. റംസാ എസ്.ഐ.സി**

മരണം : 25-06-2017



# പ്രബോധനം

തിരുവചനത്തിന്റെ പുനർവായന

**മാതൃസമാജങ്ങളിലും കുടുംബകൂട്ടായ്മകളിലും വായനയ്ക്കും പഠനത്തിനും ...**

## ജൂലൈ 2 ഞായർ
## ലൂക്കാ 6: 27 – 36

പുതിയ നിയമത്തിലെ സൻമാർഗ്ഗിക നിയമങ്ങളുടെ ചുരുക്കമാണ് ഈ സുവിശേഷത്തിന്റെ അടിസ്ഥാനം. മത്തായിയുടെ സുവിശേഷത്തിന്റെ 5 മുതൽ 7 വരെയുള്ള അദ്ധ്യായങ്ങളിൽ നൽകിയിരിക്കുന്ന ഗിരിപ്രഭാഷണത്തിന്റെ ചുരുക്കമാണ് ലൂക്കാ സുവിശേഷകൻ ഇവിടെ നൽകിയിരിക്കുന്നത്. ക്രൈസ്തവ ധാർമ്മികതയുടെ അനന്യത വെളിവാക്കുന്ന ഈ ഭാഗം അനേകരെ ജാതിമത ഭേദമെന്യേ സ്വാധീനിച്ചിട്ടുള്ളതാണ്. ഗാന്ധിജിയെപ്പോലുള്ള മഹത്‌വ്യക്തികളെപ്പോലും ഏറെ സ്വാധീനിച്ചിട്ടുള്ള വ്യത്യസ്തമായ ധാർമ്മിക ചിന്തകളാണ് ഈ സുവിശേഷ ഭാഗം പങ്കുവെയ്ക്കുന്നത്.

ക്രിസ്തീയ ധാർമ്മികതയുടെ അടിസ്ഥാനം സ്നേഹമാണ്. എല്ലാ മതങ്ങളും സ്നേഹമെന്ന പ്രമാണത്തെ അടിസ്ഥാനപ്പെടുത്തിയാണ് അതിന്റെ ധാർമ്മികത ക്രമപ്പെടുത്തിയിരിക്കുന്നത്. എങ്കിൽ ക്രിസ്തീയ ധാർമ്മികതയുടെ സവിശേഷതയെന്ത്?

ക്രിസ്തു മതത്തിന്റെ ധാർമ്മികത കുറേ നിയമങ്ങളെ ആശ്രയിച്ചു നിൽക്കുന്നതല്ല ക്രിസ്തു മതത്തിന്റെ ധാർമ്മികത ഒരു വ്യക്തിയാണ്. യേശു എന്ന വ്യക്തി തന്റെ കൽപന ലംഘിച്ച് പാപം ചെയ്യുകയും തന്നിൽ നിന്ന് അകന്നു പോകുകയും ചെയ്ത മനുഷ്യകുലത്തെ രക്ഷിക്കാൻ വേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത യേശു ആണ് ക്രിസ്തുമതത്തിന്റെ ധാർമ്മികതയുടെ അളവുകോൽ. തന്നെ ക്രൂശിച്ചവർക്കുവേണ്ടി പിതാവെ ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല. ഇവരോട് ക്ഷമിക്കേണമേ എന്ന് പ്രാർത്ഥിച്ച യേശുവിന്റേതുപോലെ ശത്രുസ്നേഹത്തിന് മറ്റൊരു മാതൃകയില്ല. വിശുദ്ധ അഗസ്റ്റിൻ ദൈവത്തിന്റെ അസ്ഥിത്വം വെളിപ്പെടുത്താൻ ഉപയോഗിക്കുന്ന ന്യായങ്ങളിലൊന്ന് ഇങ്ങനെയാണ്. നമുക്കൊരാളോട് കരുണതോന്നുന്നെങ്കിൽ അതിനർത്ഥം ദൈവമുണ്ട് എന്നാണ്. ഈ വേദഭാഗം അവസാനിക്കുന്നത് ഇതിന് സമാനമായ ആശയത്തോടെയാണ്. നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ. അങ്ങനെ ചിന്തിക്കുമ്പോൾ ഇന്നത്തെ സുവിശേഷം കാരുണ്യത്തിന്റെ വഴികളെ ഒരുവൻ ജീവിക്കുന്ന സമൂഹത്തിൽ ദൈവമുണ്ട് എന്നതിന്റെ തെളിവായി അവതരിപ്പിക്കുന്നു. ദൈവകരുണയുടെ സ്വഭാവം നിവർത്തിയാകേണ്ട നാലു മേഖലകളെയാണ് യേശു ചൂണ്ടിക്കാട്ടുന്നത്.

ഒന്നാമതായി ശത്രുവിനെ സ്നേഹിക്കുക. തിരിച്ചൊന്നും പ്രതീക്ഷിക്കാതെ മറ്റുള്ളവർക്കു നന്മചെയ്യുക എന്നതാണ് ക്രിസ്തീയ കാരുണ്യം. നമ്മെ വേദനിപ്പിച്ചവരോടും സ്നേഹപൂർവ്വം പെരുമാറണമെങ്കിൽ കരുണയുള്ള ഹൃദയം വേണം. അതിന്റെ അടിസ്ഥാനം ഇപ്രകാരമാണ് യേശു വ്യക്തമാക്കുന്നത്: "മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ അങ്ങനെ തന്നെ നിങ്ങളവരോട് പെരുമാറുവിൻ." ശത്രുത മനുഷ്യന്റെ ഉപരിതലത്തിലെ വികാരമാണ്. എന്നാൽ മനുഷ്യനിൽ ഏറ്റവും ആഴമുള്ള വികാരം സ്നേഹമാണ്. അതു തട്ടിയുണർത്തണമെന്നാണ് യേശു പഠിപ്പിക്കുന്നത്.

രണ്ടാമതായി ദ്വേഷിക്കുന്നവർക്ക് നന്മ ചെയ്യുക. നിങ്ങൾക്ക് നന്മ ചെയ്യുന്നവർക്ക് നിങ്ങൾ നന്മ ചെയ്യുന്നതിൽ എന്ത് മേന്മയാണുള്ളത് എന്ന യേശുവിന്റെ ചോദ്യം ഏറെ പ്രസക്തമാണ്. നമുക്ക് സ്തുതി പാടുന്നവർക്കും നമുക്ക് നന്മ ചെയ്യുന്നവർക്കും നന്മ ചെയ്യുക എളുപ്പമാണ്. പക്ഷേ യേശു പഠിപ്പിക്കുന്നത് ഇഷ്ടമില്ലാത്തവർക്കും തള്ളിപ്പറഞ്ഞവർക്കും ദ്വേഷിക്കുന്നവർക്കും നന്മ ചെയ്യാനാണ്. അത് നമ്മെത്തന്നെ ശൂന്യവത്ക്കരിക്കുന്നതിന്റെ ഭാഗമാണ്. മുറിയപ്പെടാതെ അത് സാധ്യമല്ല.

മൂന്നാമതായി ശപിക്കുന്നവരെ അനുഗ്രഹിക്കുക. അനുഗ്രഹിക്കുന്ന ദൈവത്തെയാണ് വി. ഗ്രന്ഥത്തിൽ നാം കണ്ടെത്തുക. ആദിമാതാപിതാക്കൾക്ക് ലഭിക്കുന്ന ശിക്ഷപോലും ദൈവകരുണയാൽ അനുഗ്രഹത്തിന്റെ വാഗ്ദാനമായി മാറുന്നത് നാം കാണുന്നു. കരുണയുള്ള ഹൃദയമുള്ളവർക്കേ ശപിക്കുന്നവർക്കു നേരെ അനുഗ്രഹത്തിന്റെ കരങ്ങളുയർത്താൻ കഴിയൂ.

നാലാമതായി അധിക്ഷേപിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുക. അപരൻ നമ്മുടെ പ്രാർത്ഥനയുടെ വിഷയമാകണം. നമ്മെ അധിക്ഷേപിക്കുകയും ആക്ഷേപത്തിന്റെ പാനപാത്രം കുടിപ്പിക്കുകയും ചെയ്തവരാണെങ്കിൽ സ്നേഹപൂർവ്വം ആശ്ലേഷിക്കുവാൻ നാം തയ്യാറാകണം.

ക്രിസ്തുവിന്റെ സാക്ഷികളാകാൻ വിളിക്കപ്പെട്ടവരാണ് നാം. ദൈവം ആരെന്ന് മറ്റുള്ളവർ മനസിലാക്കേണ്ടത് നമ്മുടെ പ്രവർത്തികൾ വഴിയാണ്. ക്രിസ്ത്യാനികളായ നാം ഓരോരുത്തരുടെയും

സ്നേഹപൂർവ്വവും കരുണാപൂർണ്ണവുമായ പ്രവർത്തികൾ വഴിയാണ് ദൈവത്തിന്റെ കരുണ പ്രകടമാകുക. അതിനാൽ ദൈവകരുണയുടെ ജീവിക്കുന്ന അടയാളങ്ങളായി നമുക്ക് മാറാം.

## ജൂലൈ 9 ഞായർ

## ലൂക്കാ 9: 57 – 62

ആരാണു ശിഷ്യൻ എന്ന ചോദ്യത്തിനുള്ള മറുപടിയാണ് ഇന്നത്തെ സുവിശേഷം. യേശുവിനെ ഒരു വഴിയാത്രക്കാരനായി ചിത്രീകരിച്ചുകൊണ്ടാണ് സുവിശേഷകൻ ശിഷ്യത്വം എന്തെന്ന് പഠിപ്പിക്കുന്നത്. അതായത് ശിഷ്യത്വം അടിസ്ഥാനപരമായും ഒരു അനുധാവനമാണ് മുന്നിൽ പോകുന്ന യേശുവിന്റെ കാലടികളെ പിൻതുടരുന്ന ജീവിതമാണ് ശിഷ്യത്വം. അതായത് ശിഷ്യൻ ഗുരുവിനെപ്പോലെയാകണം. ജീവിത വീക്ഷണത്തിലും പ്രായോഗിക ജീവിതത്തിലും; ഗുരുവിലേയ്ക്ക് വളരുകയെന്നതാണ് ശിഷ്യൻ സ്വീകരിക്കുന്ന വെല്ലുവിളി. ഈ വളർച്ചയുടെ പ്രായോഗികതലമാണ് ഇന്നത്തെ സുവിശേഷത്തിൽ വിശദമാക്കിയിരിക്കുന്നത്.

ശിഷ്യന്റെ ഏക നിക്ഷേപം ഗുരുവായിരിക്കണം. അതിനാൽ ഗുരുവിനെപ്പോലെ ദാരിദ്ര്യം തന്റെ കൈമുതലാക്കുവാനാണ് ശിഷ്യൻ പരിശ്രമിക്കേണ്ടത്. കുറുനരികൾക്ക് മാളങ്ങളും ആകാശത്തിലെ പക്ഷികൾക്ക് കൂടുകളും ഉണ്ട്. മനുഷ്യപുത്രനു തലചായ്ക്കാൻ ഇടമില്ല എന്നുപറഞ്ഞുകൊണ്ടാണ് യേശു സ്വയം വിശേഷിപ്പിക്കുന്നത്. ഇതിന്റെ അർത്ഥം യേശു ഒരിക്കലും ഉറങ്ങിയിട്ടില്ലന്നോ ഉറങ്ങാൻ സ്ഥലം ലഭിച്ചിരുന്നില്ലെന്നോ അല്ല. യേശു ഈ ഭൂമിയിൽ ഒരു പരദേശിയെപ്പോലെയും യാത്രക്കാരനെപ്പോലെയുമാണ് ജീവിച്ചത്. തന്റെ യഥാർത്ഥ ഭവനം സ്വർഗ്ഗീയ പിതാവിന്റെ വക്ഷസ്സാണെന്ന് യേശു എപ്പോഴും മനസ്സിലാക്കിയിരുന്നു. യേശു എവിടെയാണ് താമസിച്ചിരുന്നതെന്ന് യോഹന്നാൻ വിശദമാക്കുന്നത് ഇപ്രകാരമാണ്; ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടു കൂടിയായിരുന്നു (1:1). ദൈവത്തോടുകൂടിയുള്ള അവസ്ഥയാണ് യേശുവിന്റെ ഭവനം. അത് കുറേകൂടെ യോഹന്നാൻ വ്യക്തമാക്കുന്നു. പിതാവിന്റെ വഷസ്സിൽ ആയിരുന്ന പുത്രൻ അവനെ വെളിപ്പെടുത്തി (1:18)

ഇതാണ് യേശു തല ചായ്ക്കുന്നിടെ. പിതാവിന്റെ വഷസ്സ് അല്ലാതെ ഈ ഭൂമിയിൽ യേശുവിനു തല ചായ്ക്കാൻ മറ്റൊരിടമില്ല. ശിഷ്യന് പിതാവിന്റെ വഷസ്സിൽ തലചായ്ക്കുന്ന പുതിയൊരു സംസ്കാരത്തിലേയ്ക്ക് വളരാൻ കഴിയുമോ എന്നതാണ് യേശു നല്കുന്ന വെല്ലുവിളി. ഈ ഭൂമിയിൽ ജീവിക്കുമ്പോഴും സ്വർഗ്ഗീയ പിതാവിന്റെ വഷസ്സിൽ ആയിരിക്കുന്ന അവസ്ഥ. അതാണ് ശിഷ്യത്വം. യേശുവിന്റെ സ്ഥിതി അതായിരുന്നു. അതിലേയ്ക്കാണ് ശിഷ്യൻ വിളിക്കപ്പെടുന്നത്.

മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്കരിക്കാൻ വിട്ടിട്ട് ഗുരുവിനെ അനുഗമിക്കുന്നവനാണ് ശിഷ്യൻ. എന്നു പറഞ്ഞാൽ എന്താണർത്ഥം? ശിഷ്യന്റെ ബന്ധത്തെപ്പറ്റിയാണ് യേശു ഉവിടെ സംസാരിക്കുന്നത്. മറ്റുള്ളവരുമായുള്ള ബന്ധം എങ്ങനെ ആയിരിക്കണമെന്ന് ഇവിടെ വ്യക്തമാക്കുന്നു. ആരോടും ഒരു ബന്ധവുമില്ലാതെ ജീവിച്ചവനല്ലേ യേശു. അവിടത്തേയ്ക്ക് ഒരു മാതാവും പിതാവും ഉണ്ടായിരുന്നു. ഇവരോടുള്ള ബന്ധം മാതൃകാപരമായിരുന്നുവെന്നാണ് ലൂക്കാ രേഖപ്പെടുത്തിയിരിക്കുന്നത്; പിന്നെ അവൻ അവരോടൊപ്പം പുറപ്പെട്ട് നസറത്തിൽ വന്ന് അവർക്കു വിധേയനായി ജീവിച്ചു. അവന്റെ അമ്മ ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു. യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നു വന്നു (ലൂക്കാ 2: 51–52).

ഇതിൽ നിന്ന് മനസ്സിലാക്കുന്നത് തിരുക്കുടുംബത്തിനും നസറത്തിലെ നാട്ടുകാർക്കും കണ്ണിലുണ്ണിയായി വളർന്നവനാണ് യേശു എന്നാണ്. എല്ലാവരോടും ആവശ്യമായ സ്നേഹബന്ധം പുലർത്തി വളർന്നവനാണ് യേശു. പിൽക്കാലത്ത് തന്റെ ശിഷ്യരിൽ മൂന്ന് പേരെ പത്രോസിനെയും യോഹന്നാനെയും യാക്കോബിനെയും പ്രധാനന്മാരായി തന്റെ കൂടെ കൊണ്ട് നടന്നിരുന്നുവെന്ന് നാം മനസ്സിലാക്കുന്നു. ഇവരിൽ ഒരുവനായിരുന്നിരിക്കണം യേശുവിന്റെ വത്സല ശിഷ്യൻ. മറ്റുള്ളവരെക്കാൾ അധികം യേശു തന്നെ സ്നേഹിച്ചുവെന്ന് വിസ്വസിച്ചിരുന്നതിനാൽ യേശു സ്നേഹിച്ച ശിഷ്യൻ എന്ന് സ്വയം വിശേഷിപ്പിക്കുന്നു. എന്നാൽ ഈ ബന്ധങ്ങളൊന്നും തന്റെ ദൗത്യ നിർവഹണത്തിന് ഒരിക്കലും തടസ്സമായി നിന്നില്ല. ഇതാണ് യേശു തന്റെ ശിഷ്യന്മാരിൽ നിന്നും ആവശ്യപ്പെടുന്നത്. മരിച്ചവർ തങ്ങളുടെ മരിച്ചവരെ അടക്കട്ടെ എന്നു പറയുമ്പോൾ ഇതുതന്നെയാണ് യേശു ഉദ്ദേശിക്കുന്നത്. ശിഷ്യന് മറ്റുള്ളവരോടുള്ള ബന്ധം തനിക്കു മറ്റുള്ളവരോടുണ്ടായിരുന്നതുപോലെയാകണം എന്ന് യേശു ആഗ്രഹിക്കുന്നു.

ശിഷ്യത്വത്തെപ്പറ്റി യേശു നൽകുന്ന മൂന്നാമത്തെ ചിന്ത കലപ്പയിൽ കൈവച്ചിട്ട് തിരിഞ്ഞു നോക്കരുത് എന്നാണ്. ശിഷ്യത്വം ശരിയായ ചിന്തയും തീരുമാനവും കൂടാതെ ഒരു നിമിഷത്തിലെ താത്പര്യം കൊണ്ട് തിരഞ്ഞെടുക്കേണ്ടതല്ല. യേശുവിന്റെ ശിഷ്യരാകാൻ താത്പര്യമുള്ള അനേകരുണ്ട്. പക്ഷേ, ശിഷ്യത്വത്തിൽ നില നിൽക്കാൻ പലർക്കും കഴിയുന്നില്ല. അങ്ങനെയുള്ളവരെ ഉദ്ദേശിച്ചാണ് യേശു ഇവിടെ സംസാരിക്കുന്നത്. ഈ ലോകത്തെപ്പറ്റിയുള്ള ആകുലതയും യേശുവിനെപ്പറ്റിയുള്ള താത്പര്യവും ഒരുമിച്ചു കൊണ്ടു പോകാൻ പറ്റുന്നതല്ല. ഒന്നുപേക്ഷിച്ചു മറ്റൊന്നു സ്വീകരിക്കുകയേ നിവൃത്തിയുള്ളൂ. അല്ലെങ്കിൽ രണ്ടിലും വീഴ്ച വരുത്തും എന്നതാണ് സത്യം. കലപ്പയുടെ ഉദാഹരണം അതാണ് വ്യക്തമാക്കുന്നത്. ഉഴുതാൻ വേണ്ടി എല്ലാം സജ്ജമാക്കി ഉഴുതു തുടങ്ങുന്നവൻ നിലത്തിൽ കണ്ണുനട്ടു ശ്രദ്ധയോടെ തന്റെ ജോലി ചെയ്യണം. അല്ലെങ്കിൽ കലപ്പ വല്ല പാറയിലും കല്ലിലും തട്ടി മുറിഞ്ഞുപോകുകയും ചെയ്യും. നമ്മുടെ ക്രിസ്തീയ ജീവിതം ശിഷ്യത്വത്തിന് ആവശ്യമായ ത്യാഗം സഹിക്കുവാൻ നാം എന്തു ശ്രദ്ധകാണിക്കുന്നുവെന്ന് ചിന്തിച്ചു നോക്കാം.




# മാർ തെയോഫിലോസ് ഓർമപ്പെരുന്നാൾ

**രഞ്ജു ഇരവിപേരൂർ**

തിരുവല്ല: അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്ത യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തയുടെ 61–ാമത് ഓർമപ്പെരുന്നാൾ ജൂൺ 26, 27 തീയതികളിൽ നടത്തി. ഓർമ പ്പെരുന്നാളിനോടനുബന്ധിച്ച് 26ന് അതിരൂപ തയിലെ വിവിധ മേഖലകളിൽ നിന്നും എംസി വൈഎം നേതൃത്വത്തിൽ തിരുവല്ല സെൻറ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിലെ കബറിങ്കലേക്ക് തീർഥാടന പദയാത്രകൾ നട ത്തി. കനത്ത മഴയെ അവഗണിച്ചും നൂറുകണ ക്കിനു വിശ്വാസികളാണ് തീർഥാടന പദയാത്ര കളിൽ പങ്കുചേർന്നത്.

എംസിവൈഎം അതിരൂപതാ സമിതി, കോട്ട യം മേഖലാ സമിതി എന്നിവയുടെ നേതൃത്വ ത്തിൽ മെത്രാപ്പോലീത്തയുടെ കോട്ടയം ഒളശ യിലുള്ള ജന്മഗൃഹത്തിൽ നിന്നും ഛായാചിത്ര പ്രയാണം നടത്തി. ആർച്ച്ബിഷപ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. കോട്ടയം ആശ്രമം ജനറലേറ്റ്, കോട്ടയം മേഖലയിലെ വിവിധ ദേവാലയങ്ങൾ സന്ദർശിച്ച് വാകത്താനം ദേവാലയത്തിൽ എത്തിച്ചേർന്നു. തുടർന്ന് കുമളി, കട്ടപ്പന മേഖലകളിൽ നിന്നുള്ള തീർഥാടകരുമൊന്നിച്ച് തീർഥാടനപദയാത്രയായി തിരുവല്ല സെൻറ് ജോൺസ് കത്തീഡ്രലിൽ എത്തിച്ചേർന്നു.

തിരുവല്ല മേഖലയുടെ നേതൃത്വത്തിൽ തിരു മൂലപുരം സെൻറ് മേരീസ് പള്ളിയിൽ നിന്നാ രംഭിച്ച പദയാത്ര ആർച്ച്ബിഷപ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ആശിർവദിച്ച് ഉദ്ഘാടനം ചെയ്തു. തിരുവല്ല സെൻറ് ജോൺ സ് മെത്രാപ്പോലീത്തൻ കത്തീഡ്രലിലേക്ക് നടന്ന പദയാത്രയിൽ ആദ്യാവസാനം ആർച്ച്ബിഷപ് പങ്കെടുത്തു.

പുളിക്കീഴ് സെൻറ് ജോർജ് ദേവാലയത്തിൽ നിന്നാരംഭിച്ച നിരണം മേഖലയിലെ പദയാത്ര അതിരൂപത സഹായമെത്രാൻ ഡോ. ഫിലിപ്പോ സ് മാർ സ്തേഫാനോസ് ഉദ്ഘാടനം ചെയ്തു.

വെണ്ണിക്കുളം മേഖലയുടെ പദയാത്ര മേഖലാ വികാരി ഫാ. അലക്സ് കണ്ണമല ഉദ്ഘാടനം ചെയ്തു. വെണ്ണിക്കുളം, റാന്നി, എരുമേലി, മല്ലപ്പള്ളി മേഖലകളിൽ നിന്നുള്ള പദയാത്രകൾ തോട്ടഭാഗം സെൻറ് മേരീസ് ദേവാലയത്തിൽ സംഗമിച്ച് തിരുവല്ല സെൻറ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്ര ലിൽ എത്തിച്ചേർന്നു.

കത്തീഡ്രലിൽ പദയാത്രകളെ അതിരൂപത വികാരി ജനറാൾ മോൺ. ചെറിയാൻ താഴമണ്ണിലിന്റെ നേതൃത്വത്തിൽ സ്വീകരിച്ചു. തുടർന്ന് കബറിങ്കൽ ധൂപപ്രാർഥന, അനുസ്മരണ പ്രഭാഷണം എന്നിവ നടന്നു. കോട്ടയം അതിരൂപതാധ്യക്ഷൻ മാർ മാത്യു മൂലേക്കാട്ട് അനുസ്മരണ പ്രഭാഷണം നടത്തി.

ഡോ. ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത, അതിരൂപത സഹായമെത്രാൻ ഡോ. ഫിലിപ്പോസ് മാർ സ്തേഫാനോസ്, വികാരി ജനറാൾ മോൺ. ചെറിയാൻ താഴമൺ, ചാൻസിലർ ഫാ. ചെറിയാൻ കോട്ടയിൽ, എംസിവൈഎം അതിരൂപത ഡയറക്ടർ ഫാ. തോമസ് തൈക്കാട്ട്, അതിരൂപത പ്രസിഡൻറ് ജസ്റ്റിൻ ജോൺ, ജനറൽ സെക്രട്ടറി അനീഷ് മാമ്മൂട്ടിൽ, അതിരൂപത, മേഖലാ ഭാരവാഹികൾ തുടങ്ങിയവർ നേതൃത്വം നല്കി.

27നു രാവിലെ തിരുവല്ല സെൻറ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ നടന്ന പ്രഭാത പ്രാർഥനയ്ക്കും ആഘോഷമായ സമൂഹബലിക്കും ആർച്ച്ബിഷപ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത മുഖ്യകാർമികത്വം വഹിച്ചു. തുടർന്ന് അനുസ്മരണ പ്രഭാഷണം, കബറിങ്കൽ ധൂപപ്രാർഥന, നേർച്ചവിതരണം എന്നിവയും നടന്നു.





എംസിവൈഎം തിരുവല്ല മേഖലയുടെ നേതൃത്വത്തിൽ തിരുമൂലപുരം സെൻറ് മേരീസ് പള്ളിയിൽ നിന്നും സെൻറ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിലേക്ക് നടന്ന മാർ തെയോഫിലോസ് തീർഥാടന പദയാത്ര. ആർച്ച്ബിഷപ് ഡോ. തോമസ് കൂറിലോസ് മെത്രാപ്പോലീത്ത, ഫാ. കുര്യൻ കിഴക്കേക്കര, റവ. ഡോ. ഷാജി വാഴയിൽ തുടങ്ങിയവർ മുൻ നിരയിൽ.




എംസിവൈഎം നിരണം മേഖലയുടെ നേതൃത്വത്തിൽ പുളിക്കീഴ് സെൻറ് ജോർജ് പള്ളിയിൽ നിന്നും സെൻറ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിലേക്കു നടന്ന തീർഥാടനപദയാത്ര. അതിരൂപത സഹായമെത്രാൻ ഡോ. ഫിലിപ്പോസ് മാർ സ്തേഫാനോസ് മുൻ നിരയിൽ.

# കുടുംബത്തിൽ പിറന്ന പെണ്ണാകാൻ..?



**അരുൺ എഴുത്തച്ഛൻ**

ഒരു ചെറുപ്പക്കാരൻ വയോധികയെ വാഹനമിടിച്ച ഒരു കഥയുണ്ട്. ശ്രദ്ധയില്ലാതെ റോഡ് മുറിച്ചു കടക്കാൻ ശ്രമിക്കുകയായിരുന്നു ആ സ്ത്രീ. അപ്പോഴാണ് വാഹനം വന്നിടിക്കുന്നത്. ആളുകൾ ഓടിക്കൂടിയപ്പോൾ വയോധിക അവരോടായി പറഞ്ഞു; “ആ ചെറുപ്പക്കാരൻ നിരപരാധിയാണ്.” അപ്പോൾ സകല നിയന്ത്രണവും വിട്ട് ചെറുപ്പക്കാരൻ ചോദിക്കുന്നു; “ഞാനാണോ തള്ളേ നിരപരാധി? നിങ്ങളല്ലേ നിരപരാധി?” എന്ന്.

അർത്ഥമറിയാതെയുള്ള പ്രതിരോധങ്ങൾ ഒരു തമാശയാണ്. അതിന്റെ അടുത്ത ഉദാഹരണമാണ് ‘ഫെമിനിസ്റ്റ്’ എന്ന വിളി കേൾക്കുമ്പോഴുള്ള ചിലരുടെ പ്രതിരോധങ്ങൾ. “ഫെമിനിസ്റ്റോ? ഞാനോ? അനാവശ്യം പറയരുത്” എന്ന് പലരും പറഞ്ഞു കേട്ടിട്ടുണ്ട്.

ഫെമിനിസം എന്നാൽ, പെണ്ണ് ആണിന്റെ തലയ്ക്കിട്ടടിക്കാൻ വേണ്ടിയുള്ള അധികാരത്തിനു വേണ്ടി ഉയർത്തുന്ന വാദഗതികളാണ് എന്നാണ് പൊതുവെയുള്ള ധാരണ. മറിച്ച്, സ്ത്രീകൾക്കും പൗരാവകാശങ്ങളുമുണ്ട്, അവർക്ക് പൗരന്മാർക്കുള്ള സ്വാതന്ത്ര്യം വേണം എന്നു മാത്രമെ ഫെമിനിസം കൊണ്ട് അർഥമാക്കുന്നുള്ളൂ എന്ന് പലരും അറിയാതെ പോകുന്നു.

കഴിഞ്ഞ ദിവസം ‘കുടുംബത്തിൽ പിറന്ന പെണ്ണാകാൻ’ എന്ന വിഷയത്തിൽ കൊടുങ്ങല്ലൂരിലെ എൽതുരുത്തിൽ പ്രതീക്ഷ സാംസ്കാരിക വേദിയുടെ ഒരു സംവാദത്തിൽ സംസാരിക്കാൻ അവസരം കിട്ടുകയുണ്ടായി. അവിടെ നഗരസഭാ ചെയർമാൻ ശ്രീ വിപിന ചന്ദ്രൻ പറഞ്ഞത്;

“സ്ത്രീകൾക്ക് ഞങ്ങൾ സ്വാതന്ത്ര്യം കൊടുത്തിട്ടും അവർക്ക് അവസരം ഉപയോഗപ്പെടുത്താനായില്ല” എന്നാണ്. നോക്കൂ, നമ്മൾ ശീലിച്ചു വന്ന കീഴ്‌വഴക്കങ്ങൾ നമ്മുടെ ഉള്ളിൽ ഉണ്ടാക്കിയിരിക്കുന്ന ഒരു ധാരണയാണ് ആ കേട്ടത്. സ്ത്രീകൾക്കുള്ള സ്വാതന്ത്ര്യം പുരുഷൻ കൊടുക്കേണ്ടതാണ് എന്ന്. അങ്ങനെ സ്ത്രീസ്വാതന്ത്ര്യം പുരുഷന്റെ കയ്യിൽ ആരാണ് ഏൽപ്പിച്ചത് എന്നു ചിന്തിച്ചിട്ടുണ്ടോ? പല പുരുഷന്മാരും പറയുന്നതു കേട്ടിട്ടുണ്ട്; ഞാൻ ഭാര്യക്ക് എല്ലാ സ്വാതന്ത്ര്യവും കൊടുത്തിട്ടുണ്ട് എന്ന്. അതായത്, സ്വാതന്ത്ര്യം തന്റെ കയ്യിൽ ഏൽപ്പിക്കപ്പെട്ട എന്തോ സംഗതിയാണ് എന്ന് അവരും മനസിലാക്കുന്നു എന്നു സാരം. അപ്പോൾ പറഞ്ഞു വരുന്നത്, മാറ്റം അത്ര എളുപ്പമല്ല എന്നു തന്നെയാണ്.

പെണ്ണ് നാണിച്ചു നിന്നാലും മിണ്ടാതിരുന്നാലും ഉറക്കെ ചിരിക്കാതിരുന്നാലും മാത്രമേ കുടുംബത്തിൽ പിറന്ന പെണ്ണാവുള്ളൂ എന്നു പലരും ഇന്നും ധരിച്ചുവച്ചിരിക്കുന്നു. പ്രതികരിക്കുന്നവളും ചോദ്യം ചെയ്യുന്നവളും ഒക്കെ തലതെറിച്ചവരാണ് ഇന്നും പലരുടെയും കണ്ണിൽ. ബസിൽ ആരെങ്കിലും ഒന്നു തോണ്ടിയാൽ, ബഹളമുണ്ടാക്കി ആൾക്കാരെ കേൾപ്പിക്കാനൊന്നും പോകണ്ട എന്നാവും ഇന്നും പല വീട്ടിലെയും കാരണവന്മാരും തലമുതിർന്ന സ്ത്രീകളും പറയുക.

കുരങ്ങൻ പഴം തിന്ന ഒരു നാട്ടുകഥയുണ്ട്. പൂജിക്കാൻ കൊണ്ടുവന്ന പഴം കുരങ്ങൻ തട്ടിയെടുത്തപ്പോൾ ഭക്തർ മിണ്ടാതിരുന്നു. പഴത്തിന്റെ തോലുരിഞ്ഞപ്പോൾ അതും കണ്ടുകൊണ്ടിരുന്നു. പഴം വായ്ക്കകത്താക്കിയപ്പോൾ, അന്യായം സഹിക്കവയ്യാതെ അതിന്റെ കൊങ്ങയ്ക്കു പിടിച്ചു. വല്ല കാര്യവുമുണ്ടോ? അശ്ലീലം പറഞ്ഞാലും തോണ്ടിയാലും പ്രതികരിക്കേണ്ട എന്നു മക്കളോടു പറയുന്ന മാതാപിതാക്കൾ, മക്കളെ ബലാൽസംഗം ചെയ്താലും മിണ്ടാതിരിക്കുകയേ നിർവാഹമുള്ളൂ. അല്ലെങ്കിൽ തുടക്കത്തിൽ തന്നെ പ്രതികരിക്കാൻ മക്കളെ പഠിപ്പിക്കണം.

സ്ത്രീസ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള വാദങ്ങൾക്ക് എപ്പോഴും പ്രധാനതടസ്സം സ്ത്രീകളാണെന്നതാണ് ഏറെ രസകരം. തങ്ങളുടെ പ്രശ്നങ്ങൾ സ്ത്രീകൾ തലമുതിർന്ന സ്ത്രീകളോട് പറയുമ്പോൾ ഏറ്റവും കൂടുതൽ കിട്ടിയിരിക്കുന്ന മറുപടി, ഇതൊക്കെ എല്ലാ പെണ്ണുങ്ങൾക്കും ഇങ്ങനെ തന്നെയല്ലേ? എന്നായിരിക്കും. അതെ, എല്ലാ സ്ത്രീകളും അനുഭവിച്ചുവരുന്ന പ്രശ്നങ്ങൾ ഇനി ഒരു കാലത്തും പരിഹരിക്കപ്പെടരുത് എന്നു സാരം. പുതുതലമുറയിൽപ്പെട്ടവർ സ്വാതന്ത്ര്യത്തിനു വേണ്ടി വാദിക്കുമ്പോൾ അമ്മമാരും അമ്മൂമ്മമാരും (എല്ലാവരുമല്ല) പറയും; ‘ഈ അടിമത്ത

മാണ് കുട്ടി, സ്ത്രീയുടെ സൗന്ദര്യം. ഈ നാണമാണ് മോളേ നമ്മുടെ പാരമ്പര്യം' എന്നൊക്കെ. അവരെക്കൂടി മാറ്റിയെടുത്താലേ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സമരം പൂർണമാവൂ. ചില സ്ത്രീകളെ കണ്ടിട്ടില്ലേ? അവർ ഇത്തരം വാദങ്ങളോ സമരങ്ങളോ ഒന്നും ശ്രദ്ധിക്കുന്നില്ല.

അവർക്കൊന്നും പ്രശ്നമില്ലല്ലോ എന്നാവും സ്വതന്ത്രവാഞ്ഛകളായ പെൺകുട്ടികൾ വീട്ടുകാരിൽ നിന്ന് ഏറെ കേട്ടിരിക്കുന്ന ചോദ്യം.

യഥാർത്ഥത്തിൽ അവർക്ക് പ്രശ്നമില്ലാത്തതാണോ? ഓഷോയുടെ ഒരു പ്രഭാഷണമാണ് ഓർമ വരുന്നത്.

അദ്ദേഹം പറയുന്നു: "അവിവാഹിതരായ പുരുഷന്മാരാവും ആത്മഹത്യ ചെയ്യുന്നവരിൽ ഏറെയും, കാരണം, അവർ അവസാനം തിരിഞ്ഞുനോക്കുമ്പോൾ തോന്നും, ഞാൻ വിവാഹം കഴിക്കാതിരുന്നിട്ടും ജീവിതം വേണ്ട രീതിയിൽ ആസ്വദിക്കാൻ കഴിഞ്ഞില്ലല്ലോ എന്ന്. അപ്പോൾ അവർ ജീവിതം അവസാനിപ്പിക്കും. അപ്പോൾ, വിവാഹം കഴിച്ചവരോ? അവർ ആസ്വദിച്ചുവോ? ഇല്ല. അവർ ഇങ്ങനെ ഒന്നു തിരിഞ്ഞു നോക്കാൻ പോലും പറ്റാത്ത തരത്തിൽ ഓട്ടത്തിലാണ്."

ഇതു തന്നെയാണ് പ്രശ്നങ്ങളിൽ ഇടപെടാത്ത സ്ത്രീകളുടെയും കാര്യം. അവർ പ്രശ്നങ്ങളിലാണെന്ന് അറിഞ്ഞിട്ടുപോലുമില്ല. അഥവാ, പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് അന്വേഷിക്കാനുള്ള സമയം പോലും അവർക്ക് കിട്ടിയിട്ടില്ല. അവരെ ചൂണ്ടിക്കാട്ടിയാണ് പൊതുസമൂഹം വിപ്ലവകാരികളോട് പറയുന്നത്; 'നോക്ക് ആ പെണ്ണുങ്ങൾക്ക് ഒരു പ്രശ്നവുമില്ലല്ലോ' എന്ന്. അപ്പോൾ, എന്താണ് വഴി? മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ ഹനിക്കാതെ സ്വന്തം ഇഷ്ടപ്രകാരം നിങ്ങൾ ജീവിച്ചു കാണിക്കുക. അതു തന്നെയാണ് സ്വാതന്ത്ര്യസമരം. അങ്ങനെ നിങ്ങളുടെ വഴിയേ കുറേ പേർ വരട്ടെ. ഉറക്കെ ചിരിക്കുന്നതു കൊണ്ടോ ഒരു മൂളിപ്പാട്ടു പാടുന്നതു കൊണ്ടോ ഒരു പെണ്ണും കുടുംബത്തിൽ പിറന്ന പെണ്ണല്ലാതാവില്ല. ഇതൊക്കെയാണ് ആ സാക്ഷ്യപത്രത്തിന്റെ മാനദണ്ഡം എങ്കിൽ ആ സാക്ഷ്യപത്രം വേണ്ടെന്നു വയ്ക്കാൻ പെൺകുട്ടികളും ധൈര്യം കാണിക്കണം. തങ്ങളുടെ സ്വാതന്ത്ര്യത്തിലേക്കുള്ള കടന്നു കയറ്റത്തെ പ്രതിരോധിച്ചു കൊണ്ടും മിണ്ടേണ്ടിടത്ത് മിണ്ടിയും അവർ അന്തസുള്ള പെണ്ണുങ്ങളാവണം.

(ലേഖകൻ മലയാള മനോരമ സീനിയർ റിപ്പോർട്ടറും, ഡി.സി. ബുക്സ് പ്രസിദ്ധീകരിച്ച 'വിശുദ്ധ പാപങ്ങളുടെ ഇന്ത്യ' എന്ന പുസ്തകത്തിന്റെ രചയിതാവുമാണ്.)


Malankara Christian Matrimony.com

സൗജന്യമായി രജിസ്റ്റർ ചെയ്യു...

നിങ്ങൾ ഏത് ക്രിസ്തീയ വിഭാഗത്തിൽപ്പെട്ട ആളുമാകട്ടെ. നിങ്ങളുടെ ജീവിത പങ്കാളിയെ കണ്ടെത്താൻ ഇപ്പോൾ തന്നെ www.malankarachristianmatrimony.com -ൽ സൗജന്യമായി രജിസ്റ്റർ ചെയ്യു. നിങ്ങളുടെ സ്മാർട്ട് ഫോണിലൂടെയും നിങ്ങൾക്കിപ്പോൾ ഈസിയായി രജിസ്റ്റർ ചെയ്യാം.
അല്ലെങ്കിൽ ഇപ്പോൾ തന്നെ ഞങ്ങളുടെ ഓഫീസ് സന്ദർശിക്കു.


മലങ്കര ക്രിസ്ത്യൻ മാട്രിമോണി. കോം

പോപ്പുലർ മാരുതിക്ക് സമീപം,
ഇടുക്കി റോഡ്, കട്ടപ്പന

*രജിസ്റ്റർ ചെയ്യാൻ ഐഡന്റിറ്റി കാർഡ് നിർബന്ധമാണ്.*

Web: www.malankarachristianmatrimony.com | Email: info@malankarachristianmatrimony.com
Call us: 04868 250520




# സർക്കാർ സേവനങ്ങൾക്കായുള്ള ആപ്ലിക്കേഷൻസ്

ഈ ലക്കം നമ്മൾ പരിചയപ്പെടുന്നത് സർക്കാർ സേവനങ്ങൾ ലഭ്യമാകുന്ന ആപ്ലിക്കേഷനുകൾ ആണ്.

## edistrict

കേരള സർക്കാരിന്റെ സേവനങ്ങൾ ലഭ്യമാകുന്ന ആപ്ലിക്കേഷനാണിത്. ഈ ആപ്ലിക്കേഷനിലൂടെ സമർപ്പിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ ഇതിലൂടെ ലഭ്യമാണ്.

## Samagra Mgov Service (സമഗ്ര)

ലോക്കൽ ഗവൺമെന്റിന്റെ മൊബൈൽ സേവനങ്ങൾ ഇതിലൂടെ ലഭ്യമാണ്. ജനനം, മരണം, കല്യാണം എന്നിവയുടെ സർട്ടിഫിക്കേറ്റുകൾ അതിന്റെ വേരിഫിക്കേഷൻസ്, ഫയലുകൾ അന്വേഷണം, കെട്ടിടങ്ങളുടെയും സ്ഥലങ്ങളുടേയും നികുതി, കെട്ടിടനിർമ്മാണങ്ങളുടെ അപേക്ഷകളുടെ സ്ഥിതി, ഗവൺമെന്റ് ഓഡറുകൾ, 1209 ലോക്കൽ കൗൺസിലേഴ്സ് എന്നിവയുടെ കാര്യങ്ങൾ ഇതിലൂടെ അറിയുവാൻ സാധിക്കും.

## My Gov

ഈ ആപ്ലിക്കേഷനിലൂടെ ജനങ്ങൾക്ക് നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിന് സമർപ്പിക്കുവാൻ സാധിക്കുന്നു. ജനങ്ങൾക്ക് തങ്ങളുടെ നിർദ്ദേശങ്ങളിലൂടെ ഗവൺമെന്റിന്റെ ഭരണനിർവ്വഹണത്തിൽ കൂടുതൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ നല്കാൻ ഇതിലൂടെ കഴിയുന്നു.

## BHIM

കുറഞ്ഞ ദിവസത്തിനുള്ളിൽ കൂടുതൽ ആൾക്കാർ ഡൗൺലോഡ് ചെയ്ത സർക്കാർ ആപ്ലിക്കേഷനാണിത്. ഇതിലൂടെ മറ്റുള്ളവർക്ക് രൂപ അയക്കാനും നമുക്കു മറ്റുള്ളവരിൽ നിന്ന് സ്വീകരിക്കാനും സാധിക്കുന്നു. മിക്കവാറും ഇന്ത്യയിലുള്ള എല്ലാ ബാങ്കുമായും ചേർന്ന് പ്രവർത്തിക്കുന്നു. നമ്മുടെ മൊബൈൽ നമ്പർ, ആധാർ എന്നിവ വഴിയാണ് ഇതിൽ അംഗമാകുന്നത്.

## Digi Locker

നമ്മുടെ സർട്ടിഫിക്കറ്റുകളും ലൈസൻസും എല്ലാം ഓൺലൈനായി സൂക്ഷിക്കാൻ ഇതിലൂടെ സാധിക്കുന്നു. ആധാർ വഴിയാണ് ഇതിൽ അംഗത്വം എടുക്കുന്നത്.

## IRCTC

റയിൽവേയുടെ സേവനങ്ങൾ ഇതിലൂടെ ലഭ്യമാണ്. നമുക്ക് റയിൽവേ ടിക്കറ്റുകൾ ബുക്കുചെയ്യാൻ ഈ ആപ്ലിക്കേഷനിലൂടെ സാധിക്കുന്നു.


ജൂനിയർ
മോസസ്
കുട്ടികളുടെ കൂട്ടുകാരൻ
SAMEEKSHA
CATECHISM
Thiruvalla
ഇതെ സമയം നഗരത്തിൽ പ്ലാസ്റ്റിക് മനുഷ്യനും കുട്ടി സാത്താനും...
ഹയ്യട! ഹയ്യാ!! ഈ ലോകം പ്ലാസ്റ്റിക് കാരണം നശിക്കട്ടെ...
ഇല്ല കുട്ടി സാത്താൻ! അതു സംഭവിക്കില്ല!!
ദൈവത്തിൻെറ ശക്തിയാലെ...
മോസസിൻെറ ആയുധത്തിൽ നിന്നും ഒരു കിരണം പ്ലാസ്റ്റിക് മനുഷ്യനെ ലക്ഷ്യമാക്കി പുറപ്പെട്ടു...
അതു പ്ലാസ്റ്റിക് മനുഷ്യനിൽ പതിച്ചു.


പ്ലാസ്റ്റിക് മനുഷ്യൻ ചവറ്റുകുട്ടകളായി മാറി!
WASTE BIN
ഘോാാാ!!
ഹായ്... ഹായ്...
ദൈവത്തിന് സ്തുതി!
മോസസ്! നീ ഞങ്ങളെ രക്ഷിച്ചു!
USE ME



## പാവനസ്മരണയ്ക്ക്
## ഒന്നാം ചരമവാർഷികം
22-07-2017

**കെ.വി. മാത്യൂസ് (തങ്കച്ചൻ)**
കണയ്ക്കൽ
തെള്ളിയൂർ

'ഞാനാണ് പുനരുത്ഥാനവും ജീവനും
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും'
ST.JOHN.11:25

സന്തപ്തകുടുംബാംഗങ്ങൾ




ദൈവദാസൻ
മാർ ഈവാനിയോസ്
പിതാവിന്റെ
ഓർമ്മപ്പെരുന്നാളിന്
പ്രാർത്ഥനാശംസകൾ...
എം.സി.വൈ.എം.
തിരുവല്ല അതിഭദ്രാസന സമിതി
ST. THOMAS MALANKARA CATHOLIC CHURCH,
KALLISSERY
ST. PAUL'S MALANKARA
CATHOLIC CHURCH,
KUMBANAD
ST. MARY'S MALANKARA
CATHOLIC CHURCH,
KURISUMUTTOM
ST. FRANCIS XAVIER
MALANKARA
CATHOLIC CHURCH,
THELLIYOOR
ST. JOSEPH MALANKARA
CATHOLIC CHURCH,
VALAKKUZHY
SHEELA THOMAS & FAMILY
VANIYAPURACKAL,
ERAVIPEROOR
ST. VINCENT DE PAUL
MALANKARA
CATHOLIC CHURCH,
NEDUMBURAM
SAJI ABRAHAM & FAMILY
THANUVELIL,
THIRUMOOLAPURAM
BABU KALLUNKAL
& FAMILY
എം.സി.വൈ.എം.
കോട്ടയം മേഖല
ST. GEORGE MALANKARA
CATHOLIC CHURCH,
CHENGAROOR
ഹോളി സ്പിരിറ്റ് സിസ്റ്റേഴ്സ്
തുകലശ്ശേരി, തിരുവല്ല. PH: 0469 2730823



# ABBA CURTAINS

A Estd 1999

**INTERIOR FURNISHING&UPHOLSTERY WORKS**

**T.K.ROAD ERAVIPEROOR,THIRUVALLA**

**MOB:9744497064**

**Our services:**

Model Curtain Stitching&Fixing
Sofa & Setty Upholstery works,
Vertical Blinds,Venetian Blinds,
Wooden Blinds &Roller Blinds

**Our sales:**

Curtain Clothes,Furnishing Clothes,
Floor matt,Ready Made Curtains,
Carpet,Table Matt,Door Matt,
Curtain Channel,Steel Almara
Sofa Set,Furniture&Mattress


Dr. Back SUNIDRA Peps SPRING KOIL Kurl-on RUBCO MATTRESS Supreme FURNITURE Nilkamal DuroTurf Oak N' Oak from fine furniture

# ST. JOSEPH PRESS

**QUALITY** you can afford
**SERVICES** you can trust

We Provide High Quality Printing for
**DIGITAL & OFFSET PRINTING SERVICES**
To Meet All Your Printing Needs

Our Services...
Logo, Brochure, Magazines, Poster,
Notices, Calender, Menu Card,
Stickers, Letter Heads, Booklet,
Flyer, Wedding Card,
Business Card, Binding



Tel: 0469 2602936

St.John's Building, Kacheripady,Thiruvalla - 689 101
E-mail: sjtvla10@gmail.com

പ്രാർത്ഥനാശംസകൾ....



# BETHANY SISTERS
## THIRUVALLA PROVINCE
0469 2630229

Date of Publication: 28-6-2017
Price ₹ 10/-

**AIKYADEEPAM MONTHLY**
Marygiri, Tiruvalla, Kerala.
Ph: 0469-2600626. Fax: 0469-2600822

**R.N.I. 35982/80**
**July 2017**




*Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Viani Press Ernakulam. Kerala, Chief Editor : Rev. Dr. Abraham Irimbanikal*